

# അരണ കടിച്ചാൽ ഉടനെ മരണം



## ANNUAL MAGAZINE
2018-19

EMEA COLLEGE OF ARTS AND SCIENCE, KONDOTTY
MALAPPURAM DISTRICT











EMEA College of Arts and Science, Kondotty

ANNUAL MAGAZINE 2018-19

**അവാക്കി ഖസ്സം**
**അബുക്കാഹുക്കും**
**തുറക്കൂ സീസേ...**

# അരണ കടിച്ചാൽ ഉടനെ മരണം

വാർഷിക മാഗസിൻ 2018 - 19

ഇ.എം.ഇ.എ. കലാലയം

കൊണ്ടോട്ടി




SCIENCE, KONDOTTI



# അരണ
# കടിക്കുമോ ?

# ഉടനെ
# മരിക്കുമോ ?




ഇ.എം.ഇ.എ. കലാലയം
കൊണ്ടോട്ടി




| | |
|---|---|
| Chief Editor | **Dr C.P. Ayoob Keyi** |
| Staff Editor | Prof. Hussain V |
| Student Editor | Mubashir P K |
| Sub Editors | Nihala Alikkal<br>Hamid Roshin K K |
| Members | Hiba Henna<br>Munavirul Fairos CK<br>Mohammed Azeel Ali P<br>Nishana Rismi<br>Mohammed Shaz<br>Akshay T<br>Minu Murshida<br>Jobinraj<br>Suhaira<br>Sofvan Ellikkal |
| Illustration | Jobinraj<br>Akshay T<br>Shirihan |
| Special Thanks | Asif N<br>Shafaf Cholakkara<br>Shibathullah T K<br>Prof. Firoz K T |



**EMEA College of Arts and Science Kondotty, Malappuram District**

Phone: +91 483 2712030 / 2113530 / 2115020 Email: mail@emeacollege.ac.in www.emeacollege.ac.in







Dr. C.P. AYOOB KEYI |OUR PRINCIPAL|














[1] Jb. Kunhi Mohammed [PTA Vice President] [2] Prof. Mohammed Najeeb P M [Staff Council Secretary] [3] Lt. Abdul Rasheed P [Staff Club Secretary [4] Prof. Hussain V [Staff Editor] [5] K T Firoz [Union Advisor] [6] Dr. Mohammed Haneefa P [Fine Arts Director]



CHIEF EDITOR
**DR C.P. AYOOB KEYI**



STAFF EDITOR
**PROF. HUSSAIN V**

MUBASHIR P K — STUDENT EDITOR

MINU MURSHIDA — MEMBER

SOFVAN ELLIKKAL — MEMBER

JOBINRAJ — ILLUSTRATION

MUNAVIRUL FAIROS — MEMBER

NISHANA RISMI — MEMBER

MOHAMMED SHAZ — MEMBER

MOHAMMED AZEEL ALI — MEMBER



# EDITORIAL BOARD

NIHALA ALIKKAL — SUB EDITOR

AKSHAY T — ILLUSTRATION

HIBA HENNA — MEMBER

HAMID ROSHIN K K — SUB EDITOR

SHIRIHAN — MEMBER

SPECIAL THANKS



ASIF N



SHAFAF CHOLAKKARA



SHIBATHULLAH T K



## പ്രിയപ്പെട്ട മാഗസിൻ

ആശയങ്ങളുടെ ദീർഘമായ രക്തച്ചൊരിച്ചിലുകൾക്ക് ശേഷം നീ അവതരിക്കപ്പെടുകയാണ്. ചില്ലുകൂട്ടിൽ അകപ്പെട്ട സ്വർണ്ണമത്സ്യങ്ങളെ പോലെ തടവറകളിൽ ബന്ധനസ്ഥനാക്കപ്പെട്ട ആശയങ്ങളെ, വിശാലമായ ലോകതത്ത്വങ്ങളുടെ കാണാപ്പുറങ്ങളിലൂടെ വരച്ച് കാണിക്കുകയാണ് നീ.

നിരന്തരവും നിഷ്കാമവുമായ കർമ്മം കൊണ്ട് നാളെയുടെ പുലരിക്ക് നീ നിറം പകരേണ്ടതുണ്ട്. നിസ്വാർത്ഥതയും പൊതു ലക്ഷ്യത്തിനു വേണ്ടിയുള്ള ഐക്യ മനോഭാവത്തോടു കൂടിയ നിന്റെ മായികാവേഷം ജീവിത ചൈതന്യമായി രൂപാന്തരപ്പെടുത്തി കാലഘട്ടത്തിന്റ ശബ്ദമായിരിക്കണം നീ.

സ്വന്തം ഇടങ്ങൾ നഷ്ടപ്പെട്ടുപോയ , സ്വന്തം ഭാവനകൾ അസ്തമിച്ചു പോയ സമൂഹത്തിന്റെ അകം പുറങ്ങളെ ആവിഷ്കരിക്കാനും അതിലൂടെ അധഃകൃതമായിത്തീരുന്ന സംസ്കാരത്തിന്റെ ഉയർത്തെഴുന്നേൽപ്പിനെ പ്രതീകവൽക്കരിക്കാനും നിനക്ക് സാധിക്കണം.....
അതിലൂടെ നിന്റെ ആശയാദർശങ്ങൾ വർദ്ധിച്ച പ്രസക്തിയുള്ള തെളിഞ്ഞു നിൽക്കുന്ന യാഥാർത്ഥ്യങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങളെ ശക്തിമത്താക്കുകയും ചെയ്യും.

## പ്രിയപ്പെട്ട മാഗസിൻ !

തീവ്രമായ ഉത്സാഹത്തോടെ പ്രതികരണ ശേഷിയുള്ള സമൂഹത്തിന്റെ അടയാളപ്പെടുത്തലായിത്തീരാൻ നിനക്ക് സാധിക്കണം!

എന്ന്,
സ്വന്തം എഡിറ്റർ


"All Services with Smile"
S
B
ചെറുകാവ് പഞ്ചായത്ത്
സർവ്വീസ് സഹകരണ ബാങ്ക്
Ltd.No: M.285, ഐക്കരപ്പടി (P.O), Ph: 0483 2791126
E-mail: cherukavuscb@gmail.com
www.cherukavuscb.com
FIXED DEPOSIT RATES
15 TO 45 DAYS - 6 %
46 TO 90 DAYS 7 %
91 TO 179 DAYS - 7.5%
180 TO 364 DAYS - 8 %
1 YEAR 8.5 %
ഏത് ബാങ്കിൽ നിന്നും പണം സ്വീകരിക്കുന്നതിനും ഏത് ബാങ്കിലേക്ക് പണം അടക്കുന്നതിനും RTGS/NEFT/IMPS സൗകര്യം.
മുതിർന്ന പൗരന്മാർക്ക് 1/2 % നിരക്കിൽ അധിക പലിശ
WESTERN UNION
MONEY TRANSFER
sms
എല്ലാ ഇടപാടുകൾക്കും SMS അലേർട്ട്.
വിവിധതരം നിക്ഷേപ പദ്ധതികൾ
സ്ഥിര നിക്ഷേപം (FD)
സേവിംങ്ങ്സ് അക്കൗണ്ട്
റിക്കറിംഗ് ഡെപ്പോസിറ്റ് (RD)
കറണ്ട് അക്കൗണ്ട് (Current Account)
DAILY DEPOSIT
വിദ്യാനിധി സേവിംഗ്സ്
Google play store ൽ നിന്ന്
Cherukavuscbfriende
ഡൗൺലോഡ് ചെയ്യൂ.
R.T.G.S. NEFT, Fund Transfer, Western Union D.D. Facility, Safe Deposit Locker
MOBILE PASSBOOK
"All Services with Smile"


KSCB
KIZHISSERI
Since 1964
KSC BANK
കുഴിമണ്ണ സർവ്വീസ് കോ–ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
REG: NO: D. 1899 HO: തവനൂർ റോഡ് കിഴിശ്ശേരി, കുഴിമണ്ണ പി.ഒ., മലപ്പുറം ജില്ല, പിൻ. 673641
0483 2756 104, 2757 104 , kuzhimannascb@gmail.com കടുങ്ങല്ലൂർ ബ്രാഞ്ച് 0483 2754 104
HI-TECH BANKING FACILITIES AVAILABLE

അരണ വിഷം പെരിയ വിഷം
എന്നത് കേട്ടുകേൾവി

മാരക വിഷവും പേറി
ജനന മരണങ്ങൾ
അതിനിടയിൽ
കടിക്കാൻ മറന്ന പലതും...

പോയിഞാൻ വേഗമിൽ
അടുത്തൊരാ നേരമിൽ
മറന്നുഞാൻ പാതിയിൽ
എന്തിനീ ഭൂമിയിൽ
എന്നിന്നുഞാൻ ആധിയിൽ





യാഥാർഥ്യത്തിനും
തിരിച്ചറിവിനുമിടയിലെ
സങ്കർഷബോധങ്ങളുടെ
സൂചകമാണ്

# അരണ

പ്രതിരോധത്തിന്റെ തീപ്പന്തവുമേന്തി
ഒരുപറ്റം മനുഷ്യക്കൂട്ടങ്ങൾ

## ഹാ...

### കെട്ടടങ്ങും മുമ്പുള്ള ആളിക്കത്തൽ

കടിക്കാതെ പോകുന്നിതാ
**അരണകൾ....**




64 INTERVIEW
സത്യം ജയിക്കും..
എപ്പോഴെങ്കിലും,
**സത്യത്തിന് മാത്രമേ ശാശ്വത വിജയം ലഭിക്കൂ..**

22 ADORABLE VIOLENT COMEDY

57 SUDAXIT

62 THE LAST GIRL

| | |
|---|---|
| തറവാടി | 17 |
| ഉൾക്കാഴ്ച്ച | 18 |
| ആത്മാവിന്റെ രോധനം | 19 |
| എന്നെ തിരയുന്നവരോട് | 20 |
| പാവനശിഷ്ടങ്ങൾ | 21 |
| പ്രിയ സമൂഹമേ... | 24 |
| കാഞ്ഞിരവള്ളിയും കുട്ടിക്കാലവും | 25 |
| ഡോക്ടറേ രക്ഷിക്കണം | 26 |
| ചോരപ്പാടിന്റെ നിറം | 27 |
| കളവ് | 31 |
| മൗനം | 32 |
| തിരുത്തെഴുത്ത് | 33 |
| ഭരണാധിപൻ | 36 |
| ഇതെന്ത് ജനാധിപത്യം! | 37 |
| മാതൃക | 39 |
| എരിതീയിൽ ചേളാരി | 40 |
| കുടിയേറ്റം | 49 |
| അകലങ്ങളിലെ ഇന്ത്യ | 52 |

30 THE VANQUISHED

87 പണക്കിലുക്കത്തിന്റെ വിദ്യാഭ്യാസം

89 ലക്ഷ്യബോധം മറന്ന് റാഗിങ്ങ്...

28 അന്യം നിന്ന് പോകുന്ന മനുഷ്യത്വം

45 വർഗീയതക്കെതിരെ നിതാന്ത ജാഗ്രതയും ഐക്യബോധവും വളരണം

44 രംഗം ഒന്ന് കൂട്ടാത്മഹത്യ..

50 മതി അഴിമതി

| | |
|---|---|
| ഭൂരിപക്ഷം കൂറുമാറുമ്പോൾ | 53 |
| ചുവരെഴുത്തുകൾ കൃത്യമാണ് വേണ്ടത് പ്രബുദ്ധവായനകളാണ് | 55 |
| ഞാനും ഫ്രീക്കനാ | 72 |
| നീയാണ് ഞാനും | 73 |
| സിഗ്നൽമരം | 76 |
| മാനവരാശി | 77 |
| സംഭവം വൈറലാണ് ! | 78 |
| ടോൾമുക്ക് | 80 |
| മാറുന്ന കാലവും മാറേണ്ട ചിന്തകളും | 84 |
| നീ | 86 |
| ട്രാൻസ്ജെൻഡർ | 94 |
| ചരിത്രത്തിലേക്കൊരു കാൽവെപ്പ് | 95 |
| കാതലാണിവർ കാടിന്റെ മക്കൾ | 97 |
| വേശ്യ | 101 |
| സ്ത്രീ വിചാരം | 102 |
| യാത്രയെ പ്രണയിച്ച പെൺകുട്ടി | 103 |
| മനസ്സാക്ഷിയിലേക്കൊരു ചാട്ടുളി | 105 |
| പിന്നാമ്പുറം | 109 |
| കത്തിയമരുന്ന സ്ത്രീത്വം | 110 |
| ഞങ്ങൾ ചേരിയിലെ മക്കൾ | 111 |
| നാല് കണ്ണുകൾ | 113 |
| കോഴിക്കോട്ടുകാരി വിജി ലോകത്തെ സ്വാധീനിച്ച വനിത | 117 |
| രക്ത വേലി | 118 |
| യാത്രകൾക്കപ്പുറം | 119 |

58 മതവും മുത്ത്വലാഖും




design: dedesign, calicut

# അരണലോകത്തേക്ക് അരമണിക്കൂർ








ആരാണ് ലോകത്തിന് വെളിച്ചമെത്തിക്കുക?
മുമ്പ് ത്യാഗം കുറവായിരുന്നു, അത്ഭുതമെന്ന് പറയട്ടെ;
വരാനിരിക്കുന്ന കാലത്തും അതുതന്നെയാണ് സ്ഥിതി.
എല്ലാവരുടെയും ക്ഷേമത്തിനും
ധാരാളം പേരുടെ നന്മക്കുമായി
ഭൂമിയിലെ മികവും ധൈര്യവുമുള്ളവർ
സ്വയം ത്യാഗം വരിക്കേണ്ടതാകുന്നു.

- സ്വാമി വിവേകാനന്ദൻ



# തറവാടി

അറിവിനെ അറിവിനാൽ
അറിവോടെ അറക്കുന്ന ലോകമേ
നീയാണിന്നെൻ തറവാട്

**ഹനീൻ അബൂബക്കർ**
ബി.എ. ഇംഗ്ലീഷ്, രണ്ടാം വർഷം

# ഉൾക്കാഴ്ച

കണ്ടുമുട്ടിയതിലേറ്റവും കോമാളി
നീയായിരുന്നു.....
ഒന്നുമറിയാഞ്ഞിട്ടുമെല്ലാമറിയുന്നപോൽ
ഉള്ളിടം നീറി ചിരിച്ചകലാൻ
നിനക്കാകുന്നത്ര മറ്റാർക്കു സാധിക്കും?

ചുറ്റുപാടുകൾ നിനക്കു സമ്മാനിച്ചതോ നീയെന്ന സത്യത്തെ
മറച്ചുപിടിക്കാനുള്ള കഴിവും പ്രാപ്തിയും.....!
മുഖംമൂടി വലിച്ചെറിഞ്ഞുറക്കെ കരയാൻപോലും ആവതില്ലാ-
താക്കിയിരിക്കുന്നു,
ക്രൂശിക്കപ്പെട്ടവരെയും വെട്ടിനുറുക്കപ്പെട്ടവരെയും കാണാ
തായവരെയും പീഡിപ്പിക്കപ്പെട്ടവരെയും നീ മറന്നുതുടങ്ങിയിരി
ക്കുന്നു,
കാരണം അവർക്കുപകരം മറ്റു പ്രതിഷ്ഠകൾ ഉണ്ടായിക്കൊണ്ടി
രിക്കുന്നു !!!
പട്ടാള ഘാതകരും ഗോഡ്സെയും ദൈവമായി മാറുമ്പോൾ നീയോ
കൊലപാതകിയായിത്തീരുന്നു,
സ്വന്തം അമ്മയെ, സഹോദരിയെ, ഭാര്യയെ കഴുത്തറുത്തു
കൊന്ന നീചൻ............
സംശയിക്കേണ്ട ! ,
ആ നീചൻ കറുത്തുപോയ 'മനസ്സാക്ഷി' തന്നെയാണ്...!
എന്റെയും നിന്റെയും !!!!



**സുഫൈന മാവുങ്ങൽ**
ബി.എസ് സി. ബയോടെക്നോളജി, ഒന്നാം വർഷം

# ആത്മാവിന്റെ രോദനം

ഇന്നലെകളുടെ പാദുകമണിഞ്ഞത് നരയ്ക്കാത്ത ഓർമ്മകളും  വിറയ്ക്കുന്ന രോധനവും മാത്രമായിരുന്നു എനിക്കു സമ്മാനിച്ചത്. ദാരിദ്ര്യത്തെയും ഇല്ലായ്മയെയും അതിജീവിക്കാൻ പഠിച്ചു കൊണ്ടിരിക്കുകയായിരുന്നു ഞാൻ. അപ്പോഴായിരുന്നു ആ ചെകുത്താന്റെ വരവ്. എന്റെ ജീവിതത്തെ അപാർഥമാക്കപെടുകയായിരുന്നു. അവാച്യമായ ദിനങ്ങളായിരുന്നു എനിക്കവൻ നൽകിയത്. മണ്ണിനടിയിൽ ആണെങ്കിൽപ്പോലുംപ്രഹേളികപോലെഞാനൊന്നും മറന്നിട്ടില്ല. എന്റെ മരണത്തിന്റെ രോധനത്തിൽ നീതിക്ക് വേണ്ടി, അമ്മയും ബന്ധുക്കളും കൂട്ടുകാരും നാട്ടുകാരും കരഞ്ഞു. ജീവിതത്തെ ചൈതന്യമേറിയതാക്കാൻ വേണ്ടി പാടുപെടുകയായിരുന്നു. പക്ഷേ, ആരും കണ്ടില്ല. ആളില്ലാത്ത സ്ഥലത്ത്ചെറ്റപ്പുരവെച്ചപ്പോൾഎല്ലാവരും കരുതിക്കാണും ഏകാന്തതയെ ഇഷ്ടപ്പെട്ടത് കൊണ്ടാണെന്ന്, വകയില്ലാത്തത് കൊണ്ടാവാം എന്ന മറുചിന്ത ആരിലും ഉണർന്നില്ല. ജീവൻ നിലച്ചപ്പോൾ കൊട്ടാരവും പണിതു...

സമൂഹത്തിന്റെ വ്യതിയാനം മനുഷ്യമനസ്സുകളിലും പരിവർത്തനം സൃഷ്ടിച്ചു. പക്ഷേ, ക്രൂരതകളുടെ പരിവർത്തനമായിരുന്നു. എന്റെ ജീവന്റെ അംശം ഭൂമിയിൽ അവശേഷിച്ചിരുന്നുവെങ്കിൽ അവനെ വെറുതെ വിടില്ലായിരുന്നു. നൈമിഷികമെന്നോണം ഒന്നും മായ്ച്ചു കളയാൻ കഴിയില്ല. എന്റെ ദേഹത്തെ കീറിമുറിച്ച് നോവിപ്പിച്ചിട്ടും അവന് തൃപ്തിയായില്ല. രൂക്ഷ ഗന്ധമുള്ള എന്തോ തരത്തിലുള്ള ദ്രാവകവും എന്നെക്കൊണ്ട് കുടിപ്പിച്ചു. ധിഷണയുടെ വെള്ളിവെളിച്ചത്തിൽ ജീവിതം നയിക്കുന്ന എനിക്ക് അവൻ നൽകിയത് മദ്യമാണോ വിഷമാണോ എന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ല. എന്നെ പോലൊത്ത, ലോകമറിയാത്ത എത്ര പെൺജീവിതങ്ങൾ അവൻ ഇതുപോലെ നശിപ്പിച്ചിട്ടുണ്ടാവും. ഹൊ... ഓർക്കാൻ വയ്യ. അവനൊക്കെ മനുഷ്യനാണോ...?!

**കാലത്തിന്റെ ചക്രവാളത്തിൽ അറിവിന്റെ നിധാനം തേടി ആരും ശല്യത്തെ കുറിച്ചൊ എന്റെ ഇല്ലായ്മയെ കുറിച്ചൊ എന്റെ കൊച്ചു കുടലിനെ കുറിച്ചോ ചിന്തിച്ചില്ല.**

കാലത്തിന്റെ ചക്രവാളത്തിൽ അറിവിന്റെ നിധാനം തേടി ആരും എന്റെ ശല്യത്തെ കുറിച്ചൊ എന്റെ ഇല്ലായ്മയെ കുറിച്ചൊ എന്റെ കൊച്ചു കുടിലിനെ കുറിച്ചോ ചിന്തിച്ചില്ല. അങ്ങനെ ചിന്തിച്ചിരുന്നെങ്കിൽ, കെട്ടുറപ്പുള്ള വീട് പണിതു തന്നിരുന്നെങ്കിൽ, എനിക്കീ വിധിയുണ്ടാവില്ലായിരുന്നു. എങ്കിലും ഞാനിന്ന് സ്വർഗ്ഗ മാലാഖമാർക്കിടയിൽ പാറിപ്പറക്കുകയാണ്.

ഹ...ഹ...ഹ...

**സൽമ എ.**
ബി.എ. ഇംഗ്ലീഷ് , ഒന്നാം വർഷം



# എന്നെ തിരയുന്നവരോട്

പറയാൻ ഒരായിരം കഥകളുണ്ട്
ഉമ്മുമ്മ പറഞ്ഞ് തന്നത്..
കാലം പഠിപ്പിച്ചത്..
ബോട്ടിലെ യാത്ര സമ്മാനിച്ചത്..

ഇരുട്ട് മൂടുമ്പോഴും
മഴ തിമിർത്താടുമ്പോഴും
കടൽ പിണങ്ങുമ്പോഴും
ഉമ്മയുടെ താരാട്ട് കരുതലോടെ മൂടിയിരുന്നു

പക്ഷേ..
എന്റെ കഥകൾ പറയാതെ
ഒരു കരയും ചുംബിക്കാതെ
ഐലൻ കുർദി യെ പോലെ,
നിങ്ങളുടെ ഓർമയിലെ കണ്ണീരാവാതെ
ഞാൻ അപ്രത്യക്ഷനായി..

കടലോരങ്ങളിൽ
തിരയൊഴിഞ്ഞ നേരം
അടഞ്ഞ ചിപ്പികളിൽ
നിങ്ങളെന്നെ തിരയരുത്
എന്റെ കഥകൾക്ക്
കാതോർക്കുകയുമരുത്..

തിര വരുമ്പോൾ
മുങ്ങാംകുഴിയിടൂ..
എന്നെ
വിശ്വസിക്കൂ..

ഒളിച്ചിരിക്കുന്ന ചിപ്പികൾ
തുറക്കുന്നത് കാണാം
ഇമവെട്ടാതെ നോക്കൂ
ഞാനവയിൽ ഒന്നിലുണ്ട്
ഇനി കാതുകൾ കൂർപ്പിച്ചോളൂ
എന്റെ കഥകൾ കേൾക്കാം..

**എൻ കെ സഹീറ ബാനു**
അസിസ്റ്റന്റ് പ്രൊഫെസ്സർ , ബയോ കെമിസ്ട്രി വിഭാഗം



# പാവനശിഷ്ടങ്ങൾ

കഴുകി വെളുപ്പിച്ച
ഒരു കോപ്പ
ഇല്ല,
വിഷം പകർന്നതിൻ
തെളിവേതും
വാക്കുറഞ്ഞുപോയ
തൊണ്ടകളിൽ
ഒരിറക്കിൻ സ്വതന്ത്രമാകാനിതാ
ഒരു വിലാപം
കൈപ്പിടിയിലമരും
കറുത്ത, ചളി കെട്ടിയ
വിരലുകൾ
കോപ്പക്കും ചുണ്ടിനും
നടുവിൽ
സങ്കീർത്തനങ്ങളുയരും മുമ്പേ
കറുത്ത പിയാനോയിൽ
നിന്നൊരു പൊടിയണിഞ്ഞ കാറ്റ്
കുതറിയോടി.

**ഫാരിസ. എ**
ബി.എസ്‌സി. ബയോ കെമിസ്ട്രി , മൂന്നാം വർഷം



"People forget at the time that 'The Simpsons' started out, it was controversial - the fact that they said 'hell' and 'damn' in a cartoon was a lot. America was in an uproar"
**- Eric Andre**

# ADORABLE VIOLENT COMEDY

As the famous US actor Eric Andre's quote gives a hint that people in the current scenario do not uproar against it. Now what has happened? The Simpsons is a cartoon series released in the U.S.A and it's the most watched series there.

All of a sudden people changed and now it's indeed a favourite cartoon for the people in the Country. The children and even adults enjoy its funny comedies without a second thought.

**ഫൈറൂസ്**
ബി.എസ്.സി ബയോടെക്നോളജി, രണ്ടാം വർഷം

> What is the morality here? In the movie there is even a competition tobe ranked as the top criminal in the world!

Cartoons in fact, are a source of entertainment for the children and also in some occasion for the adults. And most of today's younger generation spend time watching cartoons or animated movies from the big fishes like Disney, Warner Bros etc.

So what's so serious about these cartoons.?

People insist their children to sit in front of a rectangular box and watch all of those funny things that makes their kids laugh and go crazy. And in fact most parents believe that this cartoons are a good source for moral values. Well it's not deniable.

But there is another question! all those top rated cartoons are pure or is it sure it's not a brainwashing tool?

Well it's funny for the children playing games and getting reward for killing. Yes killing human beings in a virtual world. What is the morality here and how does it helps the children?

From a very young age today's younger generation starts to watch cartoons which contain a lot of violence and even sex and thus sexualizing small children. There is a massive propaganda. All those big animation companies like Disney Warner bros have managed to brainwash millions of people. How do they brainwash? The answer is on the go.

Most of the cartoon channels do contain ads, much of it couched as 'hot and sexy'. Even innocent sports video games open play out against a backdrop of sexually suggestive cheerleaders. It mostly affects the teen girls. Sexualisation has gone on for decades largely unnoticed, and parents without any idea do things in favour of the kids.

Let's go through one example, one of the third highest grossing animated film of all time, the movie named 'Minions' released in the year 2015, And All over the world the kids are in much love with the characters of the film.

Let's start from the title itself 'Minions' meaning followers or slaves of a powerful person. Now you might be asking what's the matter with the title. ?

Throughout the movie, the yellow small one eyed creepy characters are on their journey in search of a master who they wish to serve. And the master they are searching for is a person with the highest level of crime great villain.

The creators of the movie look succeeded making the violence and theft in the movie look very funny that the people laugh at the violence without noticing that it is a crime. So people does not think about it, they are laughing in favour of those crimes in the movie.

What is the morality here? In the movie there is even a competition to be ranked as the top criminal in the world! Well people might be thinking it's just a cartoon!

It is just a cartoon but it's a great tool to brainwash many young children. An animated movie with explicit violence, denies the moral values of all religion.

It's more funny that people could not notice what was written on the promotion poster of this movie which state "when the world needed a hero, they called a villain."

Children have lost their true moral values; today younger generation less hear about the ancient stories and moral stories from their grandparents. Instead, they are busy playing games and killing thus becoming addict to a piece of box. Most of the youngsters today feels a sexual attention to the opposite sex at a very young age of 12 or 13. If this goes on then this so called special species 'humans' shall lose their moral values and there will be no difference between animals and humans!.

This is just an example, there are a lot of animated series out there with the same message to brainwash the kids and let them waste time killing humans and watching filthy scenes, keeping them down or not letting them know the reality and thus to spread hatred in their minds.

# പ്രിയ സമൂഹമേ...

ഞാൻ ഒരു എട്ടുവയസ്സുകാരി. കുറച്ച് നാളുകൾക്ക് മുമ്പു വരെ നിങ്ങളുടെ നാവുകളിൽ അലയടിച്ചിരുന്ന വെറും മൂന്ന് അക്ഷരമായിരുന്നു ഞാൻ. ഒരു കൂട്ടം കാമഭ്രാന്തന്മാർക്കിടയിൽ നിന്ന് പൊലിഞ്ഞുപോയ ഒരു ജന്മം. എനിക്ക് ഒരുപാട് ആഗ്രഹങ്ങൾ ഉണ്ടായിരുന്നു. പക്ഷേ, അതൊന്നും സഫലീകരിക്കാൻ കഴിയാതെ എനിക്കിവിടം വിട്ടു പോകേണ്ടിവന്നു. അല്ല, എന്നെ ഇവിടെ നിന്നും പോവാൻ നിർബന്ധിതമാക്കി എന്ന് പറയുന്നതാവും ഉത്തമം. എന്റെ ലോകം അത് സ്നേഹവും വാത്സല്യവും നിറഞ്ഞ എന്റെ ഉമ്മയാണ്. ആ ലോകത്ത് ആനന്ദിച്ച് കഴിയാൻ കുറച്ച് നാളുകൾ മാത്രം ഭാഗ്യം കിട്ടിയവളാണ് ഞാൻ.

ഇത് ഞാൻ മനസ്സിലാക്കുന്നു; എന്തെന്നാൽ എത്രത്തോളം സുരക്ഷിതമാണ് ആ ലോകം . 'മാതൃത്വം' ഏതൊരു അവസ്ഥയിലും നമ്മെ കൈവിടാതെ നെഞ്ചോട് ചേർത്ത് പിടിച്ചു നിർത്തും. ഈ ലോകത്ത് ഏറ്റവും മനോഹരമായതും മുറിച്ചുകളയാനാവാത്തതുമായ ബന്ധം, അത് മാത്രമാണ്. 'നഷ്ടപ്പെടുമ്പോഴേ അതിന്റെ വേദന അറിയൂ', എന്ന് പറയുന്നത് വെറുതെയല്ല. അതിന് ഒരുപാട് അർത്ഥ തലങ്ങളുണ്ട്. എന്റെ ഉമ്മക്ക് എന്നിൽ ഒരുപാട് പ്രതീക്ഷകൾ ഉണ്ടായിരുന്നു. അതെല്ലാം ഒരു നിമിഷം കൊണ്ട് തല്ലിയുടച്ചു. അന്ന്, ആ ദിവസം എന്റെ ജീവൻ പൊലിഞ്ഞിരുന്നു. അതോടൊപ്പം ഇല്ലാതായത് ഒരു കൂട്ടം ജനങ്ങളുടെ വിശ്വാസം കൂടിയായിരുന്നു. ഒരുപാട് ദൈവങ്ങളാൽ സമ്പന്നമായ നമ്മുടെ ഇന്ത്യയിലും ക്രൂരത സംഭവിച്ചു. പവിത്രമായ ആ ക്ഷേത്രത്തിലെ ദേവനും, ഞാൻ വിശ്വസിക്കുന്ന എന്റെ പടച്ചോനും എന്നോട് കരുണ തോന്നിയില്ല.

വർണ്ണശബളമായ ഈ ലോകത്ത് പാറിപ്പറക്കുന്ന ശലഭങ്ങളിൽ ഒന്നായിരുന്ന എന്റെ ബാല്യത്തെ കേവലം കാമമെന്ന ഭ്രാന്തു കൊണ്ട് തച്ചുടക്കപ്പെട്ടു. 'സ്ത്രീ' അവൾ അമ്മയാണ്, ഭാര്യയാണ്, സഹോദരിയാണ്, എന്നത് കേവലം ഭംഗി വാക്കുകളിൽ മാത്രം ഒതുക്കാതെ പ്രാവർത്തികമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കാമഭ്രാന്തന്മാർ വാഴുന്ന ഈ ലോകത്ത് എന്നെപ്പോലെ നിരവധി ശലഭങ്ങൾ പാറിപ്പറക്കുന്നുണ്ടെന്ന് മറക്കാതെ, അവരുടെ സ്വപ്നങ്ങൾ തകർക്കാതെ, 'സ്വാതന്ത്ര്യം' എന്നത് താളുകളിൽ മാത്രം ഒതുക്കാതെ അത് അനുഭവിക്കാനുള്ള അവകാശം ഓരോ പെൺകുട്ടികൾക്കും നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇതുതന്നെയാണ് ഇന്ത്യയിലെ ഓരോ പെൺകുട്ടിക്കും പറയാനുള്ളത്.

എന്ന് നിങ്ങളുടെ സ്വന്തം...

**വർണ്ണശബളമായ ഈ ലോകത്ത് പാറിപ്പറക്കുന്ന ശലഭങ്ങളിൽ ഒന്നായിരുന്ന എന്റെ ബാല്യത്തെ കേവലം കാമമെന്ന ഭ്രാന്തു കൊണ്ട് തച്ചുടക്കപ്പെട്ടു**



**ശ്രുതിചന്ദ്ര**
ബി.എ. വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, ഒന്നാം വർഷം



# കാഞ്ഞിരവള്ളിയും കുട്ടിക്കാലവും

കാഞ്ഞിരവള്ളി പരിചയമില്ലാത്തവർ കുറവായിരിക്കാം. ഈ വള്ളി പലരുടെയും കുട്ടിക്കാലവുമായി നല്ല ബന്ധമുണ്ടാകും. കാരണം ഇന്നത്തെപ്പോലെ ചുറ്റുമതിലില്ലാത്ത കാലത്ത്, എല്ലാവരുടെ പറമ്പിലൂടെയും ഓടിനടന്നവർക്കറിയാം എന്തായിരുന്നു കാഞ്ഞിരവള്ളിയുടെ പ്രാധാന്യം എന്ന്. ജാതി മത ഭേദമന്യേ എല്ലാവരും ഈ വള്ളിക്കകത്തായിരുന്നു ഇളം ബാല്യം ചിലവഴിച്ചിരുന്നത്. വള്ളികൾ കൂട്ടിക്കെട്ടി അതിന്റെ രണ്ടറ്റവും തമ്മിൽ ബന്ധിപ്പിച്ച് ഒരു കളി തീവണ്ടി നിർമ്മിച്ച് അതിൽ യാത്ര ചെയ്തിരുന്ന നമ്മുടെയൊക്കെ കുട്ടിക്കാലം. ഞാൻ ആദ്യമായി നടത്തിയ ട്രെയിൻ യാത്ര അതായിരുന്നു. ട്രെയിൻ എന്നത് എല്ലാവരുടെയും മനസ്സിലായിരുന്നു എന്ന് മാത്രം. ഒരേ ഒരു മനസ്സ് മാത്രം നമ്മളെല്ലാവരും ഇപ്പോൾ ട്രെയിനിലാണ്.

ചങ്കുറപ്പുള്ള ഒരുത്തൻ ട്രെയിനിന്റെ വളയവും പിടിക്കും, അതും കാഞ്ഞിര വള്ളിക്കൊണ്ട്. അന്ന് എന്നെപ്പോലുള്ളവർക്ക് ട്രെയിനിനും വളയമാണെന്നായിരുന്നു ധാരണ, എങ്ങനെ ഉണ്ടാവാതിരിക്കും യഥാർത്ഥ ട്രെയിൻ നേരിട്ടൊരിക്കൽപ്പോലും കണ്ടിട്ടില്ലല്ലോ. പറഞ്ഞ് വന്നത് നമ്മുടെ അയൽവാസി കുട്ടികളൊക്കെ അന്ന് ഒരേ വണ്ടിയിലായിരുന്നു യാത്ര ചെയ്തിരുന്നത്.ഇന്ന് കാലം മാറി ചുറ്റുമതിൽ ആ ബന്ധങ്ങളെ അകറ്റി ഓരോരുത്തർക്കും ഓരോ കളിവണ്ടിയായി മാറി. ഒരു പക്ഷേ ഒറ്റ നോട്ടത്തിൽ വണ്ടി കണ്ടന്ന് വരില്ല സൂക്ഷിച്ച് നോക്കിയാൽ കയ്യിലുള്ള യന്ത്രത്തിൽ കാണാം. അതിലെ ഡ്രൈവറും യാത്രക്കാരനും എല്ലാം ഒരാളായി മാറി. കഴിഞ്ഞുപ്പോയ നമ്മുടെയൊക്കെ ബാല്യം നമ്മുടെ പുതു തലമുറക്ക് വേണ്ടി തിരിച്ച് കൊണ്ടു വരാൻ ശ്രമിച്ചാലും നടക്കുമോ എന്ന ചോദ്യം മാത്രം ബാക്കി.

ചങ്കുറപ്പുള്ള ഒരുത്തൻ ട്രെയിനിന്റെ വളയവും പിടിക്കും, അതും കാഞ്ഞിര വള്ളിക്കൊണ്ട്. അന്ന് എന്നെ പ്പോലുള്ളവർക്ക് ട്രെയിനിനും വളയമാണന്നായിരുന്നു ധാരണ എങ്ങനെ ഉണ്ടാവാതിരിക്കും യഥാർത്ഥ ട്രെയിൻ നേരിട്ടൊന്ന് പ്പോലും കണ്ടിട്ടില്ലല്ലോ.

**ജുവൈദ് ഖാൻ**
ബി. കോം സി. എ., രണ്ടാം വർഷം



# ഡോക്ടറേ രക്ഷിക്കണം

ഇന്നാണെന്റെ ഔദ്യോഗിക മരണം.
ഒരിക്കലും തിരിച്ചു വരില്ല എന്നറി
ഞ്ഞിട്ടും ചികിത്സിച്ച മക്കൾക്ക് നന്ദി.
ഈ സ്നേഹം മുമ്പേ കാണിച്ചെങ്കിൽ!
എനിക്ക് ഇങ്ങനെ സംഭവിക്കില്ലായിരുന്നു.
അവർക്ക് നേരം ഇല്ലായിരുന്നല്ലോ, ഒന്നിനും
ഡോക്ടർ , ഈ വാക്കിന് എനിക്കിപ്പോൾ
ഒരുതരം പുച്ഛമാണ്
മരിച്ചിട്ടും അവരെനിക്ക് ജീവൻ
നൽകി. ചലനമില്ലാത്ത ജീവൻ –
അവർക്ക് ഞാനൊരു പരീക്ഷണ
വസ്തുവാണ്
ആരുടെയോ പരീക്ഷണഫലങ്ങൾ
പരിശോധിക്കാനുള്ള വെറും വസ്തു
ഇതുപോലെ എത്രയെത്ര ജീവനുകൾ
വേദന അറിയാത്ത പിശാചുക്കളാണവർ
വരും, ഈ കുത്തിനോവിച്ചവർക്കും ഒരുനാൾ
അന്ന് ,അവരും കേഴും ഒരു
ജീവനുവേണ്ടി

**റിഫ്ജിഷ തസ്നീം കെ.**
ബി.എസ് സി. കമ്പ്യൂട്ടർ സയൻസ്, ഒന്നാം വർഷം

# ചോരപ്പാടിന്റെ നിറം

നീ,
ഛായക്കൂടുകൾക്കും
നിറച്ചാർത്തുകൾക്കുമപ്പുറം,
വർണങ്ങളില്ലാത്ത, ഒരു
സ്വപ്ന ലോകത്തിന്റെ ഓർമ്മ പോലെ...
മനസ്സിന്റെ നൈർമല്യ
ഭാവങ്ങളിലെവിടെയോ,
ഒരു മഴക്കപ്പുറം മാഞ്ഞുപോയ
തെളിവാർന്ന രൂപം...
കാലത്തിന്റെ കൈ വിരുതുകളിൽ,
ഓർമ്മകൾ മങ്ങിത്തുടങ്ങുമ്പോഴും
വലിച്ചു കീറിക്കളയാനാവാത്തൊരു ചിത്രം !
ദൈവമൊരു കൽപ്രതിമയിലേ
ക്കൊതുങ്ങി മാറിനിന്നപ്പോൾ,
ചിന്തിയ ചോരപ്പാടിന്റെ നിറം !
തിന്മയുടെ ശൃംഖങ്ങളിൽ,
വിധി ചതച്ചരച്ച, കനിവിന്റെ നിറം...
ഭാവിയുടെ ഭാവനകളിലേക്ക്,
ഒരുറച്ച പാഠം !

**സ്വാതി പി.**
എം.എസ്.സി. മൈക്രോ ബയോളജി, രണ്ടാം വർഷം




ബൈക്കിൽ യാത്ര ചെയ്യുകയായിരുന്ന 22 കാരനായ സജീഷ് എന്ന യുവാവ് ലോറി ഇടിച്ച് ഗുരുതരമായി പരിക്കേറ്റ് റോഡിൽ കിടക്കുന്നു. ശരീരത്തിൽ നിന്ന് ചോര വാർന്നു കൊണ്ടിരിക്കുന്ന അദ്ദേഹത്തെ ആശുപത്രിയിൽ എത്തിക്കുന്നതിന് ബൈക്കിലെ സഹയാത്രികനായിരുന്ന രഞ്ജിത്ത്. അതുവഴി കടന്നുപോയ വാഹനങ്ങൾക്കുനേരെ കൈനീട്ടി. രഞ്ജിത്ത് കരഞ്ഞ് കേണപേക്ഷിച്ചിട്ടും ഒരൊറ്റ വാഹനക്കാരും മരണത്തോട് മല്ലടിക്കുന്ന സജീഷിനെ ആശുപത്രിയിലെത്തിക്കാൻ തയ്യാറായില്ല. അരമണിക്കൂർ അതേ നിലയിൽ റോഡിൽ കിടന്ന് രക്തം പൂർണമായും വാർന്നു അവിടെ കിടന്നു മരിച്ചു.

സംസ്കാര സമ്പന്നമാണ് എന്ന് നാം ഊറ്റംകൊള്ളുന്ന കേരളത്തിലാണ് സംഭവം. ചിറ്റിലഞ്ചേരിസംസ്ഥാനപാതയിൽകടംപിടി പള്ളി ജംഗ്ഷനുസമീപം കാലത്ത് പതിനൊന്ന് മണിക്കാണ് അപകടം നടന്നത്. ലോറി ഇടിച്ചു തെറിച്ചു വീണ സതീഷിന്റെ ദേഹത്തു കൂടെ അതേ ലോറിയുടെ പിൻചക്രം കയറിയിറങ്ങിയാണ് പരിക്കേറ്റത്. തക്കസമയത്ത് ആശുപത്രിയിലെത്തിച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ ആ യുവാവ് രക്ഷപ്പെടുമായിരുന്നു.

ജയ്പൂരിൽ കഴിഞ്ഞവർഷം സമാനമായ ഒരു സംഭവമുണ്ടായി. ഒരു കുടുംബം സഞ്ചരിച്ചിരുന്ന ബൈക്ക് ട്രക്കുമായി കൂട്ടിയിടിച്ച് ബൈക്കിൽ ഉണ്ടായിരുന്ന സ്ത്രീയും മകളും ചതഞ്ഞരഞ്ഞു. കാര്യമായ പരിക്കില്ലാതെ രക്ഷപ്പെട്ട കുടുംബനാഥനും നാലു

**എനിക്കല്ലല്ലോ അവനല്ലേ പ്രശ്നം ഞാൻ എന്തിന് ഇടപെടണം എന്ന ഭാവത്തിൽ സ്വാർത്ഥൻ ആകുന്നത് അപകടകരമാണ്. അപായം ആർക്കും എപ്പോഴും സംഭവിക്കാം.**

**നാജിയ കെ**
ബി.എ. ഇക്കണോമിക്സ്, മൂന്നാം വർഷം

**നമ്മുടെ സാമൂഹിക ബോധവും മനുഷ്യത്വവും അന്യംനിന്നുപോയോ.? ദയ, സഹാനുഭൂതി, സഹജീവിസ്നേഹം, സഹകരണമനോഭാവം, ആർദ്രത തുടങ്ങിയ മാനുഷിക വികാരങ്ങൾക്കും ഭാവങ്ങൾക്കും ഇന്നെന്ത് സംഭവിച്ചു? .**

വയസ്സുള്ള മകനും ആശുപത്രിയിൽ എത്തിക്കുന്നതിന് സഹായം അഭ്യർത്ഥിച്ചു, ആരും തിരിഞ്ഞുനോക്കിയില്ല; ഒരു മണിക്കൂറോളം പിതാവും മകനും വാവിട്ടു കരഞ്ഞുവെങ്കിലും ഒരു വാഹനം പോലും നിർത്തിയില്ല അവസാനം ഒരു ബൈക്ക് യാത്രികൻ പോലീസിൽ വിവരമറിയിച്ചു. തുടർന്ന് പോലീസ് എത്തിയശേഷമാണ് അവരെ ആശുപത്രിയിലെത്തിച്ചത്.

എന്നാൽ ചിറ്റിലഞ്ചേരി നടന്ന അപകടത്തിൽ നിരവധി വാഹനങ്ങൾ അതുവഴി കടന്നു പോയിട്ടും ആരും സഹായിച്ചില്ല, മാത്രമല്ല അടുത്ത പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കാൻ ഉള്ള മനസ്സ് പോലും ഒരാളും കാണിച്ചില്ല.

നമ്മുടെ സാമൂഹിക ബോധവും മനുഷ്യത്വവും അന്യംനിന്നുപോയോ.? ദയ, സഹാനുഭൂതി, സഹജീവിസ്നേഹം, സഹകരണമനോഭാവം, ആർദ്രത തുടങ്ങിയ മാനുഷിക വികാരങ്ങൾക്കും ഭാവങ്ങൾക്കും ഇന്നെന്ത് സംഭവിച്ചു? .അപകടത്തിൽപ്പെടുന്നവരെ സഹായിക്കേണ്ടത് മാനുഷികമായ കടമയാണ്. സാമൂഹിക ബാധ്യതയാണ്, മറ്റുള്ളവർക്കുണ്ടാകുന്ന അപകടങ്ങളിലും ദുരിതങ്ങളിലും നിസ്സംഗത പുലർത്തുന്ന പ്രവണതയാണ് സമൂഹത്തിൽ ഇന്ന് വളർന്നുവരുന്നത്. അപകടങ്ങളും ദുരന്തങ്ങളും ഉണ്ടാകുമ്പോൾ മൊബൈൽ ഫോണുകളിൽ അവ പകർത്തി കാഴ്ചക്കാരായി നോക്കി നിൽക്കുന്നവരുടെ എണ്ണം ഇവിടെ പെരുകുകയെന്നത് നിർഭാഗ്യകരമാണ്. അപകടത്തിനു സാക്ഷ്യം വഹിക്കേണ്ടി വരുമ്പോൾ അവിടെ കാരുണ്യവും സഹജീവിസ്നേഹവും കാണിക്കാനുള്ള സന്മനസ്സ് ഉണ്ടാകുന്നില്ലെങ്കിൽ മനുഷ്യത്വത്തിന് എന്താണർത്ഥം,?

തിരക്ക് പിടിച്ച ജീവിതത്തിനിടയിലും കാരുണ്യപ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തിയേ തീരൂ. ചുരുങ്ങിയപക്ഷം അപകടവിവരം ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽ എത്തിക്കാനുള്ള സന്മനസ്സെങ്കിലും പ്രകടിപ്പിക്കണം.

ഒരു സഹജീവി രക്തത്തിൽ കുളിച്ചു സഹായത്തിനായി നിലവിളിച്ചിട്ടും കാണാത്ത ഭാവത്തിൽ നടന്നു പോകുന്നത് അയാളെ കൊലക്ക് കൊടുക്കുന്നതിന് സമാനമാണ്. മനസ്സിൽ അൽപമെങ്കിലും മനുഷ്യത്വം അവശേഷിക്കുന്നവർക്ക് ഇത്തരമൊരു നിസ്സംഗത പുലർത്താനാകില്ല. എനിക്കല്ലല്ലോ അവനല്ലേ പ്രശ്നം ഞാൻ എന്തിന് ഇടപെടണം എന്ന ഭാവത്തിൽ സ്വാർത്ഥൻ ആകുന്നത് അപകടകരമാണ്. അപായം ആർക്കും എപ്പോഴും സംഭവിക്കാം. ഇത്തരം ഘട്ടങ്ങളിൽ സഹജീവിബോധം ഉണർന്ന് സാന്ത്വനത്തിന്റെയും കാരുണ്യത്തിന്റെയും ഒരു കൈത്താങ്ങാവാൻ നാമോരോരുത്തർക്കുമാവണം. അത് മറ്റുള്ളവർ നിർവഹിക്കട്ടെ എന്ന ചിന്തയിൽ നാം ഒഴിഞ്ഞു മാറുമ്പോൾ പലപ്പോഴും നഷ്ടമാവുന്നത് വിലപ്പെട്ട ജീവനുകളാണ് . ഇന്ന് നാം കാണിക്കുന്ന കാരുണ്യ ബോധമായിരിക്കും ചിലപ്പോൾ നാളെ നമ്മുടെ കുടുംബത്തിലെ ആരുടെയെങ്കിലും രക്ഷക്ക് മറ്റുള്ളവരുടെ സഹായമായി തിരികെ വരുന്നത്.



# THE VANQUISHED

Life has always been an endless mystery,
None still has dared to endeavor
At achievement adventure that it offered,
At immense torments that it chases,
To threaten me limitless.
I had heard that life is going to be
The sweetest thing that I ever had
Also that, it's going to astonish me
forever and ever eternally.
But when I happily, with venture,
Set out to degust it,
It obviously has astonished me
But with the most bitter experience
It broke me, into hundreds of pieces
Like a mirror thrown over a rack
Maybe like a knife too that have
Crossed my flesh to meet my spines .
I now have to complain about all those
Who kept teaching me,
The erroneous dreams of life and
Hided all the effectible truths that I met.
And I too do not understand why they
Never ever thought to prepare me
To thrive such a powerful peril that
I was going to have ahead
Remember my painful despise
Is always, for sure, going to be nightmare
That will take your sleep forever
And offer you hopeless present
Let me warn you too that for me
It's the biggest revenge I can ever give you.

ഫഹ്മിത
ബി.എസ്‌സി. ബയോ കെമിസ്ട്രി, ഒന്നാം വർഷം



‘അമ്പിളിമാമനെയെൻ ഉണ്ണിക്കു
പിടിച്ചുതരാം’ കുഞ്ഞുനാളിൽ
അമ്മ ചൊല്ലിയ കളവ് എൻ
ചെവിയിൽ ഇന്നും അലട്ടുന്നു.
ആഗ്രഹങ്ങൾ സഫലീകരിക്കാൻ
കളവൊരു വാതിലാണെന്ന്
പതിയെ ഞാൻ പഠിച്ചു.

‘ആഹ! കളവിനെന്തൊരു മാധുര്യം!!’
ആദ്യമെൻ അനുഭവം, മൊഴി
നൽകി.

എൻ ജീവിതം കളവിന്റെ മഷിക്കുപ്പിയിൽ
മുങ്ങിത്താഴുന്നത് ഞാൻ,
അറിഞ്ഞതേയില്ല!
ചൊല്ലിയൊരു കളവിനെ തടയാൻ
നൂറു കളവിനാൽ ആവില്ലെന്ന്
ഞാൻ മനസ്സിലാക്കി.

സത്യത്തെ തിരിച്ചറിയാതെ
പോയനിക്കെന്ത്
‘ജീവിതം’?

ഈ പേജിലെ തലക്കെട്ട് കള്ളൻ കൊണ്ടുപോയി
അവിടവിടെ ഉപേക്ഷിച്ചുപോയി
പേജിന്റെ തലക്കെട്ട് **കളവ** എന്നായിരുന്നു

**ലിയ ടി.കെ.**
ബി.എസ്‌സി. ബയോടെക്നോളജി, ഒന്നാം വർഷം



# മൗനം

ഭാരതപ്പുഴ അറിഞ്ഞിരുന്നുവോ
ഹാനത്താൽ തൊണ്ടയിടറുമെന്ന്
മാർത്യനാൽ വേര് വിൽക്കപ്പെടുമെന്ന്
ഇന്നാ ഗ്രാമം പ്രതീക്ഷിച്ചിരുന്നോ?

പെരുവഴിയാമൊരു ഖനനവിധി
യന്ത്രമനുഷ്യന്റെതീരാ ആർത്തി!

അന്നാ സിംഹക്കുരങ്ങുപോലും
നിനച്ചിരിക്കയില്ലേ...?
മണ്ണിൽ മക്കളാൽ ചിത ഒരുങ്ങണമെന്ന്?

ലോകമെന്നത് എഴുതിയ കവിയോ
പറഞ്ഞില്ല; അറിഞ്ഞില്ല
ഇനി മഷിയോ ബാക്കിയില്ല

പറയേണ്ടവൻ പറഞ്ഞു ,അറിയേണ്ടവൻ
അറിഞ്ഞു. ഒരുനാൾ പലനാളായ്
തീർന്നു

എല്ലാമറിഞ്ഞു തിരിഞ്ഞു ഞെളിഞ്ഞു
നടന്നു ഞാൻ ,
നിങ്ങൾ, നമ്മൾ,
മൗനം!!

**അമൽ ഫർഹാന**
ബി.എസ്സി. ബയോടെക്നോളജി, ഓന്നാം വർഷം

# തിരുത്തെഴുത്ത്

കഴിഞ്ഞ കാലത്തെക്കുറിച്ച് അന്വേഷിക്കുന്നതിനെയും, മനസ്സിലാക്കുന്നതിനെയും ചരിത്രം എന്ന് പറയുന്നു. ഈ ചരിത്രം പൂർണ്ണമായും ശരിയാണെന്ന് പറയാനൊന്നും സാധിക്കില്ല. പലപ്പോഴും ചരിത്രത്തിൽ ബോധപൂർവ്വമായ ചില തിരസ്ക്കരിക്കലുകളുണ്ട്. ചില ചരിത്ര സംഭവങ്ങൾ രചയിതാക്കളുടെ ലക്ഷ്യമനുസരിച്ച് ചിലയിടങ്ങളിൽ ചുരുങ്ങിയും ചിലയിടങ്ങളിൽ വിശാലമായും നിൽക്കും. മറ്റു ചിലത് ചില പ്രത്യേക തെളിവുകൾ മാത്രം ചൂണ്ടിക്കാട്ടി ചരിത്രത്തെ എഴുത്തുകാരന്റെ ലക്ഷ്യത്തിലേക്കെത്തിക്കാൻ ശ്രമിച്ചതായും മനസ്സിലാക്കാം. ഇത്തരം ഇടപെടലുകളിലൂടെ ചരിത്രത്തിന്റെ ചില നിർണായക ഭാഗങ്ങൾ നഷ്ടപ്പെടാനും ചില സത്യാവസ്ഥകളെ തെറ്റിദ്ധരിപ്പിച്ച് കാണിക്കാനും സാധിക്കും.

ഇങ്ങനെ തെറ്റിദ്ധരിപ്പിച്ച് അവതരിപ്പിച്ചതിൽ ഒന്നാണ് മലബാർ കലാപം. തങ്ങൾ നേരിട്ട കൊടിയ പീഡനങ്ങൾക്കും മർദ്ദനങ്ങൾക്കും അവകാശ ലംഘനങ്ങൾക്കും എതിരെയായിരുന്നു മാപ്പിളമാർ പടപൊരുതിയത്. കട്ടിലശ്ശേരി മുസ്ലിയാർ, ചെമ്പ്രശ്ശേരി തങ്ങൾ, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, ആലി മുസ്ലിയാർ തുടങ്ങിയ ഒട്ടനവധി കരുത്തരായ നേതാക്കന്മാരുടെ നേതൃത്വത്തിലായിരുന്നു ഈ സമരം.

ഹിന്ദു മുസ്ലിം ഐക്യത്തിലൂന്നിയതായിരുന്നു ഈ സമരങ്ങൾ. ബ്രിട്ടീഷുകാരെ പിന്തുണച്ച ജന്മിമാർക്കെതിരെയും സമരം നടത്താൻ ഈ മലബാറുകൾ തുനിഞ്ഞു. ഈ സമരം ബ്രിട്ടീഷ് സാമ്രാജ്യത്തെ ആറു മാസക്കാലം ഏറനാട്, വള്ളുവനാട്, പൊന്നാനി എന്നീ താലൂക്കുകളിൽ നിന്നും അകറ്റി



**നജീബ്**
ബി.എ. വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, ഒന്നാം വർഷം

നിർത്തി എന്നറിയുമ്പോൾ ഈ സമര ശക്തിയെക്കുറിച്ച് ഊഹിക്കാം. നിരായുധരോ അല്ലെങ്കിൽ വീര്യം കുറഞ്ഞ ആയുധങ്ങളുപയോഗിച്ച് ഈ സമരക്കാരെ ബ്രിട്ടീഷ് സേന വലിയ പ്രഹര ശേഷിയുള്ള തോക്കുകൾ ഉപയോഗിച്ചാണ് നേരിട്ടത്. അതിനാൽ 10,000 ത്തിൽ പരം മാപ്പിളമാർ കൊല്ലപ്പെടുകയുമുണ്ടായി.

പക്ഷെ, ധൈര്യത്തിന്റെയും ചങ്കൂറ്റത്തിന്റെയും ആത്മാഭിമാനത്തിന്റെയും പ്രതീകമായ ഇത്തരം സമരങ്ങളെ പിന്നീട് പല രീതിയിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടു. ചരിത്രം മാത്രമല്ല അന്നത്തെ വർത്തമാനകാലവും മാപ്പിളമാരോട് നീതി കാട്ടിയില്ല. ഇതിനെ ഒരു സ്വാതന്ത്ര്യസമരമായി കണക്കാക്കാൻ പോലും വൈമനസ്യം കാട്ടി. പാവപ്പെട്ട കർഷകരായ സമരക്കാരുടെ സമരം 'മാപ്പിള ലഹള'യായും 'മാപ്പിള മതഭ്രാന്താ'യും വിശേഷിപ്പിക്കാനും ബോധപൂർവ്വം അവഗണിക്കാനും അക്കാലത്ത് തന്നെ ശ്രമങ്ങൾ നടന്നു. ഗാന്ധിജി ഉൾപ്പെടെയുള്ള ദേശീയ നേതാക്കന്മാരോ ദേശീയപ്രസ്ഥാനമോ ഇതിനെ അവഗണിച്ചു. പിന്നീട് ഇത്തരത്തിൽ ചരിത്രമായി വരുകയും പാവപ്പെട്ട ധീരരായ സമരക്കാരെ തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്തു. പല മലബാർ സമര സാഹിത്യ രചനകളും ഇത്തരത്തിലുള്ളതാണ്. മഹാകവി കുമാരനാശാൻ പോലും തന്റെ 'ദുരവസ്ഥ' എന്ന കവിതയിൽ'ഹൈന്ദവ ചോരയൊഴുക്കിയ ക്രൂര മുഹമ്മദരായി'. ഈ മാപ്പിളമാരെ എഴുതി എന്നറിയുമ്പോൾ തെറ്റിദ്ധരിപ്പിക്കപെടലിന്റെ ആഴം നമുക്ക് വ്യക്തമാവും.

**അടിച്ചമർത്തപ്പെട്ട മാപ്പിളമാരെ സംഘടിപ്പിക്കുവാനും അന്തർ അഹിംസയിലുറപ്പിച്ചു നിർത്താനും മുസ്ലിം നേതാക്കന്മാരോടൊപ്പം അദ്ദേഹവും ശ്രമിച്ചു. മാപ്പിളമാരെ പോലെ ലുങ്കിയും അരക്കയ്യൻ ഷർട്ടുമിട്ട് അദ്ദേഹം നാടുമുഴുവൻ ഓടിനടന്നു.**

തെറ്റിദ്ധരിപ്പിക്കപ്പെട്ട മലബാർ സമരത്തിലെ ഒതുക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു എം.പി.നാരായണ മേനോൻ എന്ന നേതാവ്. നായർ ജന്മി കുടുംബത്തിൽ ജനിച്ചിട്ടും താഴ്ന്നവിഭാഗക്കാരോടും മാപ്പിളമാരോടും അദ്ദേഹം കൂട്ടുകൂടി. കട്ടിലശ്ശേരി മുസ്ലിയാർ, താളിയിൽ മുഹമ്മദ് കുട്ടി മുസ്ലിയാർ എന്നിവരായിരുന്നു അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ. ഇക്കാരണങ്ങൾകൊണ്ട് ധാരാളം വിമർശനങ്ങളും അദ്ദേഹം ഏറ്റു വാങ്ങിയിരുന്നു. ഒരു കുടിയാൻ ലീഡർ ആയി വരുകയും പിന്നീട് ഹിന്ദുമുസ്ലിം സാഹോദര്യത്തിന്റെ പ്രതീകമായിയും തികഞ്ഞ അഹിംസാവാദിയുമായി മാറി. അദ്ദേഹം ഏറ്റവും വലിയ മനുഷ്യസ്നേഹി കൂടിയായിരുന്നു. അടിച്ചമർത്തപ്പെട്ട മാപ്പിളമാരെ സംഘടിപ്പിക്കുവാനും അന്തർ അഹിംസയിലുറപ്പിച്ചു നിർത്താനും മുസ്ലിം നേതാക്കന്മാരോടൊപ്പം അദ്ദേഹവും ശ്രമിച്ചു. മാപ്പിളമാരെ പോലെ ലുങ്കിയും അരക്കയ്യൻ ഷർട്ടുമിട്ട് അദ്ദേഹം നാടുമുഴുവൻ ഓടിനടന്നു. ക്ഷമ നശിച്ച് ആക്രമിക്കാനായി വന്ന സമരക്കാരിൽ നിന്നും ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരെ പോലും രക്ഷിക്കാൻ തുനിഞ്ഞതും പല യുദ്ധമാവേണ്ട സാഹചര്യങ്ങളിൽ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചതും അഹിംസാവാദിയിയതിനാലാണ്. അദ്ദേഹം ബ്രിട്ടീഷ് ഭരണാധികാരികളുടെ കണ്ണിലെ കരടായി മാറിയത് അദ്ദേഹത്തിന്റെ ജനപിന്തുണയായിരുന്നു.

അങ്ങനെ 1921 മുതൽ 1934 വരെ 14 വർഷക്കാലം ഇദ്ദേഹം ജയിലിലടക്കപ്പെട്ടു. ഗവൺമെന്റിനെതിരെ യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചു എന്ന കാരണത്താലായിരുന്നു അത്. ഇദ്ദേഹം 'മാപ്പിള ഔട്ട്റേജിയസ് ആക്ട്' പ്രകാരം ശിക്ഷിക്കപ്പെട്ട ഒരേ ഒരു ഹിന്ദു കോൺഗ്രസ് സെക്രട്ടറിയായിരുന്നു.ചെയ്തകുറ്റത്തിന് മാപ്പ് പറഞ്ഞാൽ വിട്ടയക്കാം എന്നു പറഞ്ഞിട്ടും അദ്ദേഹം മാപ്പ് പറയാൻ തയ്യാറായിരുന്നില്ല. താൻ തെറ്റ് ചെയ്തിട്ടില്ലെന്ന് സധൈര്യം പറഞ്ഞു. പല ദേശീയ നേതാക്കന്മാരും അദ്ദേഹത്തിന്റെ അറസ്റ്റിൽ നിശ്ശബ്ദത പാലിച്ചു.

അദ്ദേഹം തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ തയ്യാറായില്ല. സ്വാതന്ത്ര്യത്തിനുശേഷം നേതാക്കന്മാർ അധികാരത്തിനായി താത്പര്യം പ്രകടിപ്പിച്ചപ്പോൾ ഈ കർമ്മയോഗി അതിൽ നിന്നൊക്കെ മാറി നിന്ന് സ്വസ്ഥ ജീവിതം നയിച്ചു. തന്റെ ആത്മകഥ പൊലിപ്പിച്ച് എഴുതാനോ തന്റെ കാര്യങ്ങൾ മറ്റുള്ളവരെ അറിയിക്കാനോ ഈ നിസ്വാർത്ഥൻ ശ്രമിച്ചില്ല. ഹിന്ദുമുസ്ലിം ഐക്യം, ധൈര്യം, സത്യസന്ധത, എന്നിവയുടെ പ്രതീകമായിരുന്ന അദ്ദേഹത്തിന് മലബാറിലെ മുസ്ലിം ജനത. 'മലബാറിന്റെ അബുത്വാലിബ്' എന്ന ഏറ്റവും അർഹിക്കുന്ന വിളിപ്പേര് നൽകി ആദരിച്ചു.




ജനാധിപത്യത്തിൽ
ഒരു വോട്ടറുടെ അജ്ഞത
എല്ലാവരുടെയും
സുരക്ഷയെ തകർക്കുന്നു

- John F Kennedy



# ഭരണാധിപൻ

അടുത്ത നൂറ്റാണ്ടിന്റെ ഭരണാധിപന്
ജാരസന്തതി പിറന്നു
ഗാന്ധിജിയെ പോലെ അവനും
പല്ലുകളുണ്ടായിരുന്നില്ല,
മാർട്ടിൻ ലൂഥർ കിങ്ങിന്റെ
അതേ കറുപ്പുനിറം,
മദർ തെരേസയുടെ മുഖത്ത് കണ്ട അതേ നിഷ്കളങ്കത,
അതേ കരച്ചിൽ,
നിമിഷങ്ങൾക്കുള്ളിൽ ആ പിഞ്ചു പൈതൽ
ഭരണാധിപന്റെ കരങ്ങളിൽ
രക്തസാക്ഷിത്വം വരിച്ചു,
പ്രസവവാർഡിലെ തൊട്ടപ്പുറത്തെ
കിടക്കയിൽ ഹിറ്റ്ലറുടെ മീശയും
ബിൻലാദന്റെ താടിയുമുള്ള
ഒരു കുഞ്ഞിനു വേണ്ടി കാത്തിരിക്കുകയായിരുന്നു

**റഹ്സാന കെ.കെ.**
ബി.എ.വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, ഒന്നാം വർഷം

# ഇതെന്ത് ജനാധിപത്യം !!

**വോട്ട് നൽകി വിട്ടവർക്ക് പ്രത്യുപകാരമായി നൽകുന്ന ഭരണ കൂട ഭീകരതയെ നേരിടുന്നതിനാവശ്യമായ കരുത്ത് ഇനിയും നാം പരിപൂർണ്ണമായി ആർജ്ജിച്ചെടുത്തിട്ടില്ല.**

ധീരമായ രക്ത സാക്ഷികളുടെ അമര സ്മരണകളാണ് നാം അനുഭവിച്ചുപോരുന്ന സ്വാതന്ത്ര്യത്തിന്റെ കാതൽ. ആ സ്വാതന്ത്ര്യം നിലനിർത്തുന്നതിനാണ് വീടും കുടുംബവും ഉപക്ഷിച്ച് അതിർത്തിയിൽ തോക്കേന്തി സൈനികർ രാജ്യരക്ഷക്ക് വേണ്ടി കാവൽ നിൽക്കുന്നത്. ജീവൻ പണയം ചെയ്തുള്ള ജോലിയാണെന്നറിയാമായിരുന്നിട്ടും പട്ടാളവേഷം ധരിച്ച് അഭിമാനമുള്ള പട്ടാളക്കാരനാകുന്നത് ലക്ഷക്കണക്കിനാളുകൾ നിരന്തരമായ പോരാട്ടങ്ങളിലൂടെ നേടിത്തന്ന സ്വാതന്ത്ര്യം ഛിദ്രശക്തികൾ കവർന്നെടുക്കാൻ ശ്രമിക്കുന്നതിനെതിരെ നാം നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന ചെറുത്ത് നിൽപ്പിന്റെ ഭാഗം കൂടിയാണ്.

പൗര സമാധാനത്തിനും രാജ്യസുരക്ഷ

**മുഹമ്മദ് അസീൽ അലി പി.**
ബി.ബി.എ., രണ്ടാം വർഷം

ക്കും വിഘ്നം വരുത്തുന്ന തീവ്രവാദ ഭീഷണികൾക്കെതിരെ പോരാടി വീര്യമൃത്യു വരിക്കുന്ന ജവാൻമാർ, തങ്ങളില്ലെങ്കിലും അഖണ്ഡതയോടെ ഭാരതം നില നിൽക്കണമെന്ന സന്ദേശമാണ് നൽകുന്നത്

അനവധി പോരാട്ടങ്ങളിലൂടെ നേടിത്തന്ന സ്വാതന്ത്ര്യമെന്ന അമൂല്യസമ്പത്ത് ഒരു നഷ്ടവും കൂടാതെ വളർന്നുവരുന്ന തലമുറക്ക് കൈമാറുക എന്നതാണ് ഓരോ സൈനികരുടെയും പോരാട്ടത്തിന്റയും അടിസ്ഥാനം

പക്ഷേ, വിദേശികളിൽ നിന്നും നേടിത്തന്ന സ്വാതന്ത്ര്യം വർഗീയതയുടെയും മത ചേരിതിരിവിന്റെയും മുന്നിൽ അടിമപ്പെടുമ്പോൾ, ജനാധിപത്യമെന്ന പരമാധികാരം സ്വാതന്ത്ര്യ നിഷേധത്തിനും ഭരണകൂട ഭീകരതക്കുമുള്ള ആയുധമാക്കപ്പെടുമ്പോൾ, അഭിപ്രായസ്വാതന്ത്ര്യത്തിനു മാനദണ്ഡം നിശ്ചയിക്കപ്പെടുമ്പോൾ, എങ്ങനെയാണ് രാജ്യത്തിന്റെ അഖണ്ഡത നിലനിർത്തപ്പെടുന്നത് ??

രാജ്യത്തിന്റെ അഖണ്ഡമായ നിലനിൽപ്പിനുവേണ്ടി, പിറന്ന മണ്ണിന്റ സ്വച്ഛമായ സൗരഭ്യം നിലനിർത്തപ്പെടുന്നതിനായി, ഒരോ സൈനികനും ബലിയാടായിത്തീരുമ്പോൾ ഭരണകൂടം രാജ്യത്തിന്റ മൂല്യങ്ങളെ, സൈനികരുടെ ആത്മാർപ്പണത്തെ, സ്വാർത്ഥ താൽപര്യങ്ങൾക്കും വെറുപ്പിന്റെ ആശയാദർശങ്ങൾ പ്രചരിപ്പിക്കാനും ദുരുപയോഗപ്പെടുത്തുന്നത് എത്ര ദൗർഭാഗ്യകരമാണ്!

അതിർത്തിയിൽ പട്ടാളക്കാർ പിടഞ്ഞു വീഴുമ്പോൾ, ഇത് രാഷ്ട്രീയ ലക്ഷ്യം നേടിയെടുക്കാനുള്ള ഉപാധിയാക്കാതെ സൂക്ഷിക്കാനുള്ള ബാധ്യത രാജ്യത്തെ ഗവൺമെന്റിനുണ്ട് .കടന്നു പോയ തലമുറ നമ്മെ ഏൽപ്പിച്ച കരുതൽ ധനമാണ് സ്വാതന്ത്ര്യവും ജനാധിപത്യവും

സ്വാതന്ത്ര്യ പോരാട്ടത്തിൽ ഒരു പങ്കും നിർവ്വഹിക്കാത്ത ഛിദ്രശക്തികൾ

സ്വാതന്ത്ര്യം നേടിയെടുക്കാൻ ജീവത്യാഗ്യം ചെയ്യേണ്ടി വന്ന സ്വാതന്ത്ര്യ സേനാനിമാരെ അവഹേളിക്കുകയും അപമാനിക്കുകയും ചെയ്യുന്നത് ഇന്ത്യൻ മനസ്സിൽ പതിഞ്ഞു പോയ സ്ഥിര പ്രതിഷ്ഠകളായ നേതാക്കളുടെ ചിത്രങ്ങൾ മായ്ച്ച് പകരം വെറുപ്പിന്റെ ഉപാസകരായവരുടെ പേരുകൾക്ക് പൊതു സമ്മതി നേടിയെടുക്കാനുള്ള കുതന്ത്രങ്ങളാണ്.

എന്ത് പറയണമെന്നും എന്ത് എഴുതണമെന്നും ഭരണകൂടം തീരുമാനിക്കുന്ന അവസ്ഥയിൽ എങ്ങനെയാണ് ജനാധിപത്യത്തിന്റെ മൂല്യം അളക്കാനാവുക!.

ഈയൊരു അവസ്ഥയിൽ രാജ്യത്തിന് വേണ്ടി പിടഞ്ഞു വീഴുന്ന ധീര രക്ത സാക്ഷിത്വം വഹിച്ച സേനാനിമാരുടെ ജീവത്ത്യാഗത്തിന്റെ അർത്ഥമെന്ത്?

ഒരിക്കലുംവെച്ച്പൊറുപ്പിക്കാനാകാത്ത തീവ്രവാദ ഭീഷണികളെ നേരിടാൻ സർവ്വ ഭിന്നതകളും മറച്ച് കൊണ്ട് എല്ലാ വിഭാഗം ജനതയും ഗവൺമെന്റിന് സർവ്വ പിന്തുണ നൽകുന്നതും സൈന്യവും ഗവൺമെന്റും കരുത്തോടെ തീവ്രവാദ ഭീഷണികൾക്കെതിരെ പോരാടുകയും ചെയ്യുന്നു.

പക്ഷെ ഇതിന്റെ നേട്ടങ്ങളെ രാഷ്ട്രീയ ലക്ഷ്യത്തോടെ കാണുന്നത് ഭരണ കൂട ഭീകരതയാണ്. വോട്ട് നൽകി വിട്ടവർക്ക് പ്രത്യുപകാരമായി നൽകുന്ന ഭരണ കൂട ഭീകരതയെ നേരിടുന്നതിനാവശ്യമായ കരുത്ത് ഇനിയും നാം പരിപൂർണ്ണമായി ആർജ്ജിച്ചെടുത്തിട്ടില്ല. രാജ്യത്തെ പൗരൻമാരുടെ ശിരസ്സറ്റ കബന്ധങ്ങൾ കൊണ്ട് സിംഹാസനം പണിയുന്ന രാജാക്കന്മാരുടെ സ്വാർത്ഥ സ്വപ്നങ്ങളെ തുരത്തിയോടിക്കാൻ ഒരിക്കൽ കൂടി സ്വാതന്ത്ര്യ സമരത്തിനായി തെരുവിലിറങ്ങേണ്ട അവസ്ഥാവിശേഷം സംജാതമായിരിക്കുന്നു.

രാജ്യത്തെ ജനങ്ങൾക്ക് സ്വാതന്ത്രമുള്ള ഒരു പ്രഭാതവും, സമാധാന പൂരിതമായ ഒരു രാവും എന്നാണ് ലഭിക്കുക?

**പൗര സമാധാനത്തിനും രാജ്യസുരക്ഷക്കും വിഘ്നം വരുത്തുന്ന തീവ്രവാദ ഭീഷണികൾക്കെതിരെ പോരാടി വീര്യ മൃത്യു വരിക്കുന്ന ജവാൻമാർ ,തങ്ങളില്ലെങ്കിലും അഖണ്ഡതയോടെ ഭാരതം നില നിൽക്കണമെന്ന സന്ദേശമാണ് നൽകുന്നത്**




# മാതൃക

“ബഹുമാനപ്പെട്ട നമ്മുടെ എം.എൽ.എ ശ്രീ. പ്രമോദ് ഏതാനും നിമിഷങ്ങൾക്കകം ഇവിടെ എത്തിച്ചേരുന്നതാണ്, നമ്മുടെയും അദ്ദേഹത്തിന്റെയും ഏറെക്കാലത്തെ ആഗ്രഹമായ ‘നാടിനൊരു വൃദ്ധസദനം’ ഇന്നിവിടെ പൂവണിയുകയാണ്. ഈ മഹത്കർത്തവ്യത്തിലേക്ക് നിങ്ങളെ ഏവരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.”

വായുവിൽ ശബ്ദം അലയടിച്ചു. ജനങ്ങൾ എത്തിച്ചേർന്നു. പരിപാടിക്ക് തുടക്കം കുറിക്കുകയാണ്. തെരുവ് വീഥികളിൽ ബഹു. എം.എൽ.എ യുടെ മന്ദഹാസം തൂകുന്ന പോസ്റ്ററുകൾ നിറഞ്ഞിരിക്കുന്നു. ഏവരുടെയും മുഖത്ത് സന്തോഷം.

കൃത്യം രണ്ടു മണിയോടെ ബഹു. എം.എൽ.എ പ്രമോദ് രംഗത്ത് എത്തിച്ചേർന്നു. കൈകൂപ്പി അദ്ദേഹം സ്റ്റേജിലേക്ക് കയറി. സമൂഹത്തിൽ മാതാപിതാക്കൾക്കുള്ള മൂല്യത്തെക്കുറിച്ച് അദ്ദേഹം ഘോരഘോരമായി സംസാരിച്ചു. എം.എൽ.എ ആയതിനു ശേഷം തന്റെ നാടിനു വേണ്ടിയുള്ള ആദ്യത്തെ വികസന പരിപാടിയാണിതെന്ന് അദ്ദേഹം അടിവരയിട്ട് പറഞ്ഞു. ജനങ്ങൾ ഒന്നടങ്കം കൈയ്യടിച്ചു.

“ടെക്നോളജി വികസിച്ചത് കാരണം നിങ്ങൾക്ക് നിങ്ങളുടെ അച്ഛൻ, അമ്മമാരുടെ പേരുവിവരം നേരത്തെ തന്നെ ഓൺലൈൻ ബുക്കിംഗിലൂടെ ഇവിടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. അറുപത് വയസ്സിന് മുകളിലുള്ളവരെ മാത്രമേ സ്വീകരിക്കുകയുള്ളൂ. എന്റെ അച്ഛനെ രജിസ്റ്ററിൽ ആദ്യത്തെ അംഗമാക്കി പരിപാടി ഞാനിവിടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു.”

സ്റ്റേജിലിരിക്കുന്ന മറ്റുള്ള വിശിഷ്ട വ്യക്തികൾ ബഹു. എം.എൽ.എ യുടെ മഹത്കർത്തവ്യത്തിൽ അദ്ദേഹത്തെ വാക്കുകളിലൂടെ പുളകം കൊള്ളിച്ചു. ഇനിയും എം.എൽ.എ യ്ക്ക് ഇതുപോലുള്ള ഒരുപാട് നല്ലകാര്യങ്ങൾ ചെയ്യാൻ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് പരിപാടി അവിടെ അവസാനിച്ചു.

**ജുമാന**
ബി.എ. ഇംഗ്ലീഷ്, രണ്ടാം വർഷം



# എരിതീയിൽ ചേളാരി

**മുഹമ്മദ് ഷാസ്**
ബി.ബ.എ., ഒന്നാം വർഷം

ഇന്ത്യൻ ഓയിൽ കോർപറേഷന്റെ വാതക സംഭരണത്തിനും നിറയ്ക്കലിനും വിതരണത്തിനുമുള്ള മലബാറിലെ ഏക കേന്ദ്രമായ ചേളാരിയിൽ പത്തോ ഇരുപതോ കിലോമീറ്റർ ആകാശദൂരത്തിനകത്തുള്ള ടാങ്ക് ജനജീവിതത്തിന് ഭീഷണിയാണ്.

ഇത്രയും അപകടകരമായ ഗ്യാസ് ബോട്ട്ലിംഗ് പ്ലാന്റ് ജനസാന്ദ്രതയേറിയ പ്രദേശത്തു സ്ഥാപിക്കരുതെന്നാണ് ചട്ടം. എണ്ണക്കമ്പനി വരുന്നുവെന്നും ഇത് ആ പ്രദേശത്തിന് അഭിവൃദ്ധിയുണ്ടാക്കുമെന്നും തെറ്റിദ്ധരിപ്പിച്ചായിരുന്നു 1992ൽ ഈ സ്ഥാപനത്തിന്റെ രംഗപ്രവേശം. പഴയ വിമാനത്താവളത്തിന്റെ റൺവേയുടെ ഒരു ഭാഗം ഈ സംരംഭത്തിന് പ്രയോജനപ്പെടുത്തുകയായിരുന്നു. നൂറു മെട്രിക് ടൺ സംഭരണ ശേഷിയുള്ള നാലു ടാങ്കുകളാണ് അന്നവിടെ സ്ഥാപിക്കപ്പെട്ടത്. തുടർന്ന് എട്ടു വർഷത്തിനു ശേഷം ഗ്രാമ പഞ്ചായത്തിന്റെ പോലും അനുവാദം വാങ്ങാതെ 150 മെട്രിക് ടൺ വീതം സംഭരിക്കാവുന്ന ആറു ടാങ്കുകൾകൂടി കമ്പനി സ്ഥാപിച്ചു. അപ്പോഴേക്കും ചേളാരി കുറെകൂടി വലിയ അങ്ങാടിയായി മാറിയിരുന്നു. ചുറ്റും കുറെകൂടി ജനനിബിഡമാവുകയും ചെയ്തു. മൂന്നോ നാലോ കിലോമീറ്ററിനകത്തു വരും കലിക്കറ്റ് സർവകലാശാലയും കിൻഫ്ര പാർക്കും കോഴിക്കോട് വിമാനത്താവളവും. ഇങ്ങനെ



വളരെ പ്രാധാന്യമുള്ള ഒരിടം തന്നെ വേണം ഗ്യാസ് ബോട്ട്ലിംഗിനെന്ന് കണ്ടെത്തിയ വാശി ആരുടേതാണാവോ?

1992 – ൽ സ്ഥാപിച്ച നാനൂറു മെട്രിക് ടൺ സംഭരണ ശേഷിയുള്ള നാലു ടാങ്കുകൾ ഇരുപതു വർഷം കഴിയുമ്പോൾ ഡീ കമ്മീഷൻ ചെയ്യണമായിരുന്നു. ഇതിനുള്ള പ്രവർത്തനമാണ് 2011–12 കാലത്ത് തുടങ്ങിയത്. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മൗണ്ടൻ ടൈപ്പ് സംഭരണ ടാങ്കിന്റെ നിർമാണമാണ് ആരംഭിച്ചത്. ഈ സന്ദർഭത്തിലാണ് ചിലരെങ്കിലും അവിടെ എന്തു നടക്കുന്നുവെന്ന് ശ്രദ്ധിച്ചു തുടങ്ങിയത്. ചട്ടാനുസരണമല്ല ഒരു പ്രവർത്തനവുമെന്ന് വളരെ വേഗം ബോധ്യപ്പെട്ടു. നേരത്തേ നിലവിലുണ്ടായിരുന്ന കേരള മുനിസിപ്പൽ കെട്ടിട നിർമാണ ചട്ടം അനുസരിച്ചായാലും 2011 – ലെ കേരള പഞ്ചായത്ത്കെട്ടിടനിർമാണചട്ടംഅനുസരിച്ചായാലും ഗുരുതരമായ വ്യവസ്ഥാ ലംഘനമാണ് കമ്പനി നടത്തിയതെന്ന് തേഞ്ഞിപ്പലം പഞ്ചായത്ത് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. 2000 മുതൽ 13000 മെട്രിക് ടൺ സംഭരണ ശേഷിയിലാണ് ഇത് പ്രവർത്തിച്ചുപോന്നത്. ഏറ്റവും അപായകരമായ നിലയിലേക്ക് സംഭരണ ശേഷി ഉയർത്താൻ ആവശ്യമായ സുരക്ഷാ സംവിധാനങ്ങളോ മുന്നൊരുക്കങ്ങളോ നടത്തിയിരുന്നില്ല. ജനങ്ങളെ ബോധ്യപ്പെടുത്തലും അവരുടെ ഭീതിയകറ്റലും പരമ പ്രധാനമാണ് എന്നു വ്യവസ്ഥകളിൽ കാണാമെങ്കിലും അത്തരമൊരു നീക്കവും അധികൃതരുടെ

ഭാഗത്തു നിന്നുണ്ടായില്ല.

കണ്ണൂരിൽ ഒരു ടാങ്കർ ലോറി മറിഞ്ഞ് പൊട്ടിത്തെറിക്കുകയും ആ പ്രദേശമാകെ കത്തിച്ചാമ്പലാകുകയും ചെയ്തത് ആയിടെയായിരുന്നു. ഇത് സമീപവാസികളിൽ കൂടുതൽഭീതിയും ജാഗ്രതയുമുണ്ടാക്കാനിടയായി. കണ്ണൂരിൽ നഷ്ടപരിഹാരവും ആശ്വാസവും എത്തിക്കുന്നതിൽ ഐ ഒ സിക്കു ബാധ്യതയില്ലെന്ന നിലപാടും ജനങ്ങൾ കണ്ടു. ദേശീയപാതയോടു ചേർന്നാണ് ചേളാരിയിലെ പ്ലാന്റിനു മുന്നിൽ ദേശീയ പാതയരികിൽ നൂറിലേറെ ലോറികളാണ് ഗ്യാസ് കുറ്റികൾനിറച്ച് ക്യൂവായി കിടക്കാറുള്ളത്.



**1992 – ൽ സ്ഥാപിച്ച നാനൂറു മെട്രിക് ടൺ സംഭരണ ശേഷിയുള്ള നാലു ടാങ്കുകൾ ഇരുപതു വർഷം കഴിയുമ്പോൾ ഡീ കമ്മീഷൻ ചെയ്യണമായിരുന്നു. ഇതിനുള്ള പ്രവർത്തനമാണ് 2011 – 12 കാലത്ത് തുടങ്ങിയത്.**

ഏതെങ്കിലും ഒരു വാഹനം റോഡിൽ നിന്നു ഗതിതെറ്റിയെത്തിയാൽ ലക്ഷക്കണക്കിനാളുകളായിരിക്കും എരിഞ്ഞമരുക എന്നു ന്യായമായും ജനങ്ങൾ ഭയന്നു തുടങ്ങി. ഇതേ തുടർന്നാണ് ഐഒസിയുടെ അനധികൃത നിർമാണത്തിനെതിരെ പഞ്ചായത്ത് നിയമനടപടികൾ ആരംഭിച്ചത്.

ഇതേ സമയത്ത് 600 മെട്രിക് ടണ്ണിന്റെ മൂന്നു മൗണ്ടൻ ടൈപ്പ് സ്റ്റോറേജ് ടാങ്കുകളും 1240 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള റീ ഫില്ലിംഗ് ഷെഡ്ഡും നിർമിക്കാൻ കമ്പനി പഞ്ചായത്തിന്റെ അനുമതി തേടി. ജനസുരക്ഷ ഉറപ്പാക്കാനുള്ള ബാധ്യത നിർവഹിക്കേണ്ട പഞ്ചായത്ത് ആ അപേക്ഷ ഉടൻ നിരസിക്കുകയും ഉള്ള സംഭരണ സംവിധാനങ്ങൾതന്നെ ജനസാന്ദ്രത കുറഞ്ഞ അനുയോജ്യമായ പ്രദേശത്തേക്ക് മാറ്റണമെന്നു നിർദേശിക്കുകയുമാണ് വേണ്ടിയിരുന്നത്. പകരം സാങ്കേതികത്വം മാത്രം ശ്രദ്ധിച്ച് ഇത്തരമൊരപേക്ഷയിൽ വെക്കേണ്ട ചില രേഖകൾകൂടി ഹാജരാക്കാൻ നിർദേശിക്കുകയാണുണ്ടായത്. പുറത്തു ജനങ്ങൾക്കുള്ള ആശങ്കയല്ല, കരാറുകാരന്റെ വിശദീകരണങ്ങളാണ് ഭരണപ്രതിപക്ഷ രാഷ്ട്രീയക്കാരെ സ്വാധീനിച്ചത്.

ഒരു ലോറി മറിഞ്ഞപ്പോൾ കണ്ണൂരിലുണ്ടായ അപകടം നാം കണ്ടു. അതിന്റെ എത്രയോ ആയിരമിരട്ടി അപകടമാണ് നിയമവിരുദ്ധമായും ജനസുരക്ഷ ഉറപ്പാക്കാതെയും ചേളാരിയിൽ നിലനിൽക്കുന്നതെന്നു വ്യക്തം. അപകടം വരുമ്പോൾ അതു തേഞ്ഞിപ്പലം പഞ്ചായത്ത് അതിർത്തിയിൽ ഒതുങ്ങുകയില്ല. ചുരുങ്ങിയത് മലപ്പുറം കോഴിക്കോട് ജില്ലകളിലെങ്കിലും വലിയ നാശമുണ്ടാക്കും. മുല്ലപ്പെരിയാറിനെക്കാൾ ഭീതിതമാണ് ചേളാരിയുടേതെന്നു സാരം. രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം ഇപ്പോൾ സിബിഐ പ്രതിക്കൂട്ടിൽ നിർത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പക്ഷത്തു നിന്നപ്പോഴും ചേളാരിയിൽ സമരസമിതി രൂപപ്പെട്ടു. ഡോ. എ അച്യുതന്റെ നേതൃത്വത്തിലുള്ള ഒരന്വേഷണ സംഘത്തെ നിയോഗിച്ചു. ഡോ. അച്യുതനു പുറമേ മുഖ്യമന്ത്രി, കുട്ടി അഹമ്മദുകുട്ടി, കലിക്കറ്റ് സർവകലാശാല മുൻ രസതന്ത്ര വിഭാഗം തലവൻ ഡോ.മുഹമ്മദ് ഷാഫി, രസതന്ത്ര വിഭാഗം അധ്യാപകൻ ഡോ.വി.എം.അബ്ദുൾമജീദ്, ഡോ.ആസാദ് എന്നിവരായിരുന്നു അംഗങ്ങൾ. കമ്മീഷൻ വിശദമായ പരിശോധനക്കു ശേഷം ചില നിർദേശങ്ങൾ മുന്നോട്ടു വെച്ചു.

ചേളാരിയിൽനിന്നു രണ്ടു മൂന്നു വർഷക്കാലം കൊണ്ട് പ്ലാന്റ് മാറ്റണം. മലബാറിലെ ജില്ലകളിലേക്കുള്ള മുഴുവൻ ഗ്യാസ് സിലിണ്ടറുകളും ചേളാരിയിൽനിന്ന് വിതരണം ചെയ്യുന്ന നില മാറണം. കണ്ണൂർ, കാസർകോട്,



**ചേളാരിയിൽനിന്നു രണ്ടു മൂന്നു വർഷക്കാലം കൊണ്ട് പ്ലാന്റ് മാറ്റണം. മലബാറിലെ ജില്ലകളിലേക്കുള്ള മുഴുവൻ ഗ്യാസ് സിലിണ്ടറുകളും ചേളാരിയിൽനിന്ന് വിതരണം ചെയ്യുന്ന നില മാറണം. കണ്ണൂർ, കാസർകോട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ അനുയോജ്യമായ പ്രദേശങ്ങളിലേക്ക് വികേന്ദ്രീകരിച്ച് പുനസ്ഥാപിക്കണം, ഇപ്പോഴുള്ള പ്ലാന്റിന്റെ സംഭരണ ശേഷി സ്ഥാപിച്ചപ്പോഴുണ്ടായിരുന്ന നാനൂറു മെട്രിക് ടണ്ണിലധികമാക്കാൻ പാടില്ല തുടങ്ങിയ നിർദേശങ്ങളായിരുന്നു അവയിൽ പ്രധാനം**

പാലക്കാട്, മലപ്പുറം ജില്ലകളിലെ അനുയോജ്യമായ പ്രദേശങ്ങളിലേക്ക് വികേന്ദ്രീകരിച്ച് പുനസ്ഥാപിക്കണം, ഇപ്പോഴുള്ള പ്ലാന്റിന്റെ സംഭരണ ശേഷി സ്ഥാപിച്ചപ്പോഴുണ്ടായിരുന്ന നാനൂറു മെട്രിക് ടണ്ണിലധികമാക്കാൻ പാടില്ല തുടങ്ങിയ നിർദേശങ്ങളായിരുന്നു അവയിൽ പ്രധാനം. കരാറുകാരും ഉദ്യോഗസ്ഥരുമായി ഒത്തു കളിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളുടെ കണ്ണു തുറപ്പിക്കാൻ ഈ റിപ്പോർട്ടിനു കഴിഞ്ഞില്ല എന്നതു സത്യമാണ്. നിർമാണത്തിലെ അപാകം സംബന്ധിച്ച് സി ബി ഐ കേസ് ചാർജ്ചെയ്ത സന്ദർഭത്തിലെങ്കിലും അവർ വീണ്ടു വിചാരത്തിനു സന്നദ്ധമാവണം. നിലവാരമില്ലാത്ത സാമഗ്രികൾ ഉപയോഗിച്ചു സുരക്ഷ ബലികഴിച്ചു കൊണ്ട് പ്ലാന്റ് നിർമിക്കുക വഴി രണ്ട് ഉദ്യോഗസ്ഥർ സാമ്പത്തികനേട്ടമുണ്ടാക്കി എന്നാണ് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തിയിരിക്കുന്നത്.

ജനങ്ങളെ കൂട്ടക്കുരുതിക്കു വിധേയമാക്കുന്ന നിലപാടെടുക്കാൻ ഒരാൾക്കും ധാർമിക തടസ്സങ്ങളൊന്നും ഇല്ലെന്നു വന്നിരിക്കുന്നു. പണമുണ്ടാക്കാൻ ആരെയും കൊല്ലാമെന്ന ധനനീതിയായിരിക്കണം അത്. സംസ്ഥാനത്തെ ഭരണകൂടമാകെ ആ നിലയിലാണ് നീങ്ങുന്നത്. ഒരു പ്രദേശത്തെ ജനത ശ്വാസംമുട്ടി നിലവിളിച്ചിട്ടും കേൾക്കാനൊരുക്കമില്ലാത്ത ജനാധിപത്യഭരണമാണ് നമ്മുടേത്. നാലു കിലോമീറ്ററിനപ്പുറത്ത് മലബാർ ഗോൾഡിൽ മറ്റൊരു മാരക വിഷ വിതരണ സംരംഭമൊരുക്കാനും ഗവൺമെന്റിന് പ്രയാസമേതുമില്ല. വർഷങ്ങളേറെയായി അവിടെ ജനങ്ങൾ സമരരംഗത്താണ്.

പാചക വാതക ബോട്ട്ലിംഗ് പ്ലാന്റുകൾ കേരളത്തിൽ മൂന്നെണ്ണമാണുള്ളത്. ചേളാരിയിലും ഉദയംപേരൂരിലും പാരിപ്പള്ളിയിലുമാണവ. അവിടേക്ക് വാതകം കൊണ്ടുവരുന്നതാകട്ടെ മംഗലാപുരം തുറമുഖം വഴിയും. കൊച്ചിയിൽ തുറമുഖമില്ലേ പിന്നെ എന്തിന് മംഗലാപുരത്തെ ആശ്രയിക്കണം എന്നൊന്നും ചോദിച്ചു കളയരുത്. മംഗലാപുരത്തുനിന്ന് നൂറുകണക്കിന് ലോറികളിലാണല്ലോ വാതകം ആദ്യം പ്ലാന്റിലേക്കും പിന്നെ സിലിണ്ടറിലാക്കി ഏജൻസികളുടെ ഗോഡൗണുകളിലേക്കും എത്തിക്കുന്നത്. അതും തീവണ്ടിയിലെ റോ റോ സിസ്റ്റം വഴിയോ ജലഗതാഗതം വഴിയോ സാധ്യമാക്കിക്കൂടേ? അങ്ങനെയാണെങ്കിൽ നമ്മുടെ പ്രധാന പാതകളിലെതിരക്കും അപകടവും എത്രയോ കുറയ്ക്കാനാവില്ലേ? ഇങ്ങനെ അന്വേഷിക്കുമ്പോഴാണ് ജനങ്ങളുടെ സുരക്ഷയെക്കാൾ ഗവണ്മെന്റിനു പ്രധാനം സമ്പന്ന ലോബിയുടെ താൽപ്പര്യങ്ങളാണെന്നു വെളിപ്പെടുന്നത്.

പാചക വാതകമേൽപ്പിക്കുന്ന ഇരുട്ടടികളാണ് കുറെകാലമായി നമ്മുടെ മുഖ്യ ജീവൽപ്രശ്നം. ഇപ്പോഴത് ഏതു നിമിഷവും സർവ്വസംഹാരിയായിത്തീരാമെന്ന അവസ്ഥയിൽചില പ്രദേശങ്ങളെ കിടിലം കൊള്ളിക്കുകയും ചെയ്യുന്നു. ചേളാരി ഐഒസിയിൽ സിബിഐ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ചുള്ള അന്വേഷണം ജനങ്ങളുടെ കണ്ണു തുറപ്പിക്കേണ്ടതുണ്ട്. ജനജീവിതത്തിന്റെ സുരക്ഷക്ക് ഉതകുംവിധം ക്രമീകരണമില്ല എന്നുണ്ടെങ്കിൽ പ്ലാന്റ് പ്രവർത്തനം അടിയന്തിരമായി നിർത്തിവെക്കണം. അതുറപ്പാക്കിയിട്ടേ നമുക്കു വിശ്രമിക്കാനാവൂ.



# രംഗം ഒന്ന്
## കൂട്ടാത്മഹത്യ..

**അഞ്ചു വർഷം മുന്നേ താനും തന്റെ അപ്പനും അമ്മയും ഗ്രാമവും കണ്ട ഒരു നാടകം വീണ്ടും അരങ്ങ് തകർക്കാൻ പോവുന്നു. 'തിരഞ്ഞെടുപ്പ് നാടകം**

ഗ്രാമത്തിലെ ആശുപത്രിയിലെ തുരുമ്പിന്റെ ഗന്ധം മൂക്കിൽ അടിച്ച അവൾ തന്റെ തളർന്ന കണ്ണുകൾ പതിയെ തുറക്കാൻ ശ്രമിച്ചു. തലക്കകത്തെ പെരുപ്പം ആ മിഴികൾ ഉള്ളിലേക്ക് വലിക്കവെ മിന്നൽ പോലെ തലച്ചോറിൽ നാല് ദിവസങ്ങൾക്ക് മുന്നേ അരങ്ങേറിയ നാടകം ഇരച്ചുകയറി. അതൊരു നാടകമായിരുന്നില്ല.... യാഥാർത്ഥ്യം... മണ്ണ് പൊന്നാക്കുന്നവന്റെ അന്തിമ യാമം...

തിരിച്ചറിവിന്റെ വേദനയോടെ അവൾ ആ കണ്ണുകൾ ശക്തമായി ഒന്ന് ഉള്ളിലേക്കമർത്തി. ചുടു രക്തത്തേക്കാൾ കട്ടിയുള്ള നീർ പ്രവാഹം. ബാക്കിയായത് അവൾ മാത്രം. കർഷക സമൂഹം അവൾക്കായി പ്രാർത്ഥനയോടെ കണ്ടത്തിൽ പണിയെടുക്കുന്നു. മാധ്യമങ്ങൾക്ക് അവൾ ഇനി കുറച്ചു ദിവസങ്ങൾക്ക് പങ്ക് വെക്കാനുള്ള രസകരമായ വിഭവം. 'ഉത്തരേന്ത്യയിൽ വീണ്ടും കർഷക കുടുംബം കൂട്ട ആത്മഹത്യക്ക് കീഴടങ്ങി'. 'കുടുംബത്തിലെ 18 വയസ്സുള്ള മകൾ സാൻവി ഗുരുതരാവസ്ഥ തരണം ചെയതു... ആശുപത്രി മൂലയിൽ നിന്നും ടിവിയുടെ ശബ്ദം അവളുടെ ചെവിയിൽ പ്രതിധ്വനിച്ചു. വാർഡിനു നടുവിലൂടെ നിലവിളിച്ചു പരക്കം പാഞ്ഞ അവൾ ഒരു നിമിഷം ടിവിക്കു മുന്നിൽ മരവിച്ചു നിന്നു. അപ്പനും അമ്മയും കുഞ്ഞനിയനും അമ്മാമ്മയും മാമനും മാമിയും കുഞ്ഞു മക്കളും അതാ ചിരിച്ചു കൊണ്ട് നിൽകുന്നു. പതുക്കെ ആ കണ്ണുകൾ അവരെ നോക്കി അടഞ്ഞു. അവൾ നിലം പതിച്ചു.

മാസങ്ങൾ കടന്നു പോയി. നീറുന്ന വേദനയോടെ പകലിന്റെ വെളിച്ചവും രാത്രിയുടെ അന്ധകാരവും അവൾ ചിലവഴിച്ചു. അവളോടൊപ്പം രാത്രിയിൽ വെളിച്ചമില്ലാത്ത ആ ഗ്രാമവും...

പെട്ടെന്ന് ഒരു ദിവസം അവൾ അറിഞ്ഞു; അഞ്ചു വർഷം മുന്നേ താനും തന്റെ അപ്പനും അമ്മയും ഗ്രാമവും കണ്ട ഒരു നാടകം വീണ്ടും അരങ്ങ് തകർക്കാൻ പോവുന്നു. 'തിരഞ്ഞെടുപ്പ് നാടകം'; രാഷ്ട്രീയ പാർട്ടികൾ സ്വയം തിരക്കഥയും നേതാക്കൾ സംഭാഷണവും നിർവഹിക്കുന്ന അതി ഗംഭീര നാടകം. ഗ്രാമം മുഴുവനും എളിമയോടെ തെണ്ടി ഒടുവിൽ അവർ അവൾക്ക് മുന്നിലും എത്തി. ''മോളുടെ അച്ഛനമ്മമാരുടെ മരണത്തിൽ ഞങ്ങൾ ഖേദിക്കുന്നു. മോൾക്ക് എന്ത് സഹായവും ഞങ്ങൾ ചെയ്യും. നിങ്ങൾ കർഷകരുടെ ക്ഷേമം ഞങ്ങളുടെ കർത്തവ്യമാണ്. നമ്മുടെ ചിഹ്നം മറക്കല്ലേ..''

ബാക്കിയൊന്നും അവൾ കേട്ടില്ല.. കേട്ടു കേട്ടു മനപ്പാഠമായതുകൊണ്ടാവാം.. ഇപ്രാവശ്യവും കർഷക ക്ഷേമമാണ് പ്രധാന അജണ്ട. ഇത്തവണയും... അവർ ഗ്രാമത്തിൽ കൊണ്ടുവന്ന റോഡും, വെള്ളവും, ഇറിഗേഷൻ പൈപ്പും, വീടുകളിലെ വെളിച്ചവും എല്ലാം ഒരു നെടുവീർപ്പോടെ കണ്ണോടിച്ച് അവൾ അവളുടെ ഇരുമുറി കൂരയിലേക്ക് കയറി..അവൾക്ക് മുന്നിൽ എവിടെ നിന്നോ വന്ന കാറ്റ് ആ വീടിന്റെ കതകടച്ചു. കാലിയായ ഫ്യൂരിടാൻ കുപ്പിയിലേക്ക് തറപ്പിച്ച് നോക്കിക്കൊണ്ട് അവൾ മനസ്സിൽ ആരെയോ ദഹിപ്പിച്ചു...

അവിടം നാടകം വീണ്ടും കീഴടക്കി... ഫലം വിജയം...

**ഹിബ ഹെന്ന**
ബി.എ. ഇക്കണോമിക്സ്, ഒന്നാം വർഷം

# വർഗ്ഗീയതക്കെതിരെ നിതാന്ത ജാഗ്രതയും ഐക്യബോധവും വളരണം

മനുഷ്യന്റെ എല്ലാ ഘടനകൾക്കും ഒരു ഉപരിതലവും ഒരു അധ:സ്ഥലവും ഉണ്ട്. അതുപോലെ തന്നെ ഒരു ചീത്തവശവും ഒരു നല്ല വശവുമുണ്ട്. മതത്തിലും അങ്ങനെയൊരു ഉപരി മേഖലയും അധോമേഖലയും നമുക്ക് കാണാൻ സാധിക്കും .അതുപോലെ തന്നെ നല്ല വശവും ചീത്ത വശവും കാണാൻ സാധിക്കുന്നു.

ഉപരി മേഖലയും നല്ല വശങ്ങളും മതങ്ങളിലോ പ്രസ്ഥാനങ്ങളിലോ പെട്ട വളരെ വലിയ മഹാന്മാരുടെ ജീവിതത്തിൽ കാണുന്ന ഒരു അത്ഭുത പ്രതിഭാസമായിരിക്കും. താഴെ ഇതിന്റെ അനുകരണങ്ങളും ഒത്തുതീർപ്പുകളും ഒളിച്ചോട്ടങ്ങളും തിരുത്തലുകളും എല്ലാമായി ഒരു ലോകം സൃഷ്ടിക്കപ്പെടുന്നു. വർഗീയത മതത്തിന്റെ അധഃസ്ഥലത്തേയും ചീത്ത വശത്തിന്റെയും ഭാഗമാണ്. കാരണം, എല്ലാ മതത്തിന്റെയും പ്രവാചകർ മുഴുവനും മനുഷ്യരുടെ സൗഹാർദ്ദത്തിൽ അടിയുറച്ച് വിശ്വസിക്കുന്നവരാണ്. എല്ലാ മതത്തിന്റെയും ആത്യന്തികമായ ലക്ഷ്യം മനുഷ്യന്റെ സംസ്കരണമാണ്. നന്മയിലേക്കുള്ള സംസ്കരണമാണ്

അതില്ലാതെ മതമില്ല ,ഇസ്ലാമായാലും ഹിന്ദു മതമായാലും ക്രിസ്തു മതമായാലും ഇവയെല്ലാം സത്യാന്വേഷണ വഴികളാണ്.

ദൈവത്തിൽ വിശ്വസിക്കുന്നില്ലെങ്കിലും കാരുണ്യ പൂർണ്ണമായ സൃഷ്ടിയാണ് ഈ ലോകം എന്ന് ബുദ്ധമതവും വിശ്വസിക്കുന്നുണ്ട്. ഇങ്ങനെ ഏത് മതമായാലും അതിനവർക്ക് ഭിന്നതയില്ല. മതത്തിന്റെ ഉൽഭവ കാരണം തന്നെ സംഘട്ടനങ്ങളിൽ നിന്നുള്ള മോചനമാണ്, കുറെ കഴിയുമ്പോൾ ഈ വർഗീയ ശക്തികൾ ഇതിനെ പിടിച്ചെടുക്കും. ഇതാണ് ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ സംഭവിക്കുന്നത്.



**ഷിബത്തുള്ള ടി.കെ.**
എം.കോം. രണ്ടാം വർഷം

വർഗ്ഗീയവാദികൾ താണ്ഡവമാടുന്നു  ഇതിന്റെ ഉത്തരങ്ങളാണ് അതിൽ ചില ജന്മങ്ങൾ കരിഞ്ഞമരുന്നത്. കൽബുർഗി ,ഗൗരിലങ്കേഷ്, ഗോവിന്ദ് പൻസാരെ, നരേന്ദ്ര ദാബോൽക്കർ, രോഹിത് വെമുല  ഒടുവിൽ ജുനൈദ്, അങ്ങനെ നീണ്ടുപോകുന്ന ആ പട്ടികയിൽ ഒരു പക്ഷേ നിങ്ങളും ഇടംപിടിച്ചേക്കാം.

അധോലോകത്തിന്റ ശക്തി അഥവാ വർഗീയതയുടെ ശക്തി കൂടിക്കൂടി വരികയും മതമെന്നത് ചീത്തയാണെന്ന് ധാരണ ആകെ ആളിപ്പടരുകയും ചെയ്യുന്നു.

**മതത്തിന്റെ ഉത്ഭവ കാരണം തന്നെ സംഘട്ടനങ്ങളിൽ നിന്നുള്ള മോചനമാണ്, കുറെ കഴിയുമ്പോൾ ഈ വർഗീയ ശക്തികൾ ഇതിനെ പിടിച്ചെടുക്കും. ഇതാണ് ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ സംഭവിക്കുന്നത്. വർഗ്ഗീയവാദികൾ താണ്ഡവമാടുന്നു**

ബിജെപി പോലുള്ള പാർട്ടികൾ ഈയൊരു വഴിക്കാണ് സഞ്ചരിക്കുന്നത്, ഹിന്ദുമതത്തിന്റ പേരിലാണ് അവർ എല്ലാം ചെയ്യുന്നത് പക്ഷേ അവർ പറയുന്നു ബ്രഹ്മണം അധോലോകത്തിലെ മതമാണ്. നമുക്ക് ചുറ്റും ഹിന്ദുമതത്തിനെ രാഷ്ട്രീയ ഉപകരണമായി ഇന്ന് കാണപ്പെടുകയാണ്. അതിൽനിന്ന് മോചിതരാകുവാൻ ഒരാധ്യാത്മിക നേതൃത്വം ഉയർന്നുവരികയല്ലാതെ നിവൃത്തിയില്ല. അതുകൊണ്ടുതന്നെ ഈ വർഗീയതയെ ശരിയായ ആധ്യാത്മികതയുടെ നേതൃത്വത്തിൽ എതിരിടേണ്ടിയിരുക്കുന്നു. പള്ളികൾ കൂടുന്നു, അമ്പലങ്ങൾ കൂടുന്നു, ആരാധനാലയങ്ങൾക്ക് വേണ്ടി ജീവൻ കൊടുക്കാൻ തയ്യാറാകുന്നവരുടെ സംഖ്യ കൂടുന്നതാണ് എവിടെയും കാണാൻ കഴിയുന്നത്.

വർഗ്ഗീയതയുടെ പേരിൽ ഇന്ത്യയുടെ ആത്മാവ് എത്രത്തോളം മുറിവേറ്റിരിക്കുന്നു എന്നതിന് ഏറ്റവും വലിയ തെളിവാണ് വർഗ്ഗീയവാദികളുടെ മഹത്വവൽക്കരണം. ഇത് ഇന്ത്യയെ അപകടത്തിലേക്ക് നയിക്കും എന്നതിൽ സംശയമില്ല.നമ്മുടെ നാട്ടിലെ ഗാന്ധിയന്മാർ പോലും ഇതിനെതിരെ ഉരിയാടുന്നില്ല എന്ന് മാത്രമല്ല അവർക്ക് ചൂട്ട് കത്തിക്കുന്നതും വലിയ പാതകമാണ്. ഗ്രാമ മുഖ്യരുടെ തുപ്പൽ നക്കാൻ  നിർബന്ധിതരായ ബീഹാറിലെ ഗ്രാമീണൻ ആത്മഹത്യചെയ്ത വാർത്തകളും ആരിലും നടുക്കമുണ്ടാക്കിയില്ല. ഗ്രാമത്തിലെ പുരോഹിതൻ രാജ് കുമാർ ഝാ 17 കാരി മകളെ ശല്യം ചെയ്തതിന് വാക്കേറ്റമുണ്ടായി. ഈ പ്രശ്നം ഗ്രാമപഞ്ചായത്തിന് അടുക്കലെത്തി ,അവർ 21,000 രൂപ പിഴ ഈടാക്കാൻ തീരുമാനിച്ചു അദ്ദേഹത്തിന് അതിന് വകയുണ്ടായിരുന്നില്ല. ദയാദാക്ഷീണ്യത്തിനായി  യാചിച്ചപ്പോൾ തങ്ങളുടെ തുപ്പൽ നക്കാൻ ചില പഞ്ചായത്ത് അംഗങ്ങൾ ആവശ്യപ്പെട്ടു. ഗത്യന്തരമില്ലാതെ അത് അദ്ദേഹത്തിന് ചെയ്യേണ്ടി വന്നു. തിരിച്ചു വീട്ടിൽ എത്തിയപ്പോൾ കീടനാശിനി കഴിച്ച് ആത്മഹത്യ ചെയ്ത റിപ്പോർട്ട് പത്രത്തിൽ വന്നത് ആരെയും അലോസരപ്പെടുത്തിയില്ല. ഇതാണ് ഇന്ത്യയുടെ യഥാർത്ഥ ചിത്രം എന്നറിയണം .ഇത്തരം നീചമായ പ്രവർത്തികൾ ചെയ്യുന്നവർ മാതൃകാപരമായി ശിക്ഷിക്കപ്പെടുന്നില്ല എന്നതാണ് ഏറ്റവും വലിയ സത്യാവസ്ഥ. അതുകൊണ്ടാണല്ലോ ഇത്തരം നീച പ്രവർത്തികൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. കോടതികൾ പോലും മതം നോക്കി വിധി പറയുന്ന ഈ കാലത്ത് സ്വന്തം ജീവനു വേണ്ടി സംരക്ഷണം നൽകുന്ന പോലീസ് പോലും ഇത്തരം ചെയ്തികൾക്ക് കാവൽ നിൽക്കുന്നു.  ഇവ രണ്ടും കടുത്ത അരാജകത്വത്തിലേക്ക് ഇന്ത്യയെ നയിക്കും. ഇന്ത്യയിൽ ദളിതരുടേയും ന്യൂനപക്ഷങ്ങളുടെയും നില പരിതാപകരമാണ്. സ്വർണ്ണക്കുപ്പായമിട്ട ഭരണാധികാരികൾ വലിയ വായയിൽ രാജ്യത്തെ അഭിസംബോധന ചെയ്യുമ്പോൾ അവരുടെ പീഢനങ്ങൾക്ക് ഇരയാകുന്ന ദളി



തർക്കും ന്യൂനപക്ഷങ്ങൾക്കും രക്ഷയുണ്ടാവുന്നില്ല.

യഥാർത്ഥ രാഷ്ട്രീയം എന്തെന്നും മതം എന്തെന്നും തിരിച്ചറിയാൻ കഴിയാത്ത സ്ഥിതി കൈവന്നിരിക്കുന്നു. യഥാർത്ഥ രാഷ്ട്രീയം മനുഷ്യന്റെ സാംസ്കാരികമായ ഉയർച്ചക്ക് ഏറ്റവും അനുകൂലമായ അവസ്ഥയാണ്. ശരിയായ രാഷ്ട്രീയം മനുഷ്യന്റെ ആന്തരികമായ ശക്തിയിൽ വിശ്വസിക്കുന്നതാണ്. അവിടെ മതിലുകളില്ല, മതിലുകളുടെ ലോകത്താണ് നാം ജീവിക്കുന്നത്. ആ മതിലുകൾ പൊളിക്കാൻ രാഷ്ട്രീയ നേതാക്കൾക്ക് ധൈര്യമില്ല.

തങ്ങളുടെ നിലനിൽപ്പ് അപകടത്തിലാകുമെന്ന് അറിയാവുന്നതുകൊണ്ട് മതിലുകൾ ഉയർത്തുന്ന തിരക്കിലാണ് അവർ. മതത്തിൽ രാഷ്ട്രീയവും രാഷ്ട്രീയത്തിൽ മതവും കടന്നുകൂടാ, രണ്ടും അപകടം ചെയ്യും.

മതേതരത്വം എന്നാൽ കേവലം മതനിരപേക്ഷത എന്ന അർത്ഥം വന്നത് സെക്കുലറിസം എന്ന വാക്ക് ഭാഷാന്തരം ചെയ്തതിൽ വന്ന തെറ്റാണ് .

സെക്കുലറിസം എന്ന വാക്ക് പത്തൊമ്പതാം നൂറ്റാണ്ടിലെ യൂറോപ്യൻ ചിന്തയുടെ ഭാഗമാണ്. നമ്മൾ ആ രീതിയിലല്ല മതേതരത്വത്തെ കണ്ടതും കാണേണ്ടതും. അതുകൊണ്ട് ആ വാക്കിനൊരു തർജ്ജമ കിട്ടാൻ പ്രയാസമാണ് .മതേതര ബന്ധമെന്നത് പത്രഭാഷയാണ് മതേതരം എന്നാൽ മതമല്ലാത്തത് എന്നാണ് സാമാന്യ ധാരണ.

രാഷ്ട്രം എല്ലാ മതത്തിനും തുല്യ പരിഗണന നൽകുക, രാഷ്ട്ര നടത്തിപ്പിൽ മതത്തിന് നേരിട്ട് പങ്കില്ലാതിരിക്കുക, മതത്തിന് ഒരു രാഷ്ട്രീയ ശക്തിയായി ഉയരാൻ കഴിയാത്ത അവസ്ഥയാണ് ശരിയായ മതേതരത്വം. ഇപ്പോൾ ബിജെപി ഭരണഘടനയുടെ മൗലികമായ കാഴ്ചപ്പാടിനെ എതിർക്കപ്പെടുകയും രാഷ്ട്രീയത്തിൽ മതത്തെ ഉപയോഗിച്ചുകൊണ്ട് വളരെ ദൂരം മുന്നോട്ട് പോയി കഴിഞ്ഞിരിക്കുകയുമാണ്.

ഒരു കാലത്ത് ബ്രിട്ടീഷുകാർ എങ്ങനെ മതത്തെ ഉപയോഗിച്ചു അതുപോലെ ഉപയോഗിക്കുകയാണ് ബി.ജെ.പിയും ഇന്ത്യാവിഭജനകാലത്തെ ഒലിച്ചൊഴുകിയ വ്രണം വലിച്ചു കുടിക്കുകയാണ് ബിജെപിയും സംഘപരിവാറും ചെയ്തുകൊണ്ടിരിക്കുന്നത്.

തീവ്ര ഹിന്ദുത്വം വിളമ്പുന്ന പാർട്ടികളിലെ നേതാക്കന്മാരെ എടുത്തുനോക്കൂ.. അവർക്കൊന്നും മതവുമായി ഒരു ബന്ധവുമില്ല. നരേന്ദ്രമോഡിയെ തന്നെ നോക്കൂ.. ഹിന്ദുമതത്തിന്റ ഏത് വശത്തിലാണ് മോദി അധികാരത്തിൽ ഇരിക്കുന്നത്? അദ്ദേഹത്തിന് ഉപനിഷത്തിനെ കുറിച്ചുള്ള, ഭഗവത് ഗീതയെ പറ്റിയുള്ള ജ്ഞാനമെന്താണ്? ഇതിലൊന്നും യാതൊരു പാണ്ഡിത്യവുമില്ലാത്തയാൾ ഹിന്ദുത്വത്തിന്റ വാക്താവായിത്തീരുന്നതും ഇതിന്റ പേരിൽ അധികാരമുറപ്പിക്കുന്നതും എങ്ങനെ?

ഹിന്ദു ഇതര സമൂഹം ഹിന്ദുത്വത്തിനെ തിരാണന് പറയുന്നതാണ് ഇവരുടെ ആകെ മൂല്യം.

**സ്വർണ്ണക്കുപ്പായമിട്ട ഭരണാധികാരികൾ വലിയ വായയിൽ രാജ്യത്തെ അഭിസംബോധന ചെയ്യുമ്പോൾ അവരുടെ പീഡനങ്ങൾക്ക് ഇരയാകുന്ന ദളിതർക്കും ന്യൂനപക്ഷങ്ങൾക്കും രക്ഷയുണ്ടാവുന്നില്ല.**

ദളിതനായാലും ബ്രാഹ്മണനായാലും ജാതിയെന്ന ചിന്ത ഉപേക്ഷിക്കണം. ഒരു സങ്കുചിതത്വത്തിൽ നിന്നു നിന്ന്കൊ ണ്ട് മറ്റൊരു സങ്കുചിതത്വത്തെ നേരിടാൻ കഴിയില്ല. ചരിത്രത്തിൽ ഒരിടത്തും ഒരിക്കലും ഇങ്ങനെ സാധിച്ചതായി കാണാനും സാധിക്കില്ല. വർഗ്ഗീയത ശരിയായ മതത്തിന് എതിരാവുന്നത് എങ്ങനെയാണോ അതേപോലെതന്നെ ശരിയായ രാഷ്ട്രീയത്തിന് ഇത് ഭീഷണിയാണ്. സാർവലൗകിക മത മൈത്രിയെ വർഗീയത തകർക്കുകയാണ്. ഈ അവസ്ഥയിൽ ശരിയായ മതബോധവും ശരിയായ രാഷ്ട്രീയ



ബോധവും വർഗ്ഗീയതക്കെതിരെ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്.

മതേതര രാഷ്ട്രീയ കക്ഷികൾ ദൈനംദിന രാഷ്ട്രീയത്തിന്റെ വാചകങ്ങൾക്കുപരി യതാർഥ രാഷ്ട്രീയം പറയാൻ തയ്യാറാവണം. അർത്ഥശൂന്യമായ രാഷ്ട്രീയ വാചകങ്ങൾക്കുപരി യതാർഥ രാഷ്ട്രീയം ഇവിടെ ചർച്ച ചെയ്യപ്പെടുന്നില്ല.

മതേതരത്വം പരസ്പരം ശബ്ദിക്കാൻ ഉപയോഗിക്കുന്ന വാക്കായി മാറിയിരിക്കുന്നു. മതേതര രാഷ്ട്രീയ പ്രബുദ്ധതയിലൂടെ മാത്രമേ വർഗീയതയെ പടിക്ക് പുറത്താക്കാൻ സാധിക്കുകയുള്ളൂ. ശരിയായ മതബോധത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരും മതേതരമായി ചിന്തിക്കുന്നവരും വർഗീയതക്കെതിരെ അണിനിരക്കണമെന്ന് പറയുമ്പോൾ അതിനായി ഒരു ഔപചാരിക വേദി കൂടിയെ തീരൂ എന്നർത്ഥമില്ല. മതമില്ലാത്തവർക്കും ചില വിശ്വാസങ്ങൾ ഉണ്ട്, അതാണ് അവരുടെ മതം. മതത്തെ വിശാല അർത്ഥത്തിലാണ് പരിഗണിക്കേണ്ടത്.

**ഇത്തരം നിലപാടുകൾ എടുക്കുമ്പോൾ തൽക്കാലം രണ്ട് സീറ്റ് നഷ്ടപ്പെട്ടു പോയാലും കാലാന്തരത്തിൽ അതിന്റെ സൗന്ദര്യവും ഗുണവും രാജ്യത്തിന് ആസ്വദിക്കാൻ സാധിക്കും. വർഗ്ഗീയശക്തികൾക്കെതിരെ മുന്നേറ്റം തിരഞ്ഞെടുപ്പ് സഖ്യത്തേക്കാൾ അഗാധമായ സാമൂഹിക പ്രസ്ഥാനമാണ്, ഒരു നവോത്ഥാനപ്രസ്ഥാനമാണ്.**

എല്ലാ മതക്കാർക്കും ഏക ജനാധിപത്യ ക്രമമുണ്ട്. ഒന്നിച്ച് നിൽക്കാൻ സാധിക്കും എന്ന് വിശ്വസിക്കുന്നവരുടെ ഒരു സമുച്ചയമാണ് ഇവിടെ ആവിശ്യം. ഇതിന്റെ ഉദാഹരണമാണല്ലോ ഒരു മഹാ പ്രളയം വന്നപ്പോൾ മതമുള്ളവനും ഇല്ലാത്തവനും തോളോട് തോൾ ചേർന്ന് നാം അതിജീവിച്ചത്. പ്രളയ കാലത്ത് പല ദുരിതാശ്വാസ ക്യാമ്പുകളും പ്രവർത്തിച്ചത് പള്ളികളിലും മദ്രസകളിലും അമ്പലങ്ങളിലും ആയിരുന്നല്ലോ.

എല്ലാ മതക്കാരും ഒരു വീട്ടിൽ കഴിയുന്നതും ഒരുമിച്ച് ഭക്ഷിക്കുന്നതും നേരിൽ കണ്ടു. ആ മഹാ പ്രളയത്തിൽ മതേതരത്വത്തിന്റെ സൗന്ദര്യം നാം ഓരോരുത്തരും ആസ്വദിച്ചു, ഓരോരുത്തരും രുചിച്ചറിഞ്ഞു, ഈ സുഗന്ധമാണ് ഇന്ത്യ ഒട്ടാകെ പരക്കേണ്ടത്. വർഗ്ഗീയത ഒരു മതപരമായ പ്രവണതയല്ല, രാഷ്ട്രീയമായ ശൈലിയാണ് എല്ലാ മതേതര പാർട്ടികളും ഒരു ആശങ്കയായി ചർച്ച ചെയ്താൽ തന്നെ വർഗീയതയെ നിഷ്പ്രഭമാക്കാനാകും.

ഇത്തരം നിലപാടുകൾ എടുക്കുമ്പോൾ തൽക്കാലം രണ്ട് സീറ്റ് നഷ്ടപ്പെട്ടു പോയാലും കാലാന്തരത്തിൽ അതിന്റെ സൗന്ദര്യവും ഗുണവും രാജ്യത്തിന് ആസ്വദിക്കാൻ സാധിക്കും. വർഗീയശക്തികൾക്കെതിരെ മുന്നേറ്റം തിരഞ്ഞെടുപ്പ് സഖ്യത്തേക്കാൾ അഗാധമായ സാമൂഹിക പ്രസ്ഥാനമാണ്, ഒരു നവോത്ഥാന പ്രസ്ഥാനമാണ്. ഇതിനായി എല്ലാ രാഷ്ട്രീയകക്ഷികളും പോരാടണം:

മതത്തിന്റെ പേരിൽ മതവിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നതാണ് ചിലരുടെ മതം. അതാണ് നാമിന്നു ചുറ്റും കാണുന്നത്. ഇതിനെ എതിർത്ത് തോൽപ്പിച്ചുകൊണ്ട് മാത്രമേ മാനവികതക്ക് മുന്നോട്ടു പോകാൻ സാധിക്കൂ. അല്ലാതെ നമുക്ക് മോചനമില്ല, കാലം ഏൽക്കുന്ന മുറിവ് ഉണക്കാൻ അസഹിഷ്ണുതയോട് സഹിഷ്ണുതയാവാൻ, സ്വപ്നങ്ങൾ കത്തിയമരുമ്പോൾ പ്രതീക്ഷയുടെ വെട്ടം പിടിക്കാൻ, മതേതരവാദികൾ മതേതരത്വത്തിന് വലിയ ചൂട്ടുപിടിച്ച് വെളിച്ചം വീശണം. രാഷ്ട്രം സ്വന്തം സംഹിതക്ക് ചെറുതാണന്ന് രാഷ്ട്രീയപാർട്ടികൾക്ക് തോന്നിയാൽ അത് രാജ്യത്തെതന്നെ ഇല്ലാതാക്കും, ഇത് ആരും മറന്നു പോകരുത്.



# കുടിയേറ്റം

എന്നിട്ടും വീടിനെയും നാടിനെയും
എടുത്തു മടക്കി ബാഗിൽ വെച്ച്
അവരോടൊപ്പം കൊണ്ടുപോയി
അവർ, ദേശങ്ങളിൽ നിന്ന് ദേശങ്ങളിലേക്ക്,
പുതിയ സ്ഥലം, വീട്
പരിചയക്കാർ...
എല്ലാം ഒന്നീന്ന് തുടങ്ങണം.

**റാഷിദ ഹന്നത്ത് സി.**
ബി.എ. വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, ഒന്നാം വർഷം

# മതി അഴിമതി



ജനാധിപത്യത്തിന്റ ആപ്തവാക്യങ്ങളെ പണാധിപത്യത്തിന് വഴിമാറ്റിക്കൊണ്ടിരിക്കുന്ന നേതാക്കളും അതിനു ചൂട്ടുപിടിക്കുന്ന അണികളുമുള്ള നാട്ടിലാണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. ഒട്ടനവധി മഹാത്മാക്കൾ ജീവൻകൊടുത്തും രക്തം കൊടുത്തും നേടിയെടുത്ത ഈ രാജ്യം ഇന്ന് അഴിമതിയിൽ കുളിച്ചു നിൽക്കുകയാണ്. നമ്മുടെയൊക്കെ വിരലുകളിൽ എണ്ണാവുന്നതിലധികമുള്ള  കുംഭകോണങ്ങളുടെ കണക്കുകൾ നമുക്ക് മുന്നിലുണ്ട്. ഇന്ത്യൻ ചേരികളിൽപട്ടിണിപ്പാവങ്ങൾഒരുനേരത്തെ അന്നത്തിനു വേണ്ടി കരഞ്ഞു കാത്തിരിക്കുന്ന ഈ കാലത്ത് തന്നെയാണ് കോടിക്കണക്കിന് രൂപയുടെ അഴിമതി ഈ രാജ്യത്തെ ഭരണ വർഗ്ഗക്കാരും അധികാരി വർഗ്ഗങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്.

നാം തിരിച്ചറിയേണ്ടത് രാഷ്ട്രീയ മേധാവികൾക്കപ്പുറം ഈ രാജ്യത്തെ ഭരണ കേന്ദ്രങ്ങളിലെ  ഉദ്യോഗസ്ഥ വർഗ്ഗവും, എന്തിനേറെ നീതിന്യായവ്യവസ്ഥപോലുംഇന്ന്അഴിമതിയിൽ മുങ്ങിക്കുളിച്ച് കൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവന്റ നികുതിപ്പണം സ്വന്തം കീശയിൽ കുത്തി നിറക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ നേതാക്കൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം  ജീവിക്കുന്നത്.

ഇന്ന്  ഇന്ത്യ നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ അഴിമതി കുംഭകോണമാണ്. മോദി സർക്കാറിന്റെ  റാഫേൽ അഴിമതി. 13000 കോടിയുടെ നഷ്ടമാണ് റാഫേൽ യുദ്ധവിമാനങ്ങളുടെ അഴിമതിയിൽ കണക്കാക്കപ്പെടുന്നത്. മോദി സർക്കാരിന്റ വലിയൊരു ഗൂഢ ഹിഡൻ അജണ്ടയുടെ ഭാഗമായിട്ടാണ് ഈ അഴിമതി നടക്കുന്നത്.1929ൽ മാർസൽ ഡസോൾട്ട്  ആരംഭിച്ച ഗ്രൂപ്പാണ് അഗ്നി സ്ഫോടനം എന്നർത്ഥമുള്ള ഇരട്ട എഞ്ചിൻ റാഫേൽ പോർവിമാനത്തിന്റെ ഉടമകൾ. ദികാരവാർ ഓൺലൈൻ മാസികയുടെ നിർഭയനായ പത്രപ്രവർത്തകൻ സാഗർ ചൗധരി നടത്തിയ അന്വേഷണത്തിലാണ്  കൂടുതൽ വിവരങ്ങൾ പുറത്തുവന്നത്.

റാഫേൽ  പോർവിമാനം അതിന്റെ സാങ്കേതിക മികവ് കൊണ്ട് യുദ്ധവിമാനത്തെ വെല്ലുമെന്നതിൽ രണ്ടുപക്ഷമില്ല.  ഈജിപ്ത്, ഖത്തർ, മാലിദ്വീപ് ,അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിലെ വ്യോമ സേനയും  സിറിയ, ഇറാഖ് മേഖലകളിലും ഈ  യുദ്ധവിമാനങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്. മിസൈൽ വാഹക ശേഷിയും ഭൂഖണ്ഡാന്തര സഞ്ചാര

**പാവപ്പെട്ടവന്റെ നികുതിപ്പണം സ്വന്തം കീശയിൽ കുത്തി നിറക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ നേതാക്കൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം  ജീവിക്കുന്നത്**

**സഫ്വാൻ ഇല്ലിക്കൽ**
എം കോം , ഒന്നാം വർഷം

**13,000 കോടി രൂപ തട്ടിയെടുക്കുക വഴി പട്ടിണി പ്പാവങ്ങളടങ്ങുന്ന ഈ രാജ്യത്തിന്റെ ഖജനാവിൽ നിന്ന് മോദി വലിയൊരു പകൽക്കൊള്ളയാണ് നടത്തിയത്. സംയുക്ത പാർലമെൻറ് സമിതി അന്വേഷിക്കണമെന്ന ആവശ്യത്തെ സർക്കാർ അംഗീകരിക്കാൻ തയ്യാറാകാത്തത് തന്നെ മടിയിൽ കനമുണ്ടെന്നതിന്റെ തെളിവാണ്.**

സംവിധാനവുമുള്ള വിമാനത്തിന്റ ഗണത്തിൽപ്പെടുന്നത് കൊണ്ടാണ് അന്നത്തെ ഡിഫൻസ് പ്രൊക്യുർമെന്റ് റാഫേലിന് അനുമതി നൽകിയത്

രണ്ടാം യുപിഎ സർക്കാറിന്റ കാലത്ത് അന്നത്തെ പ്രധാനമന്ത്രി മൻമോഹൻ സിങ്ങും പ്രതിരോധമന്ത്രി എ കെ ആന്റെണിയുമാണ് ആഗോള ടെൻഡർ വിളിച്ച് ഫ്രഞ്ച് സർക്കാറുമായി അവിടത്തെ ഡസോ കമ്പനിയുമായി ബന്ധിപ്പിച്ചുകൊണ്ട് റഫേൽ യുദ്ധവിമാന കരാർ ഒപ്പുവെക്കുന്നത്. 18 യുദ്ധ വിമാനങ്ങൾ ഹിന്ദുസ്ഥാൻ എയറോനോട്ടിക്കൽലിമിറ്റഡുമായി ചേർന്ന് നിർമ്മിക്കാനായിരുന്നു ധാരണ. വിമാന നിർമാണത്തിന്റെ സാങ്കേതിക വിദ്യ ഇന്ത്യക്ക് കൈമാറണമെന്നും വ്യവസ്ഥ ഉണ്ടായിരുന്നു രാജ്യത്തിന്റ പ്രതിരോധ രംഗത്തെ നിർണ്ണായകമായ ഈ കരാറാണ് തുടർന്ന് അധികാരത്തിൽ വന്ന നരേന്ദ്ര മോദി പൊളിച്ചെഴുതി അഴിമതി നടത്തിയിരിക്കുന്നത്.

മോദി സർക്കാർ വിമാനങ്ങളുടെ എണ്ണം 126ൽ നിന്നും 36 ആക്കി ചുരുക്കി എന്നുമാത്രമല്ല പരിചയസമ്പന്നരായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിനെ ഒഴിവാക്കി പകരം റിലയൻസ് എയറോസ്പേയ്സിനെ ചുമതലപ്പെടുത്തി. പൊതുമേഖലാസ്ഥാപനമായ എച്ച് എ എല്ലിനെ ഒഴിവാക്കി പകരം റിലയൻസ് ഗ്രൂപ്പ് മേധാവി അനിൽ അംബാനിയുടെ 10 ദിവസം മാത്രം പ്രായമുള്ള യാതൊരുവിധ മുൻപരിചയമോ, ഏതെങ്കിലുമൊരു ആയുധനിർമ്മാണം നടത്തിയ പരിചയമോ ഇല്ലാത്ത കമ്പനിക്ക് കൈമാറിയതിൽ തന്നെ ദുരൂഹതയുണ്ട്. 570 കോടി രൂപക്ക് യു പിഎ സർക്കാറിന്റ കാലത്ത് ധാരണയിലെത്തിയ വിമാനത്തിന് മോദി സർക്കാർ വിലയിടുന്നത് 1670 കോടി രൂപയും. ഇതിൽ തന്നെ പ്രഥമ ദൃഷ്യാ അഴിമതി വ്യക്തമാണ്. സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ 1941ൽ ഉണ്ടായിരുന്ന പരമ്പരാഗതമായി ആയുധ നിർമാണം നടത്തുന്ന ഹിന്ദുസ്ഥാൻ എയർക്രാഫ്റ്റ് കമ്പനി ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ആക്കി മാറ്റി. പൊതുമേഖലയിൽ ശക്തമായ സ്വാധീനമുള്ള ഒരു കമ്പനിയെ അംമ്പാനിയുടെ മോഹങ്ങൾക്ക് വേണ്ടി മോഡി തീറെഴുതിക്കൊടുത്തു എന്നതാണ് റാഫേൽ കുംഭകോണത്തിലൂടെ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നത്.

2015 മാർച്ച് 28ന് തട്ടിക്കൂട്ടിയ അംബാനിയുടെ കമ്പനിയെ ഏപ്രിൽ 10ന് ഈ വലിയ ഉത്തരവാദിത്വം ഏൽപ്പിക്കുന്നതിൽ മോഡി അംബാനിയുടെ കാൽക്കീഴിലാണന്നും ഫ്രാൻസ് മുൻ പ്രസിഡൻറ് വെളിപ്പെടുത്തുകയും ചെയ്തു. മാത്രമല്ല സുപ്രധാനമായ ഒരു ചർച്ചക്ക് പ്രതിരോധമന്ത്രി മനോഹർ പരീക്കറിനെ കൊണ്ടുപോകുന്നതിന് പകരം അംബാനിയുമായിട്ടാണ് മോദി ഫ്രാൻസിലേക്ക് വിമാനം കയറിയത്.ഇത് നിസ്സംശയം അഴിമതിയുടെ കൊള്ളയാണെന്ന് മനസ്സിലാക്കാൻ സാധിക്കും.

13,000 കോടി രൂപ തട്ടിയെടുക്കുക വഴി പട്ടിണിപ്പാവങ്ങളടങ്ങുന്ന ഈ രാജ്യത്തിന്റ ഖജനാവിൽ നിന്ന് മോദി വലിയൊരു പകൽക്കൊള്ളയാണ് നടത്തിയത്. സംയുക്ത പാർലമെൻറ് സമിതി അന്വേഷിക്കണമെന്ന ആവശ്യത്തെ സർക്കാർ അംഗീകരിക്കാൻ തയ്യാറാകാത്തത് തന്നെ മടിയിൽ കനമുണ്ടെന്നതിന്റെ തെളിവാണ്.

പ്രതിരോധമന്ത്രിസമിതി ,സേന തലവൻ, സെക്രട്ടറിമാർ തുടങ്ങയിവരടങ്ങുന്ന സമിതി പരിശോധിച്ച് തീരുമാനമെടുക്കേണ്ട വിഷയത്തിൽ മോഡിക്കും അംബാനിക്കും നേരിട്ട് തീരുമാനമെടുക്കാൻ കഴിഞ്ഞതും സംശയത്തിന്റെ നിഴലിലാണ്. ഈ അഴിമതികൾക്ക് പുറത്ത് വലിയൊരു സത്യം നാം തിരിച്ചറിയേണ്ടതുണ്ട്.കുത്തക വ്യവസായികൾക്കും കള്ളപ്പണക്കാർക്കും കോർപ്പറേറ്റ് ഭീമന്മാർക്കും മോഡി ഭരണം ഒഴിഞ്ഞുകൊടുത്ത് അംബാനിമാരും അദാനിമാരും നാട് നിയന്ത്രിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്.

റാഫേൽ കുംഭകോണത്തിലൂടെ തീവ്ര ദേശീയത കൊണ്ടുനടന്നിരുന്ന മോഡി ഭരണകൂടത്തിന് ശരീരത്തിലെ ഒരിഞ്ച് പോലും മറയ്ക്കാത്ത വിധം ഇപ്പോൾ നഗ്നമാക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ പിന്നിലുള്ള ഉന്നതസ്ഥാനീയരുടെ കരങ്ങളിൽ നിയമത്തിന്റ ആമം വീഴുന്ന നാളുകൾ ഇനിയൊട്ടും വൈകിക്കൂടാ.... മെയ്ക്ക് ഇൻ ഇന്ത്യ എന്നാക്കി നക്കാപ്പിച്ച വിലക്ക് ഇന്ത്യയെ വിറ്റുതുലക്കുന്നത് നാം നേരിൽ കണ്ട് കൊണ്ടിരിക്കുകയാണ്.

# അകലങ്ങളിലെ ഇന്ത്യ

അകലങ്ങളിലെ ബന്ധുത്വമേ
അറിയാതെ പോലും
പോയ്കളഞ്ഞേക്കരുത്
ഇന്ത്യയിലേക്ക്
ജാതിക്കോമരമുണ്ട്
ഉറഞ്ഞുതുള്ളുന്നു
മതഭ്രാന്തുകളുണ്ട്
ചോരയൊലിപ്പിക്കുന്നു
തീണ്ടാരിപ്പെണ്ണുണ്ട്
തെരുവിൽ ഉടലറ്റ് വീഴുന്നു
കറുപ്പിന്റ തെണ്ടികളുണ്ട്
വയറ്റിലെ ഇല്ലാപ്പൊട്ടിന്
തുടികൊട്ടുന്നു
അർപ്പിത യുവത്വമേ
അകലങ്ങളിൽ വളരുക
മനുഷ്യരായി പുലരുക!

**നിസ്ന**
എം.എ. ഇംഗ്ലീഷ്, രണ്ടാം വർഷം





# ഭൂരിപക്ഷം കൂറുമാറുമ്പോൾ

ഭരണഘടനയുടെ ആമുഖത്തിൽ തന്നെ ഊന്നിപ്പറയുന്ന 5 സുപ്രധാന കാര്യങ്ങളിൽ അകപ്പെട്ടിട്ടും മതേതരത്വം എന്ന ആശയം ഒരു മുഴം അകലെയാണ് എന്ന് ശങ്കിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ദിനംപ്രതി വാർത്താ വിനിമയ മാധ്യമങ്ങളിലൂടെ നാം ദർശിക്കുന്ന പല സംഭവങ്ങളും ഇന്ത്യ മതേതരത്വം എന്ന ആശയത്തിൽ നിന്ന് വഴുതി പോകുന്നുണ്ടോ എന്ന് ചിന്തിക്കുന്നതിൽ കൗതുകം ഒന്നുമില്ല.

ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും പാർസിയും ബുദ്ധ ജൈനമതക്കാരും ഒരുമയോടെ തോളുരുമ്മി നടന്നിരുന്നത് കണ്ട് ഭാരതത്തെ ലോകരാജ്യങ്ങൾ അത്ഭുതത്തോടെ ഉറ്റു നോക്കിയിരുന്നു. എന്നാൽ ഇന്ന് ലോകരാജ്യങ്ങൾ ഭീതിയോടെ ഉറ്റുന്നോക്കുന്നത് വർത്തമാന ഭാരതത്തിന്റെ ദിശ എങ്ങോട്ടാണ്... വർത്തമാന ഭാരതത്തിന്റെ നയങ്ങളും നിലപാടുകളും എന്തെല്ലാമാണ് എന്നൊക്കെയാണ്.

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലിക അവകാശങ്ങളിൽ ഒന്നാണ് മതസ്വാതന്ത്ര്യത്തിനുള്ള അവകാശം. ഭരണഘടനയുടെ 25 മുതൽ 28 വരെ യുള്ള വകുപ്പുകളിൽ ഓരോ പൗരനും മതസ്വാതന്ത്ര്യത്തിനുള്ള അവകാശമുണ്ട്. ഏതൊരു മതത്തെ സ്വീക

ഫർസാന.പി
ബി.എ. ഇക്കണോമിക്സ്, ഒന്നാം വർഷം



**പശു മാംസമല്ല ഭക്ഷിച്ചെതെന്ന് മകനും ഭാര്യയും ആണയിട്ടു പറഞ്ഞിട്ടും അഖ്‌ലാഖിന്റെ ജീവൻ കവർന്ന കൊലയാളികൾ ഈ ലോകത്തോട് വിളിച്ചു പറയുന്നത് ഇതര മതക്കാരനായ നിന്റെ ജീവന് വിലയില്ല എന്ന് തന്നെയാണ്.**

രിക്കാനും സ്വീകരിക്കാതിരിക്കാനും മതപരമായ ആചാരാനുഷ്ഠാനങ്ങൾ നിർവഹിക്കാനും മത പ്രചാരത്തിനും ഓരോ പൗരനും അവകാശമുണ്ട്.

എന്നാൽ സമകാലിക ഇന്ത്യയിൽ മത തീവ്രവാദികൾ അവരുടെ മതം മാത്രം മതി എന്ന് സ്വയം പ്രഖ്യാപിക്കുകയും മറ്റു മതങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനും അടിച്ചമർത്തുന്നതിനും അക്രമോത്സുകമായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഏതു മതമാണ് ആക്രമണങ്ങളെ പ്രോത്സാഹിപ്പിക്കുന്നത്...? ലോകത്ത് ഇന്നേവരെ ആക്രമണങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു മതവും വന്നിട്ടുമില്ല, ഇനിയങ്ങോട്ട് വരികയും ഇല്ല, എന്നിട്ടും...

പെഹ്ലൂഖാൻ, ജുനൈദ്, അഖ്‌ലാക്ക് തുടങ്ങി മത തീവ്രവാദത്തിന്റെ ഇരകൾ നമ്മെ ഓർമ്മിപ്പിക്കുന്നത് പരസ്യമായ ചില രഹസ്യങ്ങളാണ്. മത ഭ്രാന്തന്മാർ ഇന്ത്യയിൽ തഴച്ച് വളരുകയും അവർ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ഗോവധം, പശുക്കടത്ത്, ദുരഭിമാന ക്കൊല തുടങ്ങി പല പേരുകൾ നാമകരണം ചെയ്തത് മറ്റു മതസ്ഥരെ ഇല്ലായ്മ ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുന്നു.

പെരുന്നാൾ ആഘോഷത്തിനായി പുതു വസ്ത്രങ്ങളുമായി സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങുകയായിരുന്നു ജുനൈദ് താടിയും തലയും നീട്ടി വളർത്തിയതിന്റെ പേരിൽ മാത്രം മത ഭ്രാന്തന്മാരുടെ കൊലക്കത്തിക്ക് ഇരയാവേണ്ടി വന്നു. ജീവിതത്തിൻറെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന പെഹ്ലുഖാൻ എന്ന ചെറുപ്പക്കാരൻ ഒരിക്കലും ചിന്തിച്ചു കാണില്ല ഇതിനൊരു മടക്കം ഉണ്ടെന്ന്. പശു മാംസമല്ല ഭക്ഷിച്ചെതെന്ന് മകനും ഭാര്യയും ആണയിട്ടു പറഞ്ഞിട്ടും അഖ്‌ലാഖിന്റെ ജീവൻ കവർന്ന കൊലയാളികൾ ഈ ലോകത്തോട് വിളിച്ചു പറയുന്നത് ഇതര മതക്കാരനായ നിന്റെ ജീവന് വിലയില്ല എന്ന് തന്നെയാണ്.

ഭൂരിപക്ഷത്തിന്റെ ചോരത്തിളപ്പ് കൊണ്ട് ന്യൂനപക്ഷത്തെ അടിച്ചമർത്തുകയാണ്. രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും കാവൽ നിൽക്കുമെന്ന് പ്രഖ്യാപിച്ച ഭരണവർഗ്ഗം തന്നെ നീചമായ പ്രവർത്തികൾക്ക് വളം ഇട്ടു കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ മതേതരത്വം എന്ന മഹത്തായ ആശയത്തെ കീറി മുറിച്ച് കൊണ്ട് ഏക മത രാഷ്ട്രം സംഘടിപ്പിക്കുകയും അതിനായി സംഭാവനകൾ നൽകുകയും ചെയ്യുന്നു. ഇതിലൂടെ ഭാരതത്തിന് നഷ്ടമാവുന്നത് ഒരുപറ്റം സാംസ്കാരിക മൂല്യങ്ങളും ഐക്യവും അഖണ്ഡതയുമാണ്. മാത്രമല്ല, ന്യൂനപക്ഷത്തിന് മതപരമായ ആചാരാനുഷ്ഠാനങ്ങളുടെ സ്വാതന്ത്ര്യവും വസ്ത്ര ഭക്ഷണ സ്വാതന്ത്ര്യവുമാണ്.

വീണ്ടും ഒരു സാമൂഹിക പരിഷ്കാരത്തിന് സമയമായിരിക്കുന്നു. ഭാരത നേതാക്കന്മാരുടെ വാക്കിനും വിയർപ്പിനും പ്രവർത്തനങ്ങൾക്കും ഒരിക്കൽ കൂടി നാം വിലകൽപ്പിക്കുന്നു.

'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യർക്ക്' എന്ന് ശ്രീനാരായണഗുരു മാനവിക സമൂഹത്തോട് ഉണർത്തിയത് അദ്ദേഹം ഒരു മതമില്ലാത്തവനായിട്ടല്ല ,മറിച്ച് മതത്തേക്കാൾ ഉപരി സ്നേഹത്തിനും ഐക്യത്തിനും മനുഷ്യത്വത്തിനും പ്രാധാന്യം നൽകിയതുകൊണ്ടാണ്. മതമെന്നത് ചിട്ടയും മട്ടവും ജീവിതത്തിൽ സൃഷ്ടിക്കാനുള്ള ഒരു ഉപാധി മാത്രമാണ്.



# ചുവരെഴുത്തുകൾ കൃത്യമാണ് വേണ്ടത് പ്രബുദ്ധവായനകളാണ്

ബഹുസ്വര സ്വഭാവമുള്ള സാംസ്കാരിക വൈവിധ്യങ്ങളാർന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമാണ് ഇന്ത്യ. ഭാഷയും, വർഗ്ഗവും, വർണ്ണവും, മതവും, വ്യത്യസ്ഥ മായിരിക്കെതന്നെ 'നാനാത്വത്തിൽഏകത്വം' എന്ന ഐക്യ ധ്വനികളാണ് അതിന്റെ ജീവനാഡി. വിവിധ മതസ്ഥരായ ആളുകൾ പരസ്പരം അറിഞ്ഞും ഇടപഴകിയുമുള്ള പൗരന്മാരാണ്അതിന്റെഊന്നൽ.ഗാന്ധിയുടെയും, നെഹ്റുവിന്റെയും, മൗലാനാ അബ്ദുൽ കലാം ആസാദിന്റെയും ധൈഷണിക ചിത്രങ്ങളിൽ നിന്ന് രൂപപ്പെട്ട സ്വാതന്ത്ര്യവായു ഭാരതീയരിൽ നാം ഒന്നെന്ന വികാരത്തെ ശക്തിപ്പെടുത്തുന്നു. രാഷ്ട്രത്തിന്റെ ഒന്നിപ്പിക്കാനുള്ള സുപ്രധാനആശയങ്ങളാണ്ദേശീയതയും മതേതരത്വവും.

രാഷ്ട്രത്തിന്റെ ജനങ്ങൾക്കിടയിൽ രൂപപ്പെടുന്ന രാജ്യത്തോടുള്ള കൂറ് ഐക്യബോധം എന്നീ സ്വഭാവഗുണങ്ങൾ സംഗമിക്കുന്ന അതിശ്രേഷ്ഠമായ മനോവികാരമാണ് ദേശീയത. ഭരണഘടനയുടെ ആമുഖത്തിൽ തന്നെ പ്രതിപാദിച്ചിട്ടുള്ള സുവിശേഷമായ ആശയ സങ്കൽപമാണ് മതേതരത്വം. തന്റെ മതാശയങ്ങളിൽ പൂർണ്ണ വിശ്വാസി ആയിരിക്കെത്തന്നെ അപരന്റെ മതാചാരങ്ങളിൽ ബഹുമാനിക്കാനുള്ള വിശാലമനസ്സാണ് അതിന്റെ മർമ്മബിന്ദു.

**മുഹമ്മദ് ഷിബിൽ പി.**
എം.എ ഹിസ്റ്ററി, ഒന്നാം വർഷം

ഫാസിസതേർവാഴ്ച്ച നടമാടുന്ന വർത്തമാനാന്തരീക്ഷത്തിൽ ഏറെ വികലമായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്ന ആശയങ്ങളാണ് ദേശീയതയും മതേതരത്വവും. മതവൈജാത്യങ്ങൾക്കിടയിലും നാം ഒന്നാണെന്ന വിവേക ഉല്പാദന ആശയമാണ് മതേതരത്വം. മതേതരത്വത്തെ മതരാഹിത്യത്തിലേക്ക് ചുരുക്കി എഴുതാനുള്ള വ്യഗ്രതയിലാണ് നവലിബറൽ സംവിധാനങ്ങളും സ്വയംപ്രഖ്യാപിത പുരോഗമന വാദികളും.

**മത നിഷേധിയേക്കാൾ മത വിശ്വാസിക്കാണ് മതേതരത്വം ആവശ്യമായി വരുന്നത്. തന്റെയും അപരന്റെയും വിശ്വാസം പുലർത്തി ഒരേ നാട്ടിൽ ജീവിക്കാനുള്ള ബോധ്യം നൽകുന്നത് മതേതരത്വമാണ്.**

മത നിഷേധിയേക്കാൾ മത വിശ്വാസിക്കാണ് മതേതരത്വം ആവശ്യമായി വരുന്നത്. തന്റെയും അപരന്റെയും വിശ്വാസം പുലർത്തി ഒരേ നാട്ടിൽ ജീവിക്കാനുള്ള ബോധ്യം നൽകുന്നത് മതേതരത്വമാണ്. മതത്തിന്റെ പേരിൽ പൗരന്മാർക്കിടയിൽ നിയമത്തിലോ നീതിയിലോ വിവേചനം കാണിക്കാതിരിന്നിടത്തുനിന്നാണ് മതേതരത്വം വളരുന്നത്. മതേതരത്വമെന്ന ആശയത്തെ ശരിയല്ലാത്ത വിധം വായിക്കപ്പെടുന്നത് കൊണ്ടാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ന്യൂനപക്ഷങ്ങൾക്ക് ഭ്രഷ്ട് കൽപ്പിക്കുന്നതും പാകിസ്ഥാനിലേക്ക് പോകാൻ നിരന്തരം ആവശ്യപ്പെടുന്നതും. വിവേചനപരമായ ഇടപെടലുകൾ ഉണ്ടാകുന്നതുകൊണ്ട് ഹിന്ദുമതത്തിലധിഷ്ഠിതവുംഏകശിലാത്മകവുമായരാഷ്ട്രസംവിധാനത്തെ സ്ഥാപിച്ചെടുക്കാനുള്ള ശ്രമങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഏക മതത്തിലധിഷ്ഠിതമായ ദേശീയ സങ്കല്പങ്ങൾ ഇന്ത്യപോലൊരു ബഹുസ്വര രാഷ്ട്രത്തിൽ അടിച്ചേൽപ്പിക്കുന്നതിലൂടെ നെഹ്റുവും, ബി.ആർ.അംബേദ്കറും, മൗലാനാ അബ്ദുൽ കലാം ആസാദും വിഭാവനം ചെയ്ത വൈവിധ്യങ്ങളുടെ ഇന്ത്യ എന്ന ആശയമാണ് തച്ചുടക്കപ്പെടുന്നത്. മണ്ണിന്റെ മക്കൾ വാദത്തിന് രാഷ്ട്രീയമാനം നൽകുന്നതാണ് ദേശീയത. തീവ്രദേശീയത ഫാസിസത്തിന്റെ ഉൽപന്നമാണന്ന് നിസ്സംശയം പറയാം. പ്രതിഷേധിക്കാനും പ്രതികരിക്കാനും വിയോജിക്കാനുമുള്ള ജനാധിപത്യ അവസരങ്ങളെ നിരാകരിക്കുന്നതിലൂടെ രാഷ്ട്രത്തിന്റെ അടിത്തറയെത്തന്നെ ചോദ്യം ചെയ്യുകയാണീക്കൂട്ടർ. അവിടങ്ങളിലാണ് രോഹിത് വെമുലയും, നജീബും, മുഹമ്മദ് അഖ്ലാക്കും, ജുനൈദും, ഇരയാകേണ്ടി വരുന്നത്. ഈ ചിന്താമണ്ഡലങ്ങളിലാണ് ദളിതരും മുസ്ലിങ്ങളും ഇതര ന്യൂനപക്ഷങ്ങളും ശത്രുപക്ഷത്താകുന്നത്. ആവിഷ്കാര സ്വാതന്ത്ര്യം എന്ന പൗരാവകാശങ്ങൾക്ക് കൂച്ചുവിലങ്ങിടുന്നത് തീവ്രദേശീയതയുടെ മൂർധന്യാവസ്ഥയാണ്.

ഗൗരവവും ക്രൂരതയും കൊണ്ടല്ല മറിച്ച് സ്നേഹം കൊണ്ട് ഈ ലോകം മുഴുവൻ ജയിക്കാൻ കഴിയുമെന്ന ശ്രീരാമകൃഷ്ണ പരമഹംസന്റെ വാക്കുകൾ മുഖവിലക്കെടുക്കാതെ എതിർക്കുന്നവരെ കശാപ്പുചെയ്യുന്ന അസഹിഷ്ണുതാമനോഭാവം ഉടലെടുക്കുന്നതും എതിർ ശബ്ദക്കാരുടെ നാക്കു പിഴുതിടുക്കുന്നതും വൈകൃതമനോഗതിയുടെ ചില സൂചനകൾ മാത്രമാണ്.

ദേശീയ ഗാനവും പതാകയും ദേശീയതയുടെ പ്രതീകമാണ് എന്ന തിരിച്ചറിവാണ് നമുക്ക് ഉണ്ടാകേണ്ടത്. 'ഭാരത് മാതാ കീ ജയ്...' വിളികളുടെ പ്രതിധ്വനികൾക്ക് വിലങ്ങിടാമെന്ന രാജ്യസ്നേഹ മാർക്കറ്റിംഗ് സമ്പ്രദായങ്ങൾ ശുദ്ധ അസംബന്ധമാണ്. ദേശസ്നേഹവും കൂറും നെറ്റിയിലൊട്ടിച്ച് പ്രദർശിപ്പിക്കാനാകില്ല. വിലകൊടുത്ത് വാങ്ങാനും ഒക്കില്ല. മറിച്ച് പൗരന്റെ ഹൃദയാന്തരങ്ങളിൽ നിന്നും സ്വമേധയാ ഉടലെടുക്കേണ്ടതാണ്. ഭരണകർത്താക്കളുടെ പ്രവർത്തനങ്ങളാകണം അതിലേക്കുള്ള ആകർഷണീയത. മതത്തിന്റെയും ജാതിയുടെയും പേരിലുള്ള വേർതിരിവുകൾക്കപ്പുറം സ്നേഹാവിഷ്ക്കാരത്തിന്റെ പുതു മന്ത്രങ്ങൾ ഓതുന്നിടത്ത് ദേശസ്നേഹം പൂത്തുവരും. രാഷ്ട്രത്തോടുള്ള കൂറു തളിർക്കും. ഐക്യത്തിന്റെ വസന്തം വിരിയും. കബീർ ദാസിന്റെ വാക്കുകൾ പോലെ സ്നേഹം തോട്ടങ്ങളിൽ വളരുന്നുമില്ല കമ്പോളങ്ങളിൽ വിൽക്കപ്പെടുന്നുമില്ല. ആത്മസമർപ്പണം കൊണ്ടുമാത്രമേ അത് നേടാൻ കഴിയും!

കാലാന്തരീക്ഷത്തിൽ മതേതരത്വവും ദേശീയതയും പൗരന് പൂർണ സംരക്ഷണം നൽകുന്നുണ്ട്. ഏറെ മഹിമകളോടെ പൂർവ്വികർ ആവിഷ്കരിച്ചെടുത്ത ഈ സുന്ദരാശയങ്ങളെ പരിപൂർണ്ണമായി മനസ്സിലാക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഇന്നീ ഭാരതം അഭിമുഖീകരിക്കുന്ന ഏറെക്കുറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞേനേ...

ജയ്ഹിന്ദ്...



# SUDAXIT

And if two fractions among the believers should fight,
then make settlement between the two.
But if one of them oppresses other, then fight against
the one that oppresses until it returns to the
Ordinance of Allah.
-The holy Quran, surah 49 (verse: 09).

The world is filled with dirty secrets, known by many said by none.
Khartoum witnessed such a truth through Alaa Sala
Meme was made, artist poured out portraits, and revolutionary beauty was born.
Words reverberating "freedom, peace and justice" #sudaxit
The phoenix burned and was reborn,
But again like mysterious bird it stayed illusion.

The watchdogs of the ruler raised, declared their gun power.
The victory that swept the people off their feet turned into fear.
Ruthless is too small of a word for their actions,
Dear, Sudan I am sorry for the silence.

Condolence, my sisters, my brothers, my little once,
I and the world of dirty secrets has let you down.
You names may be forgotten here but when all rise again,
And when all silent tongue must speak,
Your names will be chanted as the once used their life for lord.

Justice may or may not happen.
People may or may not speak.
I may or may not forget you.
The soil of Sudan will always remember you.
As earth is not brutal as mankind and his greed for power.
Sudan, I am sorry for the silence of hundreds of cowards like me.

**നിഹാല ആലിക്കൽ**
ബി.എ. ഇംഗ്ലീഷ്, രണ്ടാം വർഷം

# മതവും മുത്ത്വലാഖും

ദൈവം അനുവദിക്കപ്പെട്ടതിൽ ഏറ്റവും വെറുപ്പുള്ളതാണ് വിവാഹമോചനം.വിവാഹമോചനത്തിന്റെ സമയത്ത് രാജസിംഹാസനം പോലും കോരിത്തരിക്കുമെന്ന് പരാമർശമുണ്ട് .സ്ത്രീ സമൂഹത്തിന്റ സംരക്ഷണത്തിനും സുരക്ഷക്കും വേണ്ടിയാണ് മുത്ത്വലാഖുമായി ബന്ധപ്പെട്ട ഓർഡിനൻസ് കേന്ദ്രസർക്കാർ കൊണ്ടുവരുന്നത് എന്നതാണ് വാദം. 'മുത്ത്വലാഖ്' ക്രിമിനൽ കുറ്റമാക്കുന്നതിലൂടെ ഈ രാജ്യത്തിന്റെ ഭരണഘടനയെയും മതവിശ്വാസത്തെയും വെല്ലുവിളിക്കുന്ന നിലപാടായി ഇതിനെ നോക്കിക്കാണണം. ഇന്ത്യൻ ഭരണഘടനയിൽ ആർട്ടിക്കിൾ 25 ഉം 26 ഉം കൃത്യമായി. ഇഷ്ടമുള്ള മതം സ്വീകരിക്കാനും അതനുസരിച്ച് ജീവിക്കാനും പ്രചരിപ്പിക്കാനും ഉള്ള സ്വാതന്ത്ര്യം എന്നത് പ്രതിപാദിക്കുന്നുണ്ട്. മാത്രമല്ല ശരീഅത്ത് സംരക്ഷണവുമായി ബന്ധപ്പെട്ട് 1937ലെ മുസ്ലിം നിയമത്തിന് തീർത്തും എതിരാണ് 2018 സെപ്റ്റംബർ 20ന് വന്നിട്ടുള്ള മുത്ത്വലാക്ക്ഓർഡിനൻസ്.ഈരാജ്യത്തെ കള്ള നോട്ടടിക്കാരനും കൊള്ളക്കാരനും തുല്യമായി മുത്ത്വലാഖ് ചൊല്ലിയ ഭർത്താവിനെയും കണക്കാക്കി ക്രിമിനൽ കുറ്റത്തിന് മൂന്നു വർഷം തടവിന് ശിക്ഷിക്കുന്നത് രാജ്യത്തെ പൗരാവകാശത്തിന്റെ കടക്കൽ കത്തിവെക്കുന്നതിന് തുല്യമാണെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്.

സ്ത്രീയുടെ സംരക്ഷണവും കുടുംബത്തിന്റെ ഭദ്രതയും ഒന്നും പരിഗണിക്കാതെ രാജ്യസഭയിൽ വേവാത്ത പരിപ്പാണ് കേന്ദ്രസർക്കാർ ഓർഡിനൻസിലൂടെ പുറത്തിറക്കി നടപ്പാക്കിയിരിക്കുന്നത്. ഒറ്റദിവസംകൊണ്ട് ചർച്ച മുഖവിലക്കെടുക്കാതെ പാസാക്കിയ ബില്ലിൽ അനേകം ദുരൂഹതകൾ ഒളിഞ്ഞിരിക്കുന്നു. ജാമ്യം കിട്ടാത്ത കുറ്റമാണെങ്കിലും വാദം കേട്ടശേഷം മജിസ്ട്രേറ്റ് ജാമ്യം നൽകാം എന്ന വ്യവസ്ഥിതി തന്നെ ശക്തമായ പ്രതിഷേധം ഭയന്നാണു ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വിവാഹമോചിതയായ സ്ത്രീക്ക് ജീവനാംശത്തിന് മജിസ്ട്രേറ്റിനെ സമീപിക്കാമെന്നത് ഏറെ വിമർശനം ഏറ്റുവാങ്ങിയ നിർദ്ദേശം നിലനിർത്തിയിട്ടുണ്ട്. മുത്ത്വലാഖ് പരാതിയോടെത്തന്നെ ജാമ്യമില്ലാ വകുപ്പിൽ ജയിലിലാവുന്നതോടെ കുടുംബത്തിന്റ സംരക്ഷണം തന്നെ അവതാളത്തിലാകുമെന്നത് ബില്ലിലെ പ്രധാന ന്യൂനതയാണ്. വിവാഹമോചിതയായ സ്ത്രീക്ക് 'ഇദ്ദാ' കാലശേഷം ഭർത്താവായിരുന്ന ആൾ ചെലവിന് നൽകേണ്ടതില്ലെന്ന് ഇസ്ലാമിക ശരീഅത്ത് നിയമത്തിന് നിരക്കാത്ത നിയമ തിട്ടൂരവും വ്യക്തിനിയമത്തിന് എതിരുമാണ് നിലവിലെ ഓർഡിനൻസ്.

എന്തുകൊണ്ട് ഹിന്ദു മാര്യേജ് ആക്റ്റ് പോലെ നിയമനിർമാണം നടത്തി മുസ്ലിം

**ഫസീഹ് അബ്ദുല്ലാഹ്**
എം.കോം., ഒന്നാം വർഷം



വിവാഹവും വിവാഹമോചനവും നിയന്ത്രിച്ചു കൂടാ  എന്ന ചോദ്യം ഉയർത്താൻ തുടങ്ങിയിട്ട് കാലമേറെയായി  ഇസ്ലാമിൽ സ്ത്രീകൾക്ക് സ്വാതന്ത്ര്യം ലഭിക്കാതെ വീർപ്പ്മുട്ടികഴിയുകയാണന്നും, അവരെ മോചിപ്പിക്കൽ കാലഘട്ടിത്തിന്റ  ആവശ്യമാണെന്നുമാണ് വിമർശനം. മുസ്ലിം പുരുഷൻമാർ കെട്ടുന്നു, ഒഴിവാക്കുന്നു. സ്ത്രീകളാകട്ടെ മുത്ത്വലാഖിന്റെ ഇരകളായി കണ്ണീരിലും ദുരിതത്തിലുമാണ്. ഇസ്ലാമിക ശരീഅത്ത് പൊളിച്ചെഴുതുകയോ ഒരു കോമൺ സിവിൽകോഡ് നടപ്പാക്കി  മുസ്ലിം സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കുകയോ ചെയ്യണമെന്ന ചർച്ചക്കു  പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. സുപ്രീംകോടതി മുത്ത്വലാക്കിന്റെ നിയമ സാധ്യതയെക്കുറിച്ച് നടത്തിയ വിധിയുടെ ചുവടുപിടിച്ച് കേന്ദ്രസർക്കാർ കൊണ്ടുവന്ന ഓർഡിനൻസോടെ നിയമ നിർമ്മാണ പ്രക്രിയ ജാതി ദിശയിലേക്ക് നീങ്ങിയിരിക്കുകയാണ്.

**എന്തുകൊണ്ട് ഹിന്ദു മാര്യേജ് ആക്റ്റ് പോലെ നിയമനിർമാണം നടത്തി മുസ്ലിം വിവാഹവും വിവാഹമോചനവും നിയന്ത്രിച്ചു കൂടാ എന്ന ചോദ്യം ഉയർത്താൻ തുടങ്ങിയിട്ട് കാലമേറെയായി**

1956 – ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമവുമായിബന്ധപ്പെട്ട കേസ് 2015 ഒക്ടോബർ 16ന് പരിഗണിക്കവേ  സുപ്രീംകോടതിയുടെ രണ്ടംഗ ബഞ്ചാണ് മുസ്ലീം സ്ത്രീകളനുഭവിക്കുന്ന അനീതികളെ കുറിച്ചും,  വിവാഹമോചനം, ബഹുഭാര്യത്വം, നിക്കാഹ് ഹലാല തുടങ്ങിയ വ്യക്തി നിയമങ്ങളെ കുറിച്ചും ചോദ്യം ചെയ്തുകൊണ്ട് സ്ത്രീകളുടെ അഭിമാനത്തെ ഹനിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കോടതി തന്നെ സ്വമേധയാ വിഷയം കുത്തിപ്പൊക്കുന്നത്. കേന്ദ്രസർക്കാറിന്റെ  കാറ്റിനനുസരിച്ച് സുപ്രീംകോടതി ചലിക്കുന്ന അവസ്ഥയാണ് നമ്മൾ ഇവിടെ ദർശിച്ചത്. യഥാർത്ഥത്തിൽ മുസ്ലിം സ്ത്രീകളെക്കാൾ വിവാഹമോചനവും പീഡനവും അസ്വാതന്ത്ര്യവും മറ്റ് മതങ്ങളിലും ധാരാളം ഉണ്ട് എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മാത്രമല്ല 18 കോടി മുസ്ലിംകൾ ജീവിക്കുന്ന നാട്ടിൽ 5 സ്ത്രീകളെ തിരഞ്ഞുപിടിച്ച് കക്ഷി ചേർക്കുന്നത് ചില സംശയങ്ങൾക്ക് ഇട നൽകുന്നതാണ്. ഏക സിവിൽ കോഡും കേന്ദ്രസർക്കാറിന്റെ ഹിഡൻ അജണ്ടയും മണത്തറിഞ്ഞിട്ടുള്ളവർ ശക്തമായി എതിർക്കുകയും ചെയ്തിട്ടുണ്ട്. .അത് കൊണ്ടാണ് ചീഫ് ജസ്റ്റിസ് ഉൾപ്പെടെ അഞ്ചിൽ രണ്ടുപേർ വൈകാരികതക്ക് കീഴടങ്ങാതെ ഓർഡിനൻസിനെ എതിർത്തത്.

ഇസ്ലാമിക വിവാഹവും സ്ത്രീ സംരക്ഷണവും കൃത്യമായി തെറ്റിദ്ധാരണകൾ ഇല്ലാതെ നാം മനസ്സിലാക്കേണ്ടതുണ്ട്. വിശ്വാസത്തിന് മൂന്നിൽ രണ്ടുഭാഗം

തോന്നും പോലെ മൊഴിചൊല്ലുകയും വേറെ കെട്ടലുമാണ് ഇസ്ലാമിക വൈവാഹിക കുടുംബ വ്യവസ്ഥ എന്ന് തെറ്റിദ്ധരിക്കുന്നവർ സ്ത്രീയുടെ സുരക്ഷക്ക് നൽകിയ പ്രാധാന്യം ബോധപൂർവ്വം വിസ്മരിക്കുകയാണ്.

സംരക്ഷിക്കപ്പെടാനുള്ള ഉപാധിയായയണ് ഇസ്ലാമിൽ വിവാഹത്തെ കണക്കാക്കുന്നത് .സദാചാര നിഷ്ഠ, ധമ്മബോധം, ലൈംഗിക അച്ചടക്കം ഭദ്രമായ  കുടുംബസംവിധാനം എന്നിവയൊക്കെ ഇതിന്റെ ലക്ഷ്യങ്ങളാണ്. വിവാഹം തീരുമാനിക്കുന്നതിൽ സ്ത്രീക്കും പുരുഷനും തുല്യ അവകാശമുണ്ട്. അഭിപ്രായ രൂപീകരണത്തിനുള്ള പ്രായവും പക്വതയുമുള്ള സ്ത്രീയുടെ സമ്മതത്തോടെയാണ് വിവാഹം നടത്തേണ്ടത്. രക്ഷിതാവിന് അവളുടെ ഇംഗിതം അറിയാനുള്ള ബാധ്യതയുണ്ട് വളരെ ലളിതമായ ചടങ്ങിൽ രണ്ടു സാക്ഷികൾ മുഖേന സ്ത്രീക്ക് വിവാഹ മൂല്യം ഉറപ്പാക്കി ഒരു കരാറിന്റെ അടിസ്ഥാനത്തിൽ പുരുഷന് സ്ത്രീയെ ഏൽപ്പിച്ചു കൊടുക്കുന്ന ചടങ്ങാണ് ഇസ്ലാമിലെ വിവാഹം.

തോന്നുംപോലെ മൊഴിചൊല്ലുകയും വേറെ കെട്ടലുമാണ്  ഇസ്ലാമിക വൈവാഹികകുടുംബ വ്യവസ്ഥ എന്ന് തെറ്റിദ്ധരിക്കുന്നവർ സ്ത്രീയുടെ സുരക്ഷക്ക് നൽകിയ പ്രാധാന്യം ബോധപൂർവ്വം വിസ്മരിക്കുകയാണ്.

ത്വലാക്ക് അഥവാ മൊഴിചൊല്ലൽ ഇസ്ലാമിൽ അനുവദിക്കപ്പെട്ടതിൽ ഏറ്റവും വെറുപ്പുള്ള കാര്യമാണ് .ആർത്തവസമയത്ത് അവൾ ആവശ്യപ്പെടാതെയും ലൈഗിംക ബന്ധത്തിൽ ഏർപ്പെട്ട ശുദ്ധിയിൽ ഗർഭധാരണം വ്യക്തമാക്കും മുമ്പും ഒന്നിലധികം ഭാര്യമാരുണ്ടങ്കിൽ അവളുടെ ഊഴ ദിവസം അനുവദിക്കാതെയും മൊഴിചൊല്ലൽ നിഷിദ്ദമാണെന്നും ഇസ്ലാമിക കർമ്മ ശാസ്ത്രം പറയുന്നു.  മുത്ത്വലാക്ക് ചൊല്ലിയാൽ പിന്നെ ഭാര്യയായി വീണ്ടും തിരിച്ചെടുക്കാൻ ഇദ്ദക്ക്  ശേഷം വേറെ ഒരാൾ വിവാഹം കഴിക്കുകയും സ്വന്തം ഇഷ്ട പ്രകാരം മൊഴി ചൊല്ലുകയും പിന്നീടുള്ള ആൾക്കു ശേഷം ആദ്യ ഭർത്താവിന് തിരിച്ചെടുക്കാമെന്നാണ് ഇസ്ലാമിലെ കർശന നിബന്ധന. ദേഷ്യത്തിലോ  എടുത്തു ചാട്ടത്തിലോ ഒരു സുപ്രഭാതത്തിൽ പെട്ടെന്നോ സംഭവിക്കാൻ പാടില്ലാത്ത ഒന്നാണ് മൊഴിചൊല്ലൽ എന്നതാണ് ഇതിൽ വ്യക്തമാക്കുന്നത്.

അനിവാര്യ ഘട്ടത്തിൽ മാത്രമേ  മൊഴി ചെല്ലാവൂ എന്നും ഭാര്യക്കും മൊഴി ചൊല്ലാവുന്നതാണെന്നും



വസ്തുതാപരമായ യാഥാർത്ഥ്യമാണ്. സ്ത്രീയുടെ വ്യക്തിത്വത്തെയും അഭിമാനത്തെയും എത്രമാത്രം ഇസ്ലാം അംഗീകരിക്കുന്നു എന്നതിന്റെ നേർ സാക്ഷ്യവും ലിംഗനീതിയുമാണ് ഇതിലൂടെ വ്യക്തമാക്കുന്നത്. വിവാഹ സമയത്തെ ഉടമ്പടി പാലിക്കാതിരിക്കുക, ലൈംഗികശേഷി നഷ്ടപ്പെടുക, ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവയും സംരക്ഷണവും നൽകാതിരിക്കുക തുടങ്ങിയ കാരണങ്ങൾ കൊണ്ട് സ്ത്രീക്ക് ഭർത്താവിനെമൊഴി ചൊല്ലാവുന്നതാണ്

കുടുംബ സ്വത്ത് ഓഹരി വെക്കുമ്പോൾ പുരുഷന്റ പാതി സ്ത്രീക്ക് നൽകിയിരിക്കണം എന്നത് സ്ത്രീയുടെ സംരക്ഷണം പൂർണമായും പുരുഷന്റെ ഉത്തരവാദിത്തവും ബാധ്യതയുമാണെന്ന് ഇസ്ലാം മതം പ്രതിപാദിക്കുന്നത് കൊണ്ടാണ്. പ്രസവിച്ച നാലാം ദിവസം മുതൽ മുലപ്പാൽ നൽകാൻ ഭർത്താവിനോട് പണം ആവശ്യപ്പെടാനുള്ള അവകാശമുണ്ടെന്നു വരെ ഇസ്ലാമിക കർമ ശാസ്ത്രത്തിൽ പറയുന്നുണ്ട്. ഭാര്യക്ക് വേണ്ടി ചെലവഴിച്ച നാണയത്തിനാണ് ദാന ധർമ്മത്തിൽ കൂടുതൽ പ്രതിഫലമുള്ളത് എന്നും മതം പറയുന്നുണ്ട്.

ആരെങ്കിലും വിരുദ്ധതയും വിശ്വാസത്തിന് കടക്കൽ കത്തിവെക്കുന്ന നിയമങ്ങളും ഓർഡിനൻസും കൊണ്ടുവന്ന് മതങ്ങളെയും മതാചാരങ്ങളെയും അനുഷ്ഠാനങ്ങളെയും തെറ്റിദ്ധരിപ്പിക്കാൻ നോക്കുമ്പോൾ അറിവ് ആയുധമാക്കി പോരാടുക എന്നതാണ് ഉചിതം. ഈ രാജ്യത്തിന്റെ ഭരണഘടന നൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുകയറ്റവും വിശ്വാസിസമൂഹത്തെ പുച്ഛിക്കുന്ന ഭരണകൂട വർഗ്ഗത്തോടും യാതൊരു നിലക്കും അടിമത്തം സ്വീകരിക്കാൻ തയ്യാറല്ല എന്നതുമാണ് നിലപാട്.

മുത്ത്വലാക്കുമായി ബന്ധപ്പെട്ട് ഓർഡിനൻസ് തികച്ചും മതവിശ്വാസത്തിന് എതിരാണെന്നും ഇത് ഏക സിവിൽകോഡിലേക്കുള്ള ചുവടുവെപ്പാണന്നും നാം തിരിച്ചറിഞ്ഞ് യാഥാർത്ഥ്യം മനസ്സിലാക്കണം. മുത്ത്വലാക്കിനെ ജയിലിൽ അടക്കുമ്പോൾ തടവ് ചാടുന്നത് സ്ത്രീ സമൂഹത്തിന്റെ സുരക്ഷയാണ് എന്നുമോർക്കണം.

ആരെങ്കിലും വിരുദ്ധതയും
വിശ്വാസത്തിന് കടക്കൽ
കത്തിവെക്കുന്ന നിയമങ്ങളും
ഓർഡിനൻസും
കൊണ്ടുവന്ന് മതങ്ങളെയും
മതാചാരങ്ങളെയും
അനുഷ്ഠാനങ്ങളെയും
തെറ്റിദ്ധരിപ്പിക്കാൻ
നോക്കുമ്പോൾ അറിവ്
ആയുധമാക്കി പോരാടുക
എന്നതാണ് ഉചിതം.





# THE LAST GIRL

നാദിയ മുറാദ്, അവിശ്വസനീയമായ ഒരു ധൈര്യവും നിലനിൽപ്പുമാണവൾ. ഇക്കഴിഞ്ഞ 2018ലെ സമാധാനത്തിനുള്ളനോബൽപ്രൈസ് നേടിയ 25 കാരിയാണ് നാദിയ മുറാദ്. മനുഷ്യാവകാശത്തിന് വേണ്ടിയാണ് നാദിയ പോരാടിയത്.

നാദിയ മുറാദ് ബസീ താഹാ എന്നാണ് അവളുടെ മുഴുവൻ പേര്. 1993ൽ ഇറാഖിലെ കോച്ചോ (Kocho-) എന്ന ഗ്രാമത്തിലാണ് അവളുടെ ജനനം. യസീദി വംശജയാണ് നാദിയ. അവളുടെ പ്രധാന കൃതിയായ 'ദ ലാസ്റ്റ് ഗേൾ' എന്ന ബുക്ക് അവളുടെയും യസീദി പെൺകുട്ടികളുടെയും ജീവിതം തുറന്ന് കാണിക്കുന്നു. ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ ഇറാഖിൽ തന്റെ ഗ്രാമത്തിലൂടെ കടന്നു പോകുമ്പോഴുള്ള കൊലപാതകം, ബലാത്സംഗം തുടങ്ങിയവയെ ഇത് തുറന്ന് കാണിക്കുന്നു. ഇത് പിന്നീട് ഇവരെ നോബൽ പ്രൈസിലേക്ക് നയിച്ചു.

**ഇങ്ങനെ നാം കാണാത്ത നിരവധി വംശങ്ങൾ മനുഷ്യന്റെ ജീവന്റെ നിലനിൽപ്പിനായും അവകാശത്തിനായും അലയുന്നു. ഇതിന് വേണ്ടി ജനാധിപത്യ സംവിധാനങ്ങൾ പരാജയപ്പെടാതെ തെളിയിക്കണം.**

My story of captivtiy, and My Fight Against the Islamic State എന്നാണ് 'ദ ലാസ്റ്റ് ഗേൾ' ന്റെ പ്രധാന ഉള്ളടക്കം. ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ ഗ്രാമവാസികളെ കൂട്ടക്കൊല ചെയ്യുകയും ലൈംഗികാതിക്രമത്തിന് വിധേയമാക്കുകയും ചെയ്യുന്ന ഒരു സാഹചര്യമായിരുന്നു അവർക്കിടയിൽ ഉണ്ടായിരുന്നത്. ഐ.എസ് തീവ്രവാദികളുടെ ആക്രമണത്തിൽ നാദിയക്ക് തന്റെ ആറ് സഹോദരന്മാരെയും, അമ്മയെയും നഷ്ടപ്പെട്ടിട്ടുണ്ട്. ഐ.എസ് തീവ്രവാദികൾ യസീദി

**സഫീറ പാണാലി**
ബി.എ. വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, രണ്ടാം വർഷം

ഗ്രാമത്തിലേക്ക് പ്രവേശിക്കുമ്പോൾ യസീദികൾ സിൻജർ മലനിരകളിലേക്ക് പാലായനം ചെയ്യുകയാണ് പതിവ്. യസീദി സമുദായത്തിന് നേരെ ഐ.എസ് ക്രൂരമായ പീഢനങ്ങൾ അഴിച്ച്വിട്ടുകൊണ്ടിരിക്കുന്നു.

ആയിരക്കണക്കിന് പെൺകുട്ടികളെയാണ് ഐ.എസ് തീവ്രവാദികൾ അടിമ വ്യാപാരത്തിനായി കൊണ്ടുപോയത്. നാദിയയെ നിരവധി തീവ്രവാദികൾ തട്ടിക്കൊണ്ടു പോവുകയും, തടവിലാക്കുകയും, പല തവണ ബലാത്സംഗം ചെയ്യുകയും ചെയ്തിരുന്നു. ഐ.എസ് തീവ്രവാദികളുടെ ഇരയായിരുന്നു അവർ. പിന്നീട് മോസുവിലെ തെരുവുകളിലൂടെ രക്ഷപ്പെടുകയും ഒരു സുന്നി മുസ്ലിം കുടുംബത്തിൽ അഭയം തേടുകയും ചെയ്തു. ഇങ്ങനെ അവർ ഐ.എസ് തീവ്രവാദികളിൽ നിന്ന് രക്ഷപ്പെട്ടു. ഇന്നവർ യസീദി പെൺകുട്ടികൾക്ക് വേണ്ടിയും മനുഷ്യാവകാശത്തിന് വേണ്ടിയും ശബ്ദമുയർത്തികൊണ്ടിരിക്കുന്നു. ഈ ശബ്ദം അവർ ഐക്യരാഷ്ട്രസഭയിൽ ഉയർത്തി. തന്റെ ജീവിതം തന്നെ ഉദാഹരണമാക്കി അവർ പോരാടി.

ഇത് ഇന്ന് നാദിയയുടെ കഥ. വംശഹത്യയുടെ പേരിൽ നിരവധിപേർ ഇരയാക്കപ്പെടുന്നു. ഒരുപക്ഷേ ഐ.എസ് ചെയ്യുന്ന ഇത്തരം കാടത്തം നിരവധി മേഖലയിൽ ശ്രദ്ധവരുന്നുണ്ടെങ്കിലും പരാജയപ്പെടുകയാണ് ചെയ്യുന്നത്. ഐ.എസ് ക്രൂരതക്ക് സാക്ഷ്യംവഹിച്ച യസീദി വംശത്തെ ഒരുപക്ഷേ നാദിയയുടെ പോരാട്ടത്തിലൂടെ നാം കണ്ടു. ഇങ്ങനെ നാം കാണാത്ത നിരവധി വംശങ്ങൾ മനുഷ്യന്റെ ജീവന്റെ നിലനിൽപ്പിനായും അവകാശത്തിനായും അലയുന്നു. ഇതിന് വേണ്ടി ജനാധിപത്യ സംവിധാനങ്ങൾ പരാജയപ്പെടാതെ തെളിയിക്കണം. ഇതിനായിരിക്കണം ഓരോരുത്തരുടെയും ചുവടുകൾ. നാദിയയുടെ അവസ്ഥയെ പോലെ, അവൾ ഇരയായത് പോലെ, ഇനിയൊരു നാദിയമാരും ഇരയാവാതിരിക്കട്ടെ.


FULLY COMPUTERISED &
CORE BAKING FACILITY
NEFT/RTGS FACILITY

KSCB

കൊണ്ടോട്ടി
സർവ്വീസ് സഹകരണ ബാങ്ക്

Mehaboob Edakkott
President

Abdul Rasak K
Secretary

ക്ലിപ്തം നമ്പർ D 1937 കൊണ്ടോട്ടി പി.ഒ., മലപ്പുറം ജില്ല – 673 638
H.O. കൊണ്ടോട്ടി, ഫോൺ: 0483 2712068, 8304832068, 2715068
ബ്രാഞ്ച് - നീറാട്, ഫോൺ: 0483 2714068, ഈവനിംഗ് ബ്രാഞ്ച് : 0483 2718068
email: servicebankkondotti@gmail.com







# സത്യസന്ധൻമാർക്ക് സമാധാനമില്ലാത്ത ഒരു കാലത്താണ് നാം ജീവിക്കുന്നത്

**Q** *സത്യസന്ധൻമാർക്ക് സമാധാനമില്ലാത്ത ഒരു കാലത്താണ് നാം ജീവിക്കുന്നത്. പ്രതികരിക്കുന്നവരുടെ നാവിന് സീൽ വെക്കപ്പെടുന്നു. എഴുതുന്നവരുടെ എഴുത്തിനെ വിലക്കുന്നു. മാധ്യമപ്രവർത്തകരും നിഷ്പക്ഷ ചിന്താഗതിക്കാരും കൊല്ലപ്പെടുന്നു. ഇതെല്ലാം രാജ്യത്തെ നിത്യസംഭവമായി മാറുന്നു. സാർ, താങ്കളുടെ അറസ്റ്റും ഈ സംഭവങ്ങളും ബന്ധപ്പെടുത്തി വായിച്ചാൽ, താങ്കളുടെ പ്രതികരണം എങ്ങനെ ആയിരിക്കും?*

**a** യഥാർത്ഥത്തിൽ ഈ പ്രസ്താവനയോട് ഞാൻ യോജിക്കുന്നില്ല. ഇതിന്റെ മറുപടി വളരെ ലളിതമാണ് സത്യം പറയുന്നവരുടെ നാവുകൾ എവിടെയാണ് സീൽ ചെയ്യപ്പെടുന്നത്. ഒരുപക്ഷേ, സീൽ ചെയ്യപ്പെടുന്നുണ്ടായിരിക്കാം. പക്ഷേ, സാധാരണയായി പറയുന്ന ഒരു അഭിപ്രായമായി മാത്രമേ ഞാൻ ഇതിനെ പരിഗണിക്കുന്നുള്ളൂ. ഉദാഹരണമായി രാഷ്ട്രീയക്കാരെ കുറിച്ചോ ഭരണാധിപന്മാരെ കുറിച്ചോ ജനങ്ങൾക്കുള്ള അഭിപ്രായം തൊട്ടടുത്ത നിമിഷം തന്നെ മാറ്റി പറയാം. അതൊരു സ്വാഭാവിക വിമർശനമായി മാത്രമേ വിലയിരുത്തപ്പെടുന്നുള്ളൂ. അതൊരിക്കലും അഭിപ്രായ സ്വാതന്ത്ര്യത്തെ എതിർക്കപ്പെടുന്നുമില്ല.

എന്റെ കഥ ഏകദേശം ഇരുപത്തിയഞ്ച് വർഷങ്ങൾക്കു മുമ്പ് തുടങ്ങിയതാണ്. ഇക്കാലയളവിൽ അഞ്ച് മുഖ്യമന്ത്രിമാരും ഏകദേശം മൂന്നോ നാലോ പ്രധാനമന്ത്രിമാരും കടന്നുവന്നിട്ടുണ്ട്. എന്റെ നാവുകൾ ആരും ഇതുവരെ സീൽ ചെയ്യപ്പെട്ടിട്ടില്ല. സ്വാതന്ത്ര്യവും നഷ്ടപ്പെട്ടിട്ടില്ല. നമുക്ക് പറയാനുള്ളത് പലരും പറഞ്ഞു തുടങ്ങുമ്പോഴേക്കും പാതിവഴിയിൽ അത് ഉപേക്ഷിച്ചു പോകുന്നു. കൊന്നുകളയുമെന്നും മറ്റും ഭീഷണി, കുടുംബത്തിൽ നിന്നും

ഉണ്ടായേക്കാവുന്ന ആശങ്കകൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ സാമൂഹികമായ ഒറ്റപ്പെടൽ തുടങ്ങിയവ സ്വാഭാവികമായും നമ്മെ തേടിയെത്തും. ഇതിൽ നിന്നും എന്നെ വ്യത്യസ്തമാക്കുന്നത് ഞാൻ തുടങ്ങിയതും പാതിവഴിയിൽ ഉപേക്ഷിച്ചു പോകാത്തതും വിജയം വരെ പോരാടിയതുമാണ്.

**Q** *സാർ, താങ്കൾ പരാമശിച്ചുവല്ലോ പാതിവഴിയിൽ പോരാട്ടം ഉപേക്ഷിക്കുന്നതിനെ കുറിച്ച്, പലപ്പോഴും ഇതിനുള്ള കാരണം പോരാട്ടം നയിക്കുന്നവർ പാതി വഴിയിൽ അതിദാരുണമായി കൊല ചെയ്യപ്പെടുന്നതാണ്?*

**a** ഇതിൽ ഞാൻ വിശ്വസിക്കുന്നില്ല. സമൂഹത്തിൽ നടക്കുന്ന പല കാര്യങ്ങളും മീഡിയ പറയുനന്ത് പോലെ തന്നെ സത്യമാകണമെന്നില്ല. എന്റെ കാര്യം തന്നെ നോക്കൂ... പത്രമാധ്യമങ്ങൾ എന്തെല്ലാം കുപ്രചരണങ്ങളാണ് നടത്തിയിട്ടുള്ളത്.!!

**Q** *സാർ താങ്കൾക്ക് പിന്തുണ നൽകിയിരുന്ന മീഡിയകളെ ഓർക്കുന്നുണ്ടോ?*

**a** എന്നെ പിന്തുണച്ച മാധ്യമങ്ങളും മാധ്യമ പ്രവർത്തകരും ഉണ്ട്. ഞാൻ ജയിലിലായപ്പോൾ ജാമ്യം ലഭിക്കുന്നതിന് മുമ്പേ തന്നെ ആനന്ദ് പാർത്ഥസാരഥി എന്ന എൻജിനീയർ ദ ഹിന്ദു ദിനപത്രത്തിൽ എഴുതിയ ലേഖനത്തിൽ ഇങ്ങനെ എഴുതി. This is a fake case time will prove that.

**Q** *സാർ താങ്കളെ ചാരക്കേസിൽ ഇരയാക്കപ്പെടുന്നതിനുള്ള ഹേതു എന്തായിരുന്നു*

**a** ഈകേസിന്റെപരിപൂർണമായവിശദാംശങ്ങൾ ഓർമകളുടെ ഭ്രമണപഥത്തിൽ എന്ന എന്റെ ആത്മകഥയിൽ പ്രത്യേകം വിവരിക്കുന്നുണ്ട്. യഥാർഥത്തിൽ എന്നെ ആയിരുന്നില്ല അവർ ലക്ഷ്യമിട്ടിരുന്നത്. എന്റെ പദവിയെ ആയിരുന്നു. ഇന്ത്യൻബഹിരാകാശ ഗവേഷണ മേഖലക്ക് വളരെയധികം സംഭാവനകൾ നൽകിയ ഹോമി ജെ. ബാബയുടെയും വിക്രം സാരാഭായിടെയും മരണകാരണങ്ങൾ ദുരൂഹതയേറിയതാണല്ലോ.. ഇതെല്ലാം ഒരു വസ്തുതയാണ്.

**Q** *സാർ, ഈ കേസിൽ പിടിക്കപ്പെട്ടപ്പോൾ തളരാതെ നിരപരാധിത്വം തെളിയും വരെ പോരാടാൻ ഉള്ള ധൈര്യവും ഊർജവും തന്നത് സ്വന്തം കുടുംബമാണോ? അതോ എടുത്ത് പറയേണ്ട മറ്റാരെങ്കിലുമുണ്ടോ?*

**a** എല്ലാരവും എന്നെ പിന്തുണച്ചിരുന്നു തുടക്കം മുതൽ തന്നെ എന്റെ കുടുംബാംഗങ്ങളും എന്നെ അറിയുന്ന എന്റെ അടുത്ത സുഹൃത്തുക്കളും എന്റെ വീടിന്റെ നാല് ഭാഗത്തുള്ളവരും എന്നെ പിന്തുണച്ചിരുന്നു. അയൽ വീട്ടുകാരെല്ലാവരുംഎന്റെസുഹൃത്തുക്കളുമായിരുന്നു. എന്നെക്കുറിച്ച് അവർക്ക് തികഞ്ഞ യാഥാർത്ഥ്യബോധം ഉണ്ടായിരുന്നു. നിരപരാധിത്വം തെളിയിക്കാൻ എന്റെ മനോബലം മാത്രമല്ല ദൈവാനുഗ്രഹം കൂടിയാണ് സഹായകമായത്.

**Q** *സാർ, താങ്കളുടെ നിരപരാതിത്വം തെളിഞ്ഞപ്പോൾ കോടതി വഴി താങ്കൾക്ക് നഷ്ട്ടപരിഹാരം ലഭിച്ചു. യതാർഥത്തിൽ താങ്കൾക്ക് നഷ്ടമായ രണ്ട് പതിറ്റാണ്ടിന് പകരമാവും ഈ നഷ്ടപരിഹാരം എന്ന് തോന്നുന്നുണ്ടോ?*

**a** ഒരിക്കലുമില്ല. സുപ്രീംകോടതിയിൽ നഷ്ടപരിഹാരത്തുകയെകുറിച്ച് ചർച്ച വന്നപ്പോൾ പോലും പണത്തിന് പിന്നാലെ പോകാൻ എനിക്ക് താല്പര്യം ഇല്ലായിരുന്നു. പകരം എന്റെ താല്പര്യം എന്റെ മേൽ തെറ്റിദ്ധാരണ സൃഷ്ടിച്ചവരെ നിയമപരമായി ശിക്ഷിക്കണം എന്നാതായിരുന്നു. 70 ലക്ഷത്തോളം വരുന്ന തുക എനിക്ക് വാഗ്ദാനം ചെയ്തിരുന്നു. ഈ സമയം അറുപത് ലക്ഷത്തോളം രൂപ കടത്തിലുമായിരുന്നു ഞാൻ. എന്നിട്ട് പോലും ഞാൻ ആ പണം നിരസിച്ചു. ഇങ്ങനെ പറയാൻ തികഞ്ഞ ആർജ്ജവം വേണം. എനിക്ക് അതുള്ളതുകൊണ്ട് ഞാൻ വിജയിച്ചു. “you can’t gain without loosing something’

**Q** *സാർ അതിസങ്കീർണതയും ദുരൂഹതയുംനിറഞ്ഞഈകേസിൽനിന്ന്താങ്കൾ*



*നിരപരാധിത്വംതെളിയിക്കുമെന്ന്പ്രതീക്ഷയുണ്ടായിരുന്നോ?*

**a** തീർച്ചയായും... അല്ലെങ്കിൽ ഞാൻ അതിനുവേണ്ടി പേരാടുമായിരുന്നില്ലല്ലോ.. കുപ്രചാരണങ്ങൾ അഴിച്ചുവിട്ടവരെ ശിക്ഷിക്കാൻ പോലും എന്റെ ഇടപെടലുകൾക്ക് സാധിച്ചു എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

സത്യം ജയിക്കും.. എപ്പോഴെങ്കിലും, സത്യത്തിന് മാത്രമേ ശാശ്വത വിജയം ലഭിക്കൂ..

**Q** *സാർ, ഉയർന്ന പദവിയിൽ പെടുന്നവർ ഇത്തരം കേസുകളിൽ അകപ്പെടുന്നത് എങ്ങനെ നോക്കി കാണുന്നു?*

**a** തീർച്ചയായും അങ്ങനെ സംഭവിച്ചേക്കാം. ജീവിതം അങ്ങനെയാണ്. നാളെ നിങ്ങളും എന്തെങ്കിലും ജോലിയിൽ ഏർപ്പെടുമ്പോൾ പ്രതീക്ഷിക്കുന്ന രീതിയിൽ സുഖകരമായി നിങ്ങളുടെ ദൗത്യം നിർവഹിച്ചു തീർക്കാൻ കഴിഞ്ഞെന്നുവരില്ല. ഒരു പക്ഷേ, നമ്മൾ ചെയ്യുന്ന ജോലി മറ്റുള്ളവർക്ക് പരിപൂർണ്ണ സംതൃപ്തിയായിക്കൊള്ളണമെന്നില്ല.

**Q** *സാർ, സയൻസിലുള്ള താങ്കളുടെ അഭിരുചി എപ്പോഴാണ് തിരിച്ചറിയുന്നത്?*

**a** അടിസ്ഥാനപരമായി ഓരോ വ്യക്തികൾക്കും ഓരോ താൽപര്യങ്ങൾ ഉണ്ടാകും. ഒരു പക്ഷേ, ചിലർക്ക് താൽപര്യം സയൻസ്, ആർട്സ് മേഖലയിലായിരിക്കാം. അതുമല്ലെങ്കിൽ ഒരു പക്ഷേ, ഡാൻസ്, മ്യൂസിക് തുടങ്ങിയവയിൽ ആയേക്കാം. പക്ഷേ, കഴിവുകൾ ഏതു മേഖലയിലാണെന്ന് തിരിച്ചറിയുകയാണ് പ്രധാനം. ഒരു മികച്ച പാചകക്കാരനാണങ്കിൽ തീർച്ചയായിട്ടും പാചകത്തിലെ അഭിരുചി സ്വമേധയാ തിരിച്ചറിയപ്പെടും. If you realise that then you are becoming someboady| സ്വന്തം അഭിരുചി തിരിച്ചറിയാൻ സാധിക്കാത്തവർ തന്റെ അഭിരുചി തിരിച്ചറിയാൻ പരിശ്രമിക്കണം.

പാഠ്യ വിഷയങ്ങൾ എന്നത് ഒരു അടിസ്ഥാന പ്രേരകം മാത്രമാണ്. എന്നെ സംബന്ധിച്ചിടത്തോളം വളരെ ചെറുപ്പത്തിൽ തന്നെ മാത്തമാറ്റിക്സ് ക്രിയകൾ വളരെ എളുപ്പത്തിൽ ചെയ്തുതീർക്കാൻ എനിക്ക് സാധിച്ചിരുന്നു. പിന്നീട് കണക്കിലെ ക്രിയകൾ പൂർത്തീകരിക്കാൻ സ്വതസിദ്ധിയാർന്ന

INTER VIEW

## THIS IS A FAKE CASE, TIME WILL PROVE THAT





ശൈലി ആർജിച്ചെടുക്കാനും ശരവേഗത്തിൽ ക്രിയകൾ ചെയ്ത് തീർക്കാനും സാധിച്ചിരുന്നു. ക്രമാനുഗതമായി കണക്ക് എന്റെ അഭിനിവേശമായിത്തീർന്നു. കണക്കിലെ എന്റെ നൈപുണ്യം പിന്നീട് എഞ്ചിനിയറിങ്ങിലേക്ക് വഴിമാറി.

യഥാർത്ഥത്തിൽ എന്റെ മേഖലയെ സയൻസ് എന്ന് പറയരുത്. സയൻസോ സയന്റിസ്റ്റോ അല്ല എന്റെ ശ്രദ്ധാകേന്ദ്രം. സയൻസ് എന്ന് പറയുന്നത് എന്നെ സംബന്ധിച്ചിടത്തോളം Fundamental research ഉം applied research ഉം ആണ്. ഇതിൽ എന്റെ മേഖല applied research ആണ്. applied research എന്തെന്നാൽ. we are creators തങ്ങൾ സ്വന്തം ഗവേഷണങ്ങളിലൂടെ ആർജിച്ചെടുത്ത അറിവും സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തി കൂടുതൽ ഗവേഷണം നടത്തുന്നു. Fundamental researchകൾ ചെയ്യുന്നതെന്തെന്നാൽ സിദ്ധാന്തങ്ങൾ രൂപപ്പെടുത്തലാണ്. appliedresearch ഇത് പ്രയോജനപ്പെടുത്തി പുതിയത് സൃഷ്ടിച്ചെടുക്കുന്നു എന്നു മാത്രം.

**Q** *സാർ, തദ്ദേശീയമായി വികസിപ്പിച്ചെടുക്കുന്ന ക്രയോജനിക്ക് എഞ്ചിൻ രൂപപ്പെടുത്തുന്ന ടീമിന്റെഭാഗമായിരിന്നല്ലോ താങ്കൾ, പെട്ടെന്നുണ്ടായ താങ്കളുടെ അഭാവം പ്രവർത്തനങ്ങളെ ബാധിച്ചുട്ടുണ്ടോ?*

**a** അതെ, അതിൽ സംശയമെന്താണുള്ളത്. വേണമെങ്കിൽ അത് പരിശോധിച്ച് മനസ്സിലാക്കാവുന്നതാണ്. 1999-ൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രൊജക്റ്റ് 2014-ൽ ആണ് വിജയകരമായി പൂർത്തീകരിച്ചത്. വർഷാവർഷം പ്രസിദ്ധീകരിക്കുന്ന ഐ.എസ്.ആർ.ഒ. റിപ്പോർട്ടിൽ ക്രയോജനിക്ക് എഞ്ചിൻ പ്രോജക്ട് കാലാവധി നീട്ടികൊണ്ടു പോകുന്നത് ആർക്കും പരിശോധിച്ച് ഉറപ്പ് വരുത്താവുന്നതാണ്.

**Q** *സാർ താങ്കളുടെ ഈ കേസിൽ വിദേശ രാജ്യങ്ങളുടെ നിശബ്ദമായ ഇടപെടലുകൾ ഉണ്ടെന്ന് താങ്കൾ വിശ്വസിക്കുന്നുണ്ടോ?*

**a** അത് പരിപൂർണമായി വിശദീകരിക്കാൻ സാധിക്കാത്ത വസ്തുതയാണ്. ഉദാഹരണം പറയുകയാണെങ്കിൽ ഒരു ഹോട്ടലിൽ കയറി കാപ്പി കുടിക്കുന്ന ഞാൻ, ചായയാണോ കാപ്പിയാണോ അതല്ല മറ്റെന്തെങ്കിലും ആണോ കുടിക്കുന്നത് എന്ന് മറ്റുള്ളവർക്ക് ഊഹിക്കാൻ മാത്രമല്ലേ സാധിക്കൂ. എന്നതുപോലെ ഞാനും ചിലത് ഊഹിക്കുന്നു. അതിനു പിന്നിൽ വ്യക്തമായ രാഷ്ട്രീയവും വ്യക്തിപരമായ കാരണങ്ങളുണ്ട്.

**Q** *സാർ, ഏതെങ്കിലും വിദേശ ബഹിരാകാശ ഏജൻസികൾ താങ്കളെ അവരുടെ പ്രവർത്തനങ്ങൾക്ക് ക്ഷണിക്കുമായിരുന്നെങ്കിൽ താങ്കൾ അവരുമായി സഹരിക്കുമായിരുന്നോ?*

**a** പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ പഠിച്ചുകൊണ്ടിരിക്കെ തന്നെ സിറ്റിസൺഷിപ്പോടുകൂടി നാസ അവരുടെ പ്രവർത്തനങ്ങൾക്ക് ക്ഷണിച്ചിരുന്നു. അതെല്ലാം തൂക്കി വലിച്ചെറിഞ്ഞാണ് ഞാൻ ഐ.എസ്.ആർ.ഒ.യിൽ പ്രവർത്തിച്ചിരുന്നത്. എനിക്കൊരു ഹൈപ്പോത്തിക്കൽ പൊസിഷ്യൻ താൽപര്യമില്ലായിരുന്നു.

**Q** *സാർ, ഔദ്യോഗിക ജീവിതം അവസാനിച്ച് 19 വർഷങ്ങൾക്ക് ശേഷം താങ്കൾക്ക് ലഭിച്ച പത്മഭൂഷൺ അവാർഡ് യഥാർഥത്തിൽ താങ്കളുടെ കഴിവിന്റെ അവാർഡായിട്ടാണോ അതല്ല രാഷ്ട്രീയക്കാരുടെ തെറ്റുതിരുത്തലിന്റെ ഭാഗമായിട്ടുള്ള അവാർഡായിട്ടാണോ താങ്കൾ പരിഗണിക്കപ്പെടുന്നത്?*

**a** ഇതെന്റെ അർഹതയ്ക്ക് ലഭിച്ച അംഗീകാരം തന്നെയാണ്. അതിൽ ഒരു സംശയവും വേണ്ട. പക്ഷേ, 20 വർഷങ്ങൾക്കു മുമ്പ് ലഭിക്കേണ്ടതായിരുന്നു. 1994–95 കാലഘട്ടത്തിൽ ഞങ്ങളുടെ പ്രവർത്തന മികവോടെ വിജയകരമായി പരീക്ഷിച്ച പി.എസ്.എൽ.വി. റോക്കറ്റ് വാഹിനി 46 തവണ ബഹിരാകാശ വിക്ഷേപണം നടത്താൻ സാധിച്ചു. അതിൽ ഒരു തവണ പോലും പരാജയപ്പെട്ടിട്ടില്ല എന്ന് മാത്രമല്ല ജി.എസ്.എൽ.വി., പി.എസ്.എൽ.വി ചന്ദ്രയാൻ മംഗൾയാൻ തുടങ്ങിയ വിക്ഷേപണങ്ങൾക്ക് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കാനും എന്റെ കാലഘട്ടത്തിലെ പ്രവർത്തനം കൊണ്ട് സാധിച്ചു.

ഇതിലൂടെ വളരെ പെട്ടെന്ന് തന്നെ മനസ്സിലാക്കാം ഈ അവാർഡ് എന്റെ കഴിവാണോ അല്ലയോ എന്ന്, ഒരുപാട് മുമ്പേതന്നെ കിട്ടേണ്ട അംഗീകാരമായിരുന്നു ഇത്. പക്ഷേ, ചില കുപ്രചരണങ്ങൾ എന്റെ ഔദ്യോഗിക ജീവിതത്തെ ബാധിച്ചു.

**Q** *സാർ താങ്കളുടെ ഔദ്യോഗിക ജീവിതത്തിൽ ആഗ്രഹിച്ചിട്ട് നടക്കാതെപോയ എന്തെങ്കിലും ദൗത്യമുണ്ടോ?*

**സത്യം ജയിക്കും.. എപ്പോഴെങ്കിലും, സത്യത്തിന് മാത്രമേ ശാശ്വത വിജയം ലഭിക്കൂ..**







# WHAT YOU SHOULD DO IS, WHAT SUITS YOU!

**a** ഉണ്ട്, ഐ.എസ്.ആർ.ഒയിൽ നിന്ന് റിട്ടയേർഡ് ആയതിനു ശേഷം സ്വന്തമായി ഒരു എയർക്രാഫ്റ്റ് ഉണ്ടാക്കണം എന്ന് എനിക്ക് അതിതായ ആഗ്രഹം ഉണ്ടായിരുന്നു. എയർക്രാഫ്റ്റ് ഉണ്ടാക്കുന്നതിനേക്കാൾ ബുദ്ധിമുട്ടേറിയ എഞ്ചിൻ ഉപയോഗിച്ച് റോക്കറ്റ് വിക്ഷേപണം വിജയകരമായി നടത്താൻ സാധിച്ചപ്പോൾ വെറും മൂന്നോ നാലോ എഞ്ചിനുകൾ മാത്രമുള്ള ഒരു വിമാനം സ്വന്തമായി നിർമിച്ചെടുക്കുക എന്നത് ബുദ്ധിമുട്ടേറിയ കാര്യമായിരുന്നില്ല. എങ്കിൽ പോലും എനിക്കത് നടപ്പിലാക്കാൻ സാധിച്ചില്ല അതിനുള്ള കാരണം ആർക്കും മനസ്സിലാക്കാൻ പറ്റുന്ന വസ്തുതയാണ്.

**വരും കാലങ്ങളിൽ പ്രതീക്ഷിക്കാമോ?**

**a** ഇല്ല, എന്റെ പ്രായാധിക്യം എന്നെ അനുവദിക്കുന്നില്ല അതുകൊണ്ട് ഞാൻ അതിന് താല്പര്യപ്പെടുന്നില്ല.

**Q** *സാർ, ഉപഗ്രഹ വിക്ഷേപണത്തിന്റെ മുന്നോടിയായി തേങ്ങ പൊട്ടിക്കുന്ന ആചാരത്തിൽ താങ്കൾ വിശ്വസിക്കുന്നുവോ?*

**a** ഇങ്ങനെയൊരു ആചാരം ചിലപ്പോഴൊക്കെ കാണാറുണ്ട്. ഒരുപക്ഷേ അങ്ങനെ ഒരു കീഴ്‌വഴക്കം ഒന്നുമില്ല. ഞാൻ തേങ്ങ പൊട്ടിക്കാറുമില്ല. ഓരോ പരീക്ഷണത്തിനും മുന്നോടിയായി ആത്മാർത്ഥമായി ഞാൻ പ്രാർത്ഥിക്കാറുണ്ട്. ആ പ്രാർത്ഥനയാണ് എന്റെ എല്ലാ വിജയങ്ങൾക്കും പ്രേരകം എന്ന് ഞാൻ വിശ്വസിക്കുന്നു.

**Q** *താങ്കൾ മുടിയും താടിയും നീട്ടി വളർത്തുന്നതിന്റെ കാരണമെന്താണ്?*

**a** ചെറുപ്പക്കാലത്ത് മീറ്റിങ്ങുകളിൽ പങ്കെടുക്കുമ്പോൾ പ്രായക്കുറവ് കാരണം ആരും എന്നെ ഗൗനിക്കാറില്ലായിരുന്നു. ആ സമയത്ത് പൗരുഷം നേടിയെടുക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് താടി വളർത്താൻ തുടങ്ങിയത്. കുറച്ച് മുമ്പ് രവീന്ദ്രനാഥ ടാഗോറിനെ അനുസ്മരിപ്പിക്കും വിധം വളരെയധികം നീട്ടി വളർത്തിയിരുന്നു.

**Q** *സാർ വിദ്യാർഥികൾക്ക് ഒരു സന്ദേശം നൽകാമോ*

**a** *Be hold? And true to your conscious*

നിരന്തരം എന്തെങ്കിലും പുതിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. അതിലൂടെ പുതിയവ കണ്ടെത്താൻ ശ്രമിക്കുക. ഞാൻ ചെയ്യുന്ന അതുപോലെ നിങ്ങൾ ചെയ്യണമെന്ന് ഒരിക്കലും ആഗ്രഹിക്കരുത്. ഓരോരുത്തരുടെയും മാനസിക മനോഭാവവും ഊർജവും വ്യത്യസ്ഥമാണ്. “What you should do is, what suits yo!’ എന്നിരുന്നാലും, രാവിലെ എണീക്കുന്നു, പല്ല് തേക്കുന്നു, കുളിക്കുന്നു, പത്രം വായിക്കുന്നു. ഓഫീസിൽ പോയി ജോലി നിർവഹിക്കുന്നു എന്ന രീതിയിലുള്ള സാധാരണ ജീവിതത്തിൽ നിങ്ങൾക്ക് യാതൊരു പ്രശ്നവും സംഭവിക്കുകയില്ല.

സ്വാഭാവികതയിൽ നിന്നും വ്യതിചലിച്ച് എപ്പോൾ നിങ്ങൾ പ്രവർത്തിക്കുന്നുവോ അപ്പോൾ മുതൽ നിങ്ങളെ പ്രതിബന്ധങ്ങൾ തേടിയിരിക്കും. സാധാരണ ജീവിതം ചെയ്തു തീർക്കാൻ കുറെ പേരുള്ള ഈ ലോകത്ത് സ്വാഭാവികതയിൽ നിന്നും മാറി വിചിന്തനം ചെയ്യുക. അതിനെ ചിലപ്പോൾ അത്യാഗ്രഹം എന്ന് വിളിച്ചേക്കാം. അതെ, എനിക്ക് അത്യാഗ്രഹം തന്നെയാണ്. കാരണം, ഈ അത്യാഗ്രഹമാണ് പുതിയ ലോകത്ത് നടന്നടുക്കാൻ നമ്മെ സഹായിക്കുന്നത്. ആഗ്രഹങ്ങളും പ്രവർത്തനങ്ങളും സൽവൃത്തിക്ക് വേണ്ടി മാത്രമാകണം എന്നുള്ളത് ശ്രദ്ധിക്കേണ്ടതുമാണ്.


ഹാ ... ഭരണഹിതം
എങ്കിലും എന്തും നേരിടാൻ നെഞ്ചും വിരിച്ച് ഞങ്ങളുണ്ട്.
ഹാ ഞാനും ന്യൂജനാ

# ഞാനും ഫ്രീക്കനാ

അലക്കാൻ മടിയായതുകൊണ്ട് വസ്ത്രങ്ങളെല്ലാം കുന്നുകൂടി കിടക്കുകയാണ്. ഇനി അണിയാൻ ഒറ്റക്കുപ്പായവുമില്ല .മൂന്നുകൊല്ലം മുമ്പ് ഉപ്പ വാങ്ങിത്തന്ന ഒരു കുപ്പായം അലമാരക്കകത്ത് എവിടെയോ ഉണ്ട്. ഇപ്പോൾ അത് തീരെ വലിപ്പം പോര .എങ്കിലും എടുത്തണിഞ്ഞു കോളേജിലേക്ക് പോവുകയായിരുന്നു ഞാൻ. വഴിയിൽ വെച്ച് സ്നേഹിതനായ ഫിറോസ് എന്നെ അടിമുടി നോക്കി. 'ഇജ്ജ്പ്പം ട്രെൻഡിലാണല്ലോ' അവനൊന്ന് പുകഴ്ത്തി. അപ്പോഴാണ് ഓർമ്മവന്നത് ചെറിയ കുപ്പായവും ആസനത്തിന് ഇറങ്ങിയ പാൻറ്റ്സും ഇപ്പോൾ തരംഗമാണല്ലോ. മണ്ടൻ !അവനൊന്നും മനസ്സിലായിട്ടില്ലല്ലോ അവന്റെവാക്കുകളാൽ അന്ന് ഞാനെന്റെ കുറവ് മറച്ചു പിടിച്ചു.

പിറ്റേന്ന് എല്ലാം ശരിയാണെന്ന് ഉറപ്പുവരുത്തി. തലേന്ന് പറ്റിയ പിഴവുകൾ ഇനിയുണ്ടാവാൻ പാടില്ലല്ലോ. വഴിയിലൂടെ നടക്കുമ്പോൾ ഞാൻ ഒരു കല്ല് തട്ടിവീണു. കാൽമുട്ടിന്റെ ഭാഗത്തായി പാന്റ്സ് അൽപം കീറിപ്പോയി. പാൻറ്സ് മാറ്റാനായി വീട്ടിലേക്ക് തിരിച്ചു പോകാനൊരുങ്ങിയതായിരുന്നു അപ്പോഴാണ് രാജേഷും ഷുക്കൂറും വന്നത് .നോക്കുമ്പോൾ അവർ രണ്ടുപേരുടെയും പാന്റ്സിനു ചെറിയൊരു കീറലുണ്ട്. ഓഹോ ! ഇതും ഫാഷനാണല്ലോ... സമാധാനമായി എനിക്ക് ,ധൈര്യമായി കോളേജിലേക്ക് വച്ചുപിടിച്ചു

ഇന്ന് ഞാൻ അണിഞ്ഞിരിക്കുന്നത് വളരെ നരച്ചു പോയ കുപ്പായമാണ്. കൂട്ടുകാരുടെ മുഖം ചുളിയുന്നത് ഞാൻ കണ്ടു 'എന്ത് ഊള കോലാടാ ഇത്?' ഒരു സഹപാഠി ചോദിച്ചു 'സാരല്യ നാളെ ഇതും ട്രെൻഡാവും' ഇജ്ജ് കണ്ടോ ഗമയോട് കൂടി തന്നെ ഞാൻ മറുപടി നൽകി.

അപ്പോഴും മനസ്സ് ഉരുവിട്ടു കൊണ്ടിരിക്കുകയായിരുന്നു
ഞാനും ഫ്രീക്കനാ..... ഞാനും ഫ്രീക്കനാ......

**മഹ്റൂഫ്**
ബി.കോം, കോ - ഓപ്പറേഷൻ, മൂന്നാം വർഷം



# നീയാണ് ഞാനും

**ദൈ**വം കനിഞ്ഞുലകിലെ മനുഷ്യരാണവരും
ധാത്രിയുടെ സന്തതികൾ
ഒറ്റപ്പെടലെന്തെന്നറിഞ്ഞവർ
കൂട്ടുകാരില്ലാതെ നൊമ്പരപ്പെട്ടവർ
സമൂഹത്തിലൂടെ നടക്കാൻ കൊതിച്ചവർ
പ്രത്യേക വിഭാഗം എന്ന് മുദ്രകുത്തിയവർ
എന്നാൽ ഓർക്കുക,
ആക്ഷേപഹാസ്യങ്ങൾ അവരെ തളർത്തിയില്ല
അവർ മുന്നേറുന്നു,
ഒരുനാൾ തെളിയുമീ ഭൂവിൽ.
കാണാതെ പോയ ആ മനസ്സ്
അവർ പറയാനാഗ്രഹിച്ച വാക്കുകൾ
മുഴങ്ങും കാതുകളിൽ
'നീയെന്താണോ അതാണ് ഞാനും
അവഗണിക്കുന്ന ഈ സമൂഹത്തി
ലൊരുവനാണ് ഞാനും
ഞാൻ ജീവിക്കും
നിങ്ങളിലൊരാളായി
മരിക്കുവോളം.'



**നസീഹ**
ബി.എ. ഇക്കണോമിക്സ്, ഒന്നാം വർഷം

# സാങ്കൽപ്പിക ലോകത്തെ സർവ്വകോശ വിജ്ഞാനങ്ങൾ



മാധ്യമാധിപത്യമുള്ളൊരു ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. നമ്മുടെ അനുദിന ജീവിതചര്യകളെയും പെരുമാറ്റത്തെയും മാധ്യമങ്ങൾ സ്വാധീനിക്കുന്നു, ഭരിക്കുന്നു. കുട്ടികളുടെ വളരുന്ന മനസ്സുകളെയാണ് മാധ്യമങ്ങൾ അധികവും സ്വാധീനിക്കുന്നത്. അവർ പിറന്നുവീഴുന്നത് അങ്ങനെയുള്ള ഒരു ജീവിത ക്രമത്തിലേക്കും മാധ്യമസംസ്കാരത്തിലേക്കും മാണെന്ന് പറയാതിരിക്കാൻ വയ്യ.

ഇന്ന് കുട്ടികൾക്ക് കിട്ടുന്ന ഡിജിറ്റൽ കളിക്കോപ്പുകളും, അവർക്ക് കൈയെത്താവുന്ന ദൂരത്തിലെ മൊബൈലും, ഐഫോണും, ഐ പാഡും കമ്പ്യൂട്ടർ സംവിധാനങ്ങളുമെല്ലാം അവരുടെ വിരൽത്തുമ്പിലെ കളിപ്പാട്ടങ്ങളായി മാറുന്നു. മാധ്യമങ്ങൾക്കുള്ള ക്രിയാത്മകമായ കരുത്തും കഴിവും ഈ യുഗത്തിലെ സവിശേഷതയാണ്. സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾക്കുള്ള ക്രിയാത്മകമായ കരുത്തിനെ അംഗീകരിക്കുമ്പോൾ അവ നിഷേധകമായി ചെലുത്താവുന്ന സ്വാധീനത്തിലേക്ക് വിരൽ ചൂണ്ടുകയും അവബോധം ഉണർത്തുകയുമാണ് ലക്ഷ്യമെന്ന് ആമുഖമായി പറയട്ടെ ...!

ഇന്റെർനെറ്റ്ഉപയോഗിക്കരുത്,സോഷ്യൽ മീഡിയയിൽ പങ്കാളിയാകരുത് എന്നൊന്നും പറയുന്നത് സാധ്യമല്ല, ശരിയുമല്ല...!

**ഏത് മുക്കിലും മൂലയിലും നടക്കുന്ന പ്രശ്നങ്ങൾ അനുനിമിഷം വിരൽതുമ്പിലൂടെ മുന്നിൽ എത്തിക്കാനും അതിന് പെട്ടെന്ന് തന്നെ പരിഹാരം കാണാനും ഇന്നത്തെ തലമുറക്ക് കഴിയുന്നു.**

**നിഷിദ ഇ.**
ബി.എ. ഇക്കണോമിക്സ്, മൂന്നാം വർഷം

മാധ്യമ പിന്തുണയോടെ നീങ്ങുന്ന ലോകത്ത് എങ്ങനെ മാധ്യമങ്ങളെ മാറ്റിനിർത്തി ജീവിക്കാനാവും?

മാധ്യമങ്ങൾ നന്മയുടെ ചാലകങ്ങളാണ്, നന്മയുടെ ഉപാധികൾ, എന്നാൽ നന്മയെ തിന്മയുടെ ഉപാധികളാക്കി ഉപയോഗിക്കുക എന്നത് മനുഷ്യ സ്വഭാവം തന്നെയാണ്.

ശരിയായി കൈകാര്യം ചെയ്യുകയാണെങ്കിൽ വളർച്ചക്കുതകുന്ന വളരെ ശക്തമായ ഉപകരണമാണ് മാധ്യമങ്ങൾ, സംശയമില്ല...! ഒഴുകിയെത്തുന്ന വെള്ളവും വെളിച്ചവും പോലെ ഇന്ന് മാധ്യമ ശൃംഖല വളർന്നുവലുതായി. വിവരസാങ്കേതികതയുടെ വലിയലോകമായി മാറിയിരിക്കുന്നു. എന്നാൽ കെണിയിൽ പെടുന്ന കുട്ടികളെക്കുറിച്ച് നാം ചിന്തിക്കാറുണ്ടോ? മാധ്യമങ്ങൾ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് കുട്ടികളെയാണ്. നവ മാധ്യമങ്ങളുടെ ഓരോ മുക്കിലും മൂലയിലും അവർ വളരെയധികം സജീവവും വൈജ്ഞാനികളുമായിത്തീരുന്നു. എല്ലാം

**ഇതുപോലെ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന കളയേയും വിളയേയും തിരിച്ചറിഞ്ഞ് ജീവിതം സുരക്ഷിതമാക്കാനും, നമ്മൾ ഓരോരുത്തരും ശ്രമിക്കണം. പ്രചരിക്കുന്ന നന്മകളെ തിരിച്ചറിഞ്ഞ് അത് പരിഹരിക്കുന്നത് നന്മ നിറഞ്ഞ കാര്യമാണ്. അതുപോലെ തിന്മയെ തിരിച്ചറിയാനുള്ള ചെറിയ ബോധം നമ്മളിൽ വാർത്തെടുക്കുന്നതും സമൂഹത്തിനോടുള്ള നന്മയാണ്.**

അറിഞ്ഞിട്ടും കെണിയിൽ പെടുന്നവരാണ് മിക്ക കുട്ടികളും. മാധ്യമങ്ങൾ നന്മയുടെ ചാലകങ്ങളാണ് പലപ്പോഴും, ഏത് മുക്കിലും മൂലയിലും നടക്കുന്ന പ്രശ്നങ്ങൾ അനുനിമിഷം വിരൽതുമ്പിലൂടെ മുന്നിൽ എത്തിക്കാനും അതിന് പെട്ടെന്ന് തന്നെ പരിഹാരം കാണാനും ഇന്നത്തെ തലമുറക്ക് കഴിയുന്നു. പ്രളയത്തെ അതിജീവിച്ച കേരളം വാട്സ്ആപ്പ് കൂട്ടായ്മയുടെയും ഫേസ്ബുക്ക് സൗഹൃദത്തിന്റെയും ബാക്കിവച്ച അടയാളങ്ങളാണ്. ഒരു സാമ്പ്രദായിക മാധ്യമത്തിനും മധ്യസ്ഥതയില്ലാതെ, ഒരു രാഷ്ട്രീയ നേതൃത്വത്തിന്റെയും പിന്തുണയില്ലാതെ കേരളത്തിൽ അടുത്തിടെ നടന്ന പല ഹർത്താലുകളും സോഷ്യൽ മീഡിയയിലൂടെ പ്രചരിച്ച നിർദേശങ്ങൾക്കനുസരിച്ചാണ്.

ഇത്രയൊക്കെ വളർന്നിട്ടും അധഃപതിച്ചുകൊണ്ടിരിക്കുന്ന ഭയാനകമായ ഒരു ഗുഹയിൽപെട്ടിരിക്കുകയാണ്ഇന്നത്തെസമൂഹം. അവർസാമൂഹികമാധ്യമങ്ങളിൽസജീവവും ജീവിത യാഥാർത്ഥ്യങ്ങളിൽ നിർജീവവുമാകുന്നു. സോഷ്യൽ മീഡിയയിലൂടെ ആരോ പ്രചരിപ്പിക്കുന്ന അസത്യങ്ങളും, വർഗീയത സൃഷ്ടിക്കുന്ന ചിത്രങ്ങളും, വാർത്തകളും മിനിറ്റുകൾക്കുള്ളിൽ പ്രചരിപ്പിക്കുവാനും, അതിനുവേണ്ടി കൊടിപിടിക്കാനും അവർ മുൻപന്തിയിലാണ്. സാമൂഹ്യ പ്രശ്നങ്ങളെ പരിഹരിക്കുവാൻ സ്വന്തം ജീവിത പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുകയും വിഷാദത്തിനും, മരണത്തിനും വരെ കീഴടങ്ങുകയും ചെയ്യുന്നു. സ്വജീവിതത്തെക്കുറിച്ച്ബോധമില്ലാതെ എങ്ങോട്ടാണ് ഇന്നീ സമൂഹം പോകുന്നത്?

മുല്ല നസറുദ്ധീന്റെ മനോഹരമായ ഒരു കഥയുണ്ട്. മുല്ല നസറുദ്ധീന് വിശാലവും സമ്പന്നവുമായ നെൽപ്പാടം ഉണ്ടായിരുന്നു. ഒരിക്കൽ മുല്ലയുടെ അയൽവാസി അദ്ദേഹത്തിന്റെ അടുത്ത് വന്ന് ചോദിച്ചു. ''മുല്ലാ, കളയേയും വിളയേയും എങ്ങനെ തിരിച്ചറിയും''. അപ്പോൾ മുല്ല പറഞ്ഞു. നിങ്ങൾ രണ്ടുംഒരുപോലെ മണ്ണിൽ ഇടുക, പെട്ടെന്ന് വളരുന്നത് ഏതാണോ അത് കളയും പതുക്കെ വളരുന്നത് ഏതാണോ അത് വിളയുമാകുന്നു. ഇതുപോലെ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന കളയേയും വിളയേയും തിരിച്ചറിഞ്ഞ് ജീവിതം സുരക്ഷിതമാക്കാൻ, നമ്മൾ ഓരോരുത്തരും ശ്രമിക്കണം. പ്രചരിക്കുന്ന നന്മകളെ തിരിച്ചറിഞ്ഞ് അത് പരിഹരിക്കുന്നത് നന്മ നിറഞ്ഞ കാര്യമാണ്. അതുപോലെ തിന്മയെ തിരിച്ചറിയാനുള്ള ചെറിയ ബോധം നമ്മളിൽ വാർത്തെടുക്കുന്നതും സമൂഹത്തിനോടുള്ള നന്മയാണ്.

മറ്റുള്ളവരുടെ പ്രശ്നങ്ങൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു പരിഹാരം കണ്ടെത്തുന്ന സമൂഹത്തിന് ജീവിത യാഥാർത്ഥ്യങ്ങളെ കുറിച്ച് തീരെ കുറഞ്ഞ അവബോധമാണുള്ളത്. അതുകൊണ്ട് തന്നെയാണ് ദൈവത്തിന്റെ നാട് ഇന്ന് ആത്മഹത്യ ചെയ്യുന്നവരുടെയും വിഷാദ രോഗികളുടെയും നാടായി മാറിയത്. വിരൽ തുമ്പിലൂടെ ആസ്വദിക്കുന്ന ജീവിതത്തെക്കാൾ കൈപ്പ് നിറഞ്ഞതാണ് ജീവിത യാഥാർത്ഥ്യം എന്ന് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. മാറാം നമുക്ക്, മറ്റുള്ളവരുടെമുന്നിൽ തോറ്റു കൊടുക്കാതിരിക്കാൻ... പൊരുതാം നമുക്ക് ഏത് പ്രശ്നത്തെയും ഒറ്റക്കെട്ടായി അതിജീവിക്കാൻ,... ജീവിതത്തിലായാലും, സമൂഹത്തിലായാലും.

# സിഗ്നൽ മരം

ചരിത്രമുറങ്ങുന്ന ആ പുരാതന കലാലയത്തിന്റെ അതിലും പഴക്കമുള്ള ആ മാവ് വെട്ടിമാറ്റാൻ ഒരുങ്ങുകയാണ്. കലാലയത്തിന്റെ ഓരോ കോണിലും ഈ വാർത്ത ചൂടോടെ വിളമ്പി. ജീവിതത്തിൽ ഇതുവരെ ഒരു മരം പോലും നട്ടു വളർത്താത്തവർക്ക് വരെ ഇത് കേട്ട് സിരകളിലെ ചോരക്ക് ചൂടുപിടിച്ചു. വാർത്ത പരന്നതോടെ വിപ്ലവം പിടിച്ചവർ അതിനെതിരെ സമരവുമായി രംഗത്തിറങ്ങി. അധികൃതർ എന്താണ് ചെയ്യുന്നത്? ധാരാളം കഥ പറയാനുള്ള ആ മരത്തെ മുറിച്ച് കളയുന്നതെങ്ങനെ? ഹിസ്റ്ററി അദ്ധ്യാപകൻ, ഐ.ടി അദ്ധ്യാപകനോട് ഊൺ കഴിക്കവേ ചോദിച്ചു, ചരിത്രത്തിനും സംസ്കാരത്തിനും ഐ.ടിഉപയോഗിക്കുന്ന കാലത്ത് എന്ത് വില എന്ന പുച്ഛം അയാളുടെ മുഖത്തടിച്ച് കയറി.

ടെക്കി സമരങ്ങളെ പിന്തുണച്ച് ഫേസ്ബുക്കിൽ ഒരു പേജും തുടങ്ങി. രാജ്യത്തിന്റെ നാനാകോണിലും ജോലി ചെയ്യുന്ന പൂർവവിദ്യാർത്ഥികൾ പ്രത്യക്ഷമായും ഫേസ്ബുക്കിലൂടെയും പിന്തുണ പ്രഖ്യാപിച്ചു. വിദ്യാർത്ഥികൾ മരത്തിനുചുറ്റും മനുഷ്യച്ചങ്ങലകോർത്തു. അനവധി സംഘടനകൾക്കും പ്രണയ മുഹൂർത്തങ്ങൾക്കും സാക്ഷിയായ ഈ മരത്തെ ഞങ്ങൾ വിട്ടുതരില്ലെന്ന് എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു.

സംഭവം വഷളായതോടെ അധികൃതർ വിജ്ഞാപനം പുറത്തിറക്കി. നിലവിലെ വിദ്യാലയത്തിനെ ഒരു സ്മാർട്ട് സ്കൂൾ ആക്കുന്നതിനു വേണ്ടി വൈഫൈ ടവർ സ്ഥാപിക്കുവാൻ സ്കൂൾമുറ്റത്തെ ഒരു മരം മുറിച്ചു കളയാൻ ടെൻഡർ വിളിക്കുന്നു. നോട്ടീസ് പതിഞ്ഞ ദിവസം പെയ്ത മഴയിൽ ഫേസ്ബുക്ക് പേജൊക്കെ ഒലിച്ചു പോയി. അല്ലെങ്കിലും വൈഫൈക്ക് മുൻപിലെന്ത് പ്രണയവും വിപ്ലവവും?



**തസ്നീം**
ബി.എ. ഇംഗ്ലീഷ്, രണ്ടാം വർഷം



# മാനവരാശി

മഴ കുതിർന്ന തുരുത്തുകളിൽ നിന്ന്
കോൺക്രീറ്റിന്റെ ചവിട്ടു പടിയിലേക്കെത്തിയപ്പോൾ,
വേദനയായിരുന്നു; കാലിന്റെ ഉപ്പൂറ്റിയിൽ...
കൊണ്ടും, കൊടുത്തും, എത്തിച്ചേർന്നത്,
ഇടവപ്പാതിയുടെ കൈപിടിച്ച്,
മധ്യവേനലിന്റെ മടുപ്പിലേക്കായിരുന്നു...
കാടും, മണ്ണും, മരുഭൂമിയിലേക്ക് വ്യതിചലിച്ചപ്പോൾ;
ഇടനെഞ്ചിലൊരു ആധിയായിരുന്നു...
സോമാലിയയിലെ എല്ലിൻ രൂപങ്ങൾ,
പൈപ്പിൽ, വെള്ളത്തിനായ് നാവ് നുണഞ്ഞപ്പോൾ,
നിപയെ കടന്നെത്തിയ പ്രളയമായിരുന്നു മനസ്സിൽ...
കഥകളിയും, തുള്ളലും, കൂത്താടിയ ആൽപറമ്പുകൾ,
ആലപ്പാടിന്റെ ഗതിയിലേക്ക് നീങ്ങിയപ്പോൾ,
നാളെയെ പേടിയായിരുന്നു...
ചിറകുകളറ്റ് മണ്ണിലേക്ക് ജീവൻ പതിച്ചപ്പോൾ,
മതഭ്രാന്തു മൂത്ത മനുഷ്യകുലം
വെട്ടി നുറുക്കുകയായിരുന്നു...,
ജീവനും ജീവിതങ്ങളും...
ഫെമിനിസം പാടി നടന്ന ശബരിമലയും,
സംവരണവും, എത്തിച്ചേർന്നത്
പീഡനങ്ങളിലും, അമ്മയുടെ മാറു തുരന്ന്
പാലൊഴുക്കിക്കൊണ്ട്
വൃദ്ധസദനത്തിലുമായിരുന്നു...
സ്കൂളിലെ ആദ്യ പാഠം
മണ്ണും, മലയാളവും, മനുഷ്യത്വവുമായിരുന്നു...
മറുപുറം, ഗൗരിലങ്കേഷും,
രോഹിത് വെമുലയുമായിരുന്നു...
എന്നാൽ അന്നേരവും ആധുനികതയുടെ
മധുരം നുണയുന്നവർ;
''വാട്ട് ഈസ് ഇറ്റ് ആൾ'' എന്നും ചോദിച്ച്
പുതുതലമുറയെ
വാർത്തെടുക്കുകയായിരുന്നു...

**ഷഹന ജുബിൻ**
എം.എ. ഹിസ്റ്ററി, രണ്ടാം വർഷം

# സംഭവം വൈറലാണ്!

സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും അവയെക്കുറിച്ച് എഴുതുവാനും ഏറെയുണ്ട്. അധികം ശ്രദ്ധിക്കപ്പെടാത്ത സാമൂഹിക പ്രശ്നങ്ങൾ ഇന്ന് വളരെ കുറവാണ്. കാരണം മറ്റൊന്നുമല്ല, സോഷ്യൽ മീഡിയയുടെ പങ്കാളിത്തത്തോടുകൂടി നല്ലതിനെയും ചീത്തയെയും ഒരു പോലെ ആഘോഷമാക്കുന്നുണ്ട് ജനങ്ങൾ. എന്നാൽ എന്ത് പ്രചരിപ്പിക്കണമെന്നും, എന്ത് പ്രചരിപ്പിക്കരുതെന്നുമുള്ള ഒരു ബോധം ആളുകളിൽ എത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

**സോഷ്യൽ മീഡിയയുടെ പങ്കാളിത്തത്തോടു കൂടി നല്ലതിനെയും ചീത്തയെയും ഒരുപോലെ ആഘോഷമാക്കുന്നുണ്ട് ജനങ്ങൾ. എന്നാൽ എന്ത് പ്രചരിപ്പിക്കണമെന്നും, എന്ത് പ്രചരിപ്പിക്കരുതെന്നുമുള്ള ഒരു ബോധം ആളുകളിൽ എത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.**

**ഫർഹത്ത് വി.കെ.**
എം. എ. ഇക്കണോമിക്സ്, ഒന്നാം വർഷം

ഒരാളുടെ വ്യക്തിജീവിതത്തിലേക്കു പോലും ക്യാമറക്കണ്ണുകൾ തുറന്നു വെച്ചിരിക്കുകയാണ് ആളുകൾ. അതുകൊണ്ട് തന്നെ ഒന്ന് ശ്വാസം വിടാൻ പോലും ഇന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. ഇതൊരു ചെറിയ വിഷയമല്ല. മറിച്ച് ചർച്ച ചെയ്യപ്പെടേണ്ട ഒരു പ്രധാന വിഷയം തന്നെയാണ്. ഇത്തരം പ്രശ്നങ്ങൾ ഇന്ന് ഏറ്റവുമധികം ബാധിച്ച് കൊണ്ടിരിക്കുന്നത് സ്ത്രീകളെത്തന്നെയാണ്.

കഴിഞ്ഞ കുറച്ച് മാസങ്ങളിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുകയും മീഡിയകൾ അനാവശ്യ കൈകടത്തലുകൾ നടത്തിയതുമായ ഒരു വിഷയമാണ് ഹനാൻ എന്ന പെൺകുട്ടിയുടെ മീൻ വിൽപന. ഇന്ന് ഹനാൻ ഒന്ന് അനങ്ങിയാൽ മീഡിയകൾ അറിയും. ഇവിടെ നമ്മൾ ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്; ചർച്ച ചെയ്യപ്പെടേണ്ടതും നീതി ലഭിക്കേണ്ടതുമായ എത്രയോ പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ ഇത്തരം കാര്യങ്ങൾ മാത്രം ശ്രദ്ധിക്കുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുന്നത് ദുഃഖകരം തന്നെ.

ഇന്ന് ഒരു സ്ത്രീക്ക് ചലിക്കാൻ പോലും ക്യാമറക്കണ്ണുകളെ ഭയപ്പെടേണ്ടതുണ്ട്. രാവിലെ സാധാരണ പോലെ നടന്നു പോയ സ്ത്രീ നിമിഷങ്ങൾക്കകം , അതാ സോഷ്യൽ മീഡിയയിൽ വൈറൽ ആയിക്കൊണ്ടിരിക്കുന്നു. ഇതാണ് ആധുനിക കാലഘട്ടത്തിൽ



**ക്യാമറ കണ്ണുകൾ തിരിക്കണം, ആരും കാണാതെ പോകുന്ന സാമൂഹിക പ്രശ്നങ്ങളിലേക്ക്, മറിച്ച് ഒരുവളുടെ ശരീരത്തിലേക്കോ ജീവിതത്തിലേക്കോ ആകരുത്. മാറ്റങ്ങൾ നല്ലതാണ്. നല്ല മാറ്റങ്ങൾ മാത്രം... .**

സ്ത്രീകൾ നേരിട്ട് കൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്നം. ഇത്തരം പ്രവൃത്തികൾ ഒരു വ്യക്തിയുടെ ജീവിതത്തെപോലും തകർക്കുന്നു. കിളിനക്കോട്ടെ പെൺകുട്ടികളുടെ വീഡിയോ വൈറലായതും ഇതിനൊരു ഉത്തമ ഉദാഹരണമാണ്. സ്ത്രീകളെ അപമാനിക്കുന്ന ഏതൊരു പോസ്റ്റും ഷെയർ ചെയ്യാനും, കമന്റ് ചെയ്യാനും ആളുകൾ ഇന്നേറെയാണ്.

അതേസമയം മറ്റു സാമൂഹിക വിപത്തുകളെ ശ്രദ്ധിക്കാതെ പോകുകയും, അവ വേണ്ടത്ര ചർച്ചചെയ്യപ്പെടാതെ പോവുകയും ചെയ്യുന്നു.

കഴിഞ്ഞ കാലഘട്ടങ്ങളിൽ സ്ത്രീകൾ ഏറ്റവുമധികം ഭയപ്പെട്ടത് ടെക്സ്റ്റൈൽസ്, ഹോട്ടൽ തുടങ്ങിയ ഇടങ്ങളിലെ ഒളിക്യാമറകളെ ആയിരുന്നു. എന്നാൽ ഇന്ന് നടുറോഡിലൂടെ ഫോൺ പിടിച്ചു പോകുന്ന ഓരോ വ്യക്തിയേയും അവർ ഭയക്കുന്നു.

ഒരാളുടെ വ്യക്തി ജീവിതത്തിൽ അമിതമായി ഇടപെടുക, അത് പ്രചരിപ്പിക്കുക, അതിലൂടെ അവരെ അപമാനിക്കുക തുടങ്ങി നിരവധി പ്രശ്നങ്ങൾ ഇന്ന് സമൂഹം നേരിട്ടു കൊണ്ടിരിക്കുന്നു.

ഇത്തരം കാര്യങ്ങൾ തടയേണ്ട സമയം വന്നിരിക്കുന്നു. സോഷ്യൽ മീഡിയസാമൂഹിക പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ട സ്ഥലമാണ്. അല്ലാതെ വ്യക്തി ജീവിതങ്ങൾ ചർച്ച ചെയ്യേണ്ട സ്ഥലമല്ല. ഏതൊരു സാധനം ഉപയോഗിക്കുമ്പോഴും അത് എന്തിന് ഉപയോഗിക്കുന്നു എന്ന ഉത്തമബോധം ഓരോരുത്തർക്കും ഉണ്ടായിരിക്കണം.

ക്യാമറ കണ്ണുകൾ തിരിക്കണം, ആരും കാണാതെ പോകുന്ന സാമൂഹിക പ്രശ്നങ്ങളിലേക്ക്, മറിച്ച് ഒരുവളുടെ ശരീരത്തിലേക്കോ ജീവിതത്തിലേക്കോ ആകരുത്. മാറ്റങ്ങൾ നല്ലതാണ്. നല്ല മാറ്റങ്ങൾ മാത്രം... . സോഷ്യൽ മീഡിയ നല്ലൊരു ഇടമാണ് സാമൂഹിക പ്രശ്നങ്ങളുടെ ചർച്ചക്ക് നൽകുന്നത്. അത് നല്ല രീതിയിൽ ഉപയോഗിക്കേണ്ട കടമ നമുക്കോരോരുത്തർക്കുമാണ് എന്നതാണ് സത്യം.




# ട്രോൾ മുക്ക്


ഞങ്ങളോട് അനുവാദം ചോദിക്കാതെ മരച്ചുവട്ടിലിരുന്നിവർ പാട്ട് പാടി, അതിന്റെ പേരിൽ സംഘർഷമുണ്ടാക്കി ഞങ്ങൾ
SFI യൂണിറ്റ് മെമ്പർമാരെ നിങ്ങൾ ചെയ്തത് തെറ്റ്, നമ്മുടെ അനുവാദമില്ലാതെ പാട്ട് പാടിയാൽ തല്ലുകയല്ല വേണ്ടത്
SFI അംഗം
കത്തിക്ക് നെഞ്ചിൽ കുത്തുകയാണ്


*ചങ്ക്
*ചങ്ക് !
എടാ ഇഎംഇഎ യുടെ പരിസരത്ത് ഏറ്റവും നല്ല ഭക്ഷണം ലഭിക്കുന്നത് ആരുടെ അടുത്താണ് ..?
നീ അങ്ങോട്ട് നോക്കിക്കേ അവരാണ് ആ കൈപുണ്യത്തിന്റെ ഉടമകൾ ..
@troll_emea
മുനീർക്കയും റുബി താത്തയും...


വിദ്യാർത്ഥി
ഞാനിന്ന് കോളേജിൽ നിന്നും ഒരുഫാട് ഫോട്ടോസ് എടുത്തു ...
*സീനിയർ വിദ്യാർത്ഥി
ഫോട്ടോ എടുത്ത സ്ഥലങ്ങൾ മഹാഗണി പാർക്ക്- എ വി ട്ടി - ഫ്രണ്ട് ഗേറ്റ് എന്നിവയല്ലേ ..?
©troll_emea
അതെ എങ്ങനെ മനസിലായി ....?
Its called commensence...!


©emea_trolls
ഇഎംഇഎ യിൽ ഏറ്റവും സുന്ദരമായ സ്ഥലം ഏത് ..?
A കാന്റീൻ
B ഫ്രണ്ട് ഗേറ്റ്
C മഹാഗണി
D Avt
ഞാനൊരു സത്യം പറയട്ടെ എനിക്കിതിന്റെ ഉത്തരം അറിയില്ല നാലും ഒന്നിനൊന്ന് മെച്ചം ആണ് ..


*ബികോം വിദ്യാർത്ഥി
സാർ ഞങ്ങൾക്ക് ഒരൊറ്റ അഭ്യർത്ഥന മാത്രമേ ഉള്ളൂ .. ഞങ്ങളെ ടി ഷർട്ട് ഇടാൻ അനുവദിക്കണം ..
©emea_trolls
*ബികോം ടീച്ചേർസ്
ടി ഷർട്ട് ഒക്കെ ധരിച്ചോ പക്ഷെ കോളർ നിർബന്ധം ആണ് ..
കോളർ നിർബന്ധം ആണേൽ പിന്നെ ഷർട്ട് ധരിച്ചാൽ പോരെ സർ ..


©troll_emea
*ഇഎംഇഎക്കാരൻ
സാറെ മുകളിലെ ഫോട്ടോ എന്താണെന്ന് പറയാമോ ...??
ഏതാടാ മോനെ ഈ ഫുട്ബോൾ ഗ്രൗണ്ട് ..?
ഫുട്ബോൾ ഗ്രൗണ്ട് ഒന്നുമല്ല അത് ഞങ്ങളെ കോളേജിലെ മെയിൻ ബ്ലോക്കാണ് ..

## ട്രോൾ മുക്ക്


ഇഎംഇഎ യിലെ ഫസ്റ്റ് ഇയേഴ്സ് ഒരു പരിചയപ്പെടൽ അപാരത ...


Shihab sir (physical education teacher)
പക്ഷെ തോറ്റ് പോകാൻ ആയാൾ തയ്യാറായിരുന്നില്ല ..ചിട്ടയായ പരിശീലനത്തിലൂടെ വർഷങ്ങൾക്ക് ശേഷം കോളേജ് ഫുട്ബോൾ ടീമിനെ ഇന്റർസോണിലേക്ക് ക്വാളിഫൈ ചെയ്യിപ്പിച്ച ...


നിയാ പണിയെടുക്കുന്ന മനുഷ്യനെ കണ്ടോ ..?
രാവിലെ മുതൽ വൈകുന്നേരം വരെ അയാൾ റസ്റ്റ് എടുക്കുന്നത് ഞാൻ കണ്ടിട്ടില്ല ...


ഇഎംഇഎ കോളേജ ഒരു മുഞ്ചിയ റാഗിങ്ങ് അപാരത ..
മോളെ കണ്ടാൽ അറിയാം പാട്ടുകാരി ആണെന്ന് ഒരു പാട്ട് പാടിക്കെ ...
"കൈക്കോട്ടും കണ്ടിട്ടില്ല കയ്യിൽ തഴമ്പുമില്ല "
പ്ലീഷ് പാടിക്കണ്ടായിരുന്നു ....


ഇഎംഇഎ കോളേജിലെ എല്ലാ വിദ്യാർത്ഥികളും ഒരു പോലെ ഇഷ്ടപ്പെടുന്ന 2 അധ്യാപകർ ആരാണെന്ന് അറിയാമോ ...??
ആരാ ...?
നോക്ക് ..അവരാണ് ആ 2 അധ്യാപകർ
*ഷാഫി സർ
*ഫിറോസ് സർ


അവലോകനം
ഇഎംഇഎ കോളേജ് ഉള്ള ദിവസങ്ങളിൽ ബസ്
കോളേജ് ഇല്ലാത്ത ദിവസം ബസ് ..

# ട്രോൾ മുക്ക്



ഓഹ് ഫ്രഷ് ഐഡിയ ..




ക്ലാസ്സിൽ നേരം വൈകി വന്ന
ഇഎംഇഎ ചങ്ക് ...
മോനെ വേഗം കയറി വാ ...
*വിദ്യാർത്ഥി
സർ നമ്പർ 26 അറ്റൻഡൻസ്
കിട്ടില്ല ...
നിന്നോട് ക്ലാസ്സിൽ കയറാൻ അല്ലെ ഞാൻ
പറഞ്ഞിട്ടുള്ളൂ ...അറ്റൻഡൻസ് തരാമെന്ന്
പറഞ്ഞില്ലല്ലോ ....




എടാ നമ്മൾ ഒക്കെ എന്ത് ഫോട്ടോ
എടുത്താലും അത് ക്ലിക്ക് ആവൂല .. ഇവൻ
എന്ത് ഫോട്ടോ എടുത്താലും അത് വൈറൽ
*98 made
(shoaib Av)




ഇഎംഇഎ യിൽ നമ്മൾ
ഒരിക്കലെങ്കിലും കഴിച്ചിരിക്കേണ്ട
ഭക്ഷണം ഏതാണ് ..?
ക്യാന്റീനിലെ
കോഫീ
മുനിയുടെ
അവിൽ മിൽക്ക്
സത്യത്തിൽ അത് ശിഹാബിന്റെ
കടയിലെ പൊറോട്ടയും
ചിക്കൻ പീസുമാണ് ...




പുതിയ പ്രിൻസിപ്പൽ വന്നതിന്റെ ശേഷം
കോളേജിന് എന്ത് മാറ്റം വന്നു എന്ന്
ചോദിച്ചാൽ പറഞ്ഞേക്ക്
ആ പഴയ ക്യാമ്പസ് അല്ല
ഇപ്പോഴത്തെ പുതിയ ക്യാമ്പസ്
എന്ന് .... ഒന്ന് മിനുക്കി
പണിതിട്ടുണ്ട് ...




കാലിക്കറ്റ് യൂണിവേഴ്സിറ്റി ബിസോൺ
വോളിബോൾ ടൂർണമെന്റ് ...
ഇവിടെ എത്ര ടീമുകൾ
പങ്കെടുക്കുന്നുണ്ടെന്ന്
ഞങ്ങൾക്കറിയേണ്ട ആവശ്യമില്ല ...
ഞങ്ങളോട് ഫൈനലിൽ
തോൽക്കുന്നത് ആര് എന്ന് മാത്രം
ഞങ്ങൾക്കറിഞ്ഞാൽ മതി ..


അന്തോം കുന്തോം ഇല്ലാത്ത കുറച്ച് അരണകൾ പറഞ്ഞിട്ടെന്താ
വിദ്യ – ആഭാസം...



# മാറുന്ന കാലവും മാറേണ്ട ചിന്തകളും

വിദ്യാഭ്യാസം ഒരേ സമയം കച്ചവടവൽക്കരണത്തിന്റെയും ലാഭേച്ഛയുടെയും ഇടങ്ങളായിരിക്കുകയാണ്. വിദ്യാർത്ഥികളുടെ ചിന്താമണ്ഡലങ്ങളെ ചൂഷണം ചെയ്യുകയും തങ്ങൾക്ക് ഇഷ്ടമുള്ള വഴികളിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് കമ്പോളവൽകരണത്തിന്റെ യഥാർത്ഥ സ്വഭാവം. സ്വതന്ത്രവും വിമർശനാത്മകവുമായ ചിന്താപദ്ധതികളിലൂടെയാണ് ഒരോ വിദ്യാർത്ഥിയും വളർന്നു വരേണ്ടത്, അതു തന്നെയാണ് ഏതു വിദ്യാഭ്യാസ പദ്ധതികളുടെയും അടിസ്ഥാനമായി തീരേണ്ടതും. പരിസ്ഥിതി ദിനത്തിൽ സ്കൂൾ മുറ്റത്ത് ഒരു മരം നടുമ്പോൾ നാം ചികഞ്ഞെടുക്കേണ്ടത് സുസ്ഥിരവികസനമെന്ന ആശയത്തെയാണ്.

**കഴിവ് കൊണ്ട് നേടാൻ പറ്റാത്തത് പണം കൊണ്ടും അപ്പീലുകളുടെ അതിപ്രസരം കൊണ്ടും നേടാമെന്ന് നമ്മുടെ മക്കളെ പഠിപ്പിക്കുന്നതാരാണ്?**

ഇന്ത്യൻ വിദ്യാഭ്യാസ, സാംസ്കാരിക മണ്ഡലങ്ങളിൽ ശ്രദ്ധേയമായ സ്ഥാനം വഹിക്കുന്ന സംസ്ഥാനമാണ് കേരളം. സമ്പൂർണ്ണ സാക്ഷരതയിലും വിദ്യാഭ്യാസ മേഖലയിൽ ഉയർന്ന നേട്ടങ്ങളിലും നാം അവകാശമുന്നയിക്കുമ്പോഴും വിദ്യാഭ്യാസം അതിന്റെ മൂല്യതയിലും പരിപൂർണ്ണതയിലും എത്തിയിട്ടുണ്ടോ എന്ന ചോദ്യം അവശേഷിക്കുന്നു. പ്രൈമറി തലം മുതൽ ക്യാമ്പസ് വിദ്യാഭ്യാസം വരെ ഒഴുക്കിനോടൊപ്പമെന്നപോലെതുഴഞ്ഞുപോകുന്നു.ഒന്ന് മുതൽ എട്ടാം ക്ലാസ്സ് വരെ വിദ്യാർത്ഥികൾക്ക് പരാജയം എന്താണെന്നറിയില്ല. അതിനു ശേഷം നിങ്ങൾ ചിലപ്പോൾ പരാജയപ്പെട്ടേക്കാമെന്ന മുന്നറിയിപ്പോ തദവസരത്തിൽ നിങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകളിതാണെന്ന അറിവോ അവർക്കതുവരെ പഠിച്ചതിൽ നിന്ന് കിട്ടിയിട്ടുമില്ല. ഗുരുവിനെ ഈശ്വരതുല്യം കണ്ടിരുന്ന ഗുരുകുല സമ്പ്രദായങ്ങൾ നമ്മുടെ തന്നെ പൂർവികരുടേതായിരുന്നു. ഇന്ന്

**നൂറുദ്ധീൻ ഇ. ടി.**
എം. എ. ഹിസ്റ്ററി , ഒന്നാം വർഷം



അധ്യാപകൻ സുഹൃത്ത് എന്ന പുതിയ പാഠ്യപദ്ധതി ഉയർന്നുവന്നപ്പോൾ ബഹുമാനം അന്യം നിന്നുപോയി. പരീക്ഷകൾ മാത്രമാണ് വിദ്യയുടെ മാനദണ്ഡമെന്നും അതിനു ശേഷം പുതിയ അധ്യയന വർഷത്തിൽ നിങ്ങൾ പുതിയത് പഠിക്കുമെന്നും ആരോ പറഞ്ഞിരിക്കുന്ന പോലെ. മറ്റുള്ളവരേക്കാൾ മാർക്ക് വാങ്ങണമെന്ന അതിയായ ആഗ്രഹം കുട്ടികളിൽ കുത്തിവെക്കുമ്പോൾ സമയമെടുത്തു പാകപ്പെടാത്തത് രാസ പദാർത്ഥം വെച്ച് പഴുപ്പിക്കുന്നതിനു തുല്യമാണ്. 'രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നത് ക്ലാസ്സ് മുറികളാണെന്ന്' കോത്താരി കമ്മീഷൻ അഭിപ്രായപ്പെട്ടത് ശ്രദ്ധേയമായ ഒരു വായനയാണ്.

**ചെകുത്താൻ കൂട്ടങ്ങളെന്നും കോമാളികളെന്നും സ്വയം നാമകരണം ചെയ്തു ക്യാമ്പസുകളിൽ ഭീതിയുടെ അട്ടഹാസങ്ങൾ തീർക്കുന്നു. സൗഹൃദങ്ങളുടെയും, ചിന്തകളുടെയും ഉറവിടങ്ങളായ പഴയ മരച്ചുവട്ടിലേക്ക് നമുക്ക് തിരിച്ചു പോകേണ്ടതുണ്ട്.**

പാഠ്യേതര അറിവുകൾ പകർന്നു നൽകി അനുഭവത്തിൽ നിന്ന് അറിവ് നുകരുന്ന പദ്ധതികൾ കൂടുതൽ സ്വാഗതാർഹമാണ്. കഴിവ് കൊണ്ട് നേടാൻ പറ്റാത്തത് പണം കൊണ്ടും അപ്പീലുകളുടെ അതിപ്രസരം കൊണ്ടും നേടാമെന്ന് നമ്മുടെ മക്കളെ പഠിപ്പിക്കുന്നതാരാണ്? കൂടെയിരിക്കുന്ന സഹപാഠി തത്തുല്ല്യരല്ലെങ്കിൽ കൂടുമാറാൻ പ്രേരിപ്പിക്കുന്നത് നമ്മുടെ മനസ്സിൽ ഉയർന്നിട്ടുള്ള അഹംഭാവത്തിന്റെ മതിലുകളാണ്.സെക്കണ്ടറി വിദ്യാഭ്യാസ കാലയളവിൽ നിങ്ങൾ പ്രൊഫഷണലുകൾ ആയിത്തീർന്നാൽ സുരക്ഷിതരാണെന്ന തോന്നലുകൾ സൃഷ്ടിച്ചു വിടുന്നതിലെ ലാഭം ആർക്കാണ്? സീറ്റുകൾക്ക് ലക്ഷങ്ങൾ നൽകി പഠനം നടത്തുമ്പോൾ അതിന്റെ ലാഭവും ചേർത്ത് തിരിച്ചു പിടിക്കുവാനുള്ള ആർത്തി അവരിൽ ഉരുത്തിരിഞ്ഞു വന്നെങ്കിൽ അതിലെന്ത് അതിശയമാണുള്ളത്. ഡിജിറ്റലൈസേഷൻ അറിവിനെ വിരൽതുമ്പിൽ എത്തിക്കുമ്പോൾ എങ്ങനെ അറിവ് സ്വന്തമാക്കാം എന്ന തിരിച്ചറിവ് കൂടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ക്യാമ്പസ്സുകളിലെ സ്വച്ഛമായ അന്തരീക്ഷത്തിൽ നിന്ന് മുളച്ചുപൊങ്ങിയ ഒരുപാട് ചിന്താധാരകളുടെയും സൗഹൃദ കൂട്ടായ്മയുടെയും കഥ പറയാൻ പഴയ ക്യാസ്സുകൾക്ക് കഴിഞ്ഞിരുന്നു. ഇന്ന് അക്രമ രാഷ്ട്രീയത്തിന്റെ പകപോക്കലുകളിലും ലഹരിയുടെ ആനന്ദത്തിലും സമയം കുതിച്ചു പായുന്നു. വടിവാൾ കത്തിയും, ആയുധങ്ങളും കയ്യിൽ പിടിപ്പിച്ചവർ ഇരുട്ടിൽ മറഞ്ഞിരിന്നു രസം കൊള്ളുകയാണ്. ചെകുത്താൻ കൂട്ടങ്ങളെന്നും കോമാളികളെന്നും സ്വയം നാമകരണം ചെയ്തു ക്യാമ്പസുകളിൽ ഭീതിയുടെ അട്ടഹാസങ്ങൾ തീർക്കുന്നു.സൗഹൃദങ്ങളുടെയും, ചിന്തകളുടെയും ഉറവിടങ്ങളായ പഴയ മരച്ചുവട്ടിലേക്ക് നമുക്ക് തിരിച്ചു പോകേണ്ടതുണ്ട്. ചരിത്രബോധവും ചിന്താശേഷിയുമുള്ള തലമുറക്ക് മാത്രമേ കലുഷിതമായ കാലഘട്ടത്തിലും നമ്മുടെ രാജ്യത്തെ മുന്നോട്ട് കൈപിടിച്ച് നയിക്കാൻ സാധിക്കുകയുള്ളു. വിദ്യാഭ്യാസം സമഗ്രമായ പുരോഗതിയിലേക്കുള്ള ഒരു ചവിട്ടുപടിയാണ്..



# നീ

നീ നശിപ്പിച്ചു എൻ ചിന്താ ശേഷിയെ
കീറി മുറിച്ചെൻ നിരീക്ഷണങ്ങളെ
അകറ്റി നിർത്തി എൻ വായനാ ശീലത്തെ
ഞാൻ ഒതുങ്ങി നിന്നിലേക്ക് മാത്രമായി
നിന്നുള്ളിലെ വിവരങ്ങളിലേക്ക് മാത്രമായി

വിരൽത്തുമ്പിൽ നിരന്നു വന്നു
ഭൂമിതൻ സ്പന്ദനങ്ങൾ
അങ്ങനെ നീ എനിക്ക് കാണിച്ചു തന്നു
വേറൊരു ലോകം
നീ നശിപ്പിച്ചു എൻ വ്യക്തിത്വത്തെ ,
എല്ലാത്തിനുമുപരി ഞാനെന്ന വ്യക്തിയെ
അങ്ങനെ മറന്നു പോയ് ഞാൻ സ്നേഹിക്കാൻ
പലതിനെയും പലപ്പോഴും ,
എന്നാൽ ഞാനിന്നറിയുന്നു നിനക്കപ്പുറവും
ലോകമുണ്ടെന്ന്
നിന്നുള്ളിലെ വാട്സാപ്പും ഫേസ്ബുക്കും
ഒന്നുമില്ലാത്ത മനോഹരമായ ലോകം .
ആസ്വദിക്കുന്നു ഞാനിന്നാ ലോകത്തിൻ
മനം മയക്കും സൗന്ദര്യം.


**ഷഹാന ജാസി .എ**
ബി.എ, ഇക്കണോമിക്സ്, രണ്ടാം വർഷം

# പണക്കിലുക്കത്തിന്റെ വിദ്യാഭ്യാസം

മാറുന്ന ചുറ്റുപാടുകൾക്കൊപ്പം മാറിക്കൊണ്ടിരിക്കുകയാണ് ഇന്നത്തെ വിദ്യാഭ്യാസ ലോകം. കാലങ്ങളോളം തലമുറകളായി സൂക്ഷിച്ചു വന്ന സാംസ്കാരിക ബോധവും നമ്മുടെ പരിധികളിൽ നിന്ന് പടിയിറങ്ങിക്കൊണ്ടിരിക്കുന്നു. പഴമയുടെയും മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസ രംഗത്തിന്റെയും അടിവേരുകളാണ് ഉപഭോഗ സംസ്കാരത്തിന്റെ മാസ്മരിക ലോകം അറുത്തു മാറ്റിയത്.

മൂലധനം ഏറെ മുടക്കിയാലും അതിനേക്കാൾ പത്തിരട്ടി ലാഭം ഉണ്ടാക്കാൻ പറ്റുന്ന ഒരു ചൂഷണത്തിന് അനുയോജ്യമായ വാണിജ്യമാർഗ്ഗം എന്നതിലേക്ക് ഇന്നത്തെ വിദ്യാഭ്യാസ രംഗം മാറിയിരിക്കുന്നു എന്നത് മറച്ചു വെക്കാൻ പറ്റാത്ത ഒരു വാസ്തവം തന്നെയാണ്. സാക്ഷരതയിൽ കേരളം ഉയർന്ന സ്ഥാനം കരസ്ഥമാക്കി, അതിലേറെ, പണ്ട് ഗ്രാമീണ നാഗരിക, മത, വർഗ്ഗ വിവേചനമില്ലാതെ എല്ലാവർക്കും ഒരുപോലെ വിദ്യാഭ്യാസം ലഭിച്ചിരുന്നു.

എന്നാൽ ഇന്നാകട്ടെ സമ്പന്നർക്ക് മാത്രമേ ഉയർന്ന വിദ്യാഭ്യാസത്തിന് മാർഗ്ഗമുള്ളൂ. ഇതിനെല്ലാം പിന്നിൽ ഒരുപാട് ഇരുണ്ട കരങ്ങളുടെ കയ്യൊപ്പുകൾ ഇന്നും അവശേഷിക്കുന്നുണ്ട്. വിദേശത്ത് നിന്ന് വന്ന വൻ

**ഉച്ചനീചത്വമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം പ്രാപ്തമായിരുന്ന കേരളത്തിൽ ഈ രംഗം കൂടുതൽ വരേണ്യവൽക്കരിക്കപ്പെട്ടിരിക്കുന്നു**



**റാഷിദ മാലിക് കെ.**
ബി.എ. ഇംഗ്ലീഷ്, രണ്ടാം വർഷം

പണക്കൊഴുപ്പും സർക്കാർ നിക്ഷേപത്തിന്റെ ഇടിവും ഈ രംഗത്ത് സ്വകാര്യ മുതൽമുടക്ക് വൻ തോതിൽ വർദ്ധിപ്പിച്ചു. അതുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളേറെയും സ്വകാര്യ മേഖലയിൽ മാത്രമായിവന്നു. തൽഫലമായി സർക്കാറിന് അവയ്ക്കു മുകളിലുള്ള നിയന്ത്രണവും ഇല്ലാതെയായി.

അതിലുപരി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ്, പ്രവേശനം, നിയമനം എന്നിവകളിൽ സ്വകാര്യ മാനേജ്മെന്റിന് പൂർണ്ണ സ്വാതന്ത്ര്യം ലഭിച്ചു അതോടെ ഈ മേഖലയിലെ ഫീസ് കുതിച്ചുയർന്നു. കാശുള്ളവൻ മാത്രം വിദ്യ അഭ്യസിച്ചാൽ മതിയെന്ന അവസ്ഥയിൽ വരെ എത്തിക്കഴിഞ്ഞു. ഉച്ചനീചത്വമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം പ്രാപ്തമായിരുന്ന കേരളത്തിൽ ഈ രംഗം കൂടുതൽ വരേണ്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഇതിനോടകം അസമത്വമടക്കം കേരള സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞു.

ഒരു യഥാർത്ഥ മനുഷ്യനെ രൂപപ്പെടുത്തുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രമേയം. അവന്റെ ക്രിയാത്മകതയും സർഗ്ഗാത്മകതയും തെളിയിക്കാനുള്ള ഒരു വേദിയും വിദ്യാഭ്യാസലോകം സൃഷ്ടിച്ചിരുന്നു. പക്ഷേ, ഇന്നത് കാശിന്റെ പുറത്തുള്ള വെറും പൊള്ളത്തരങ്ങൾമാത്രമായിമാറി.കുത്തുറപ്പില്ലാത്ത കസേരക്കു പിന്നിലെ നോട്ട് കെട്ടുകളുടെ തീവ്ര ഗന്ധം അത്തരം സർഗാത്മകതയെ പുറകോട്ട് തള്ളിയിട്ടു. എന്തിനും ഏതിനും പണം ഒന്നാം സ്ഥാനത്തെത്തി.

പതിറ്റാണ്ടുകളിലെ മറ്റൊരു ദുരന്തം ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ പൂർണ്ണ ആധിപത്യമാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുവരവോടെ മലയാളം മീഡിയം സ്കൂളുകൾ നാമാവശേഷമാക്കപ്പെട്ടു. ഇതിനു കാരണം നാം തന്നെയാണ്. സമൂഹത്തിലുള്ള തന്റെ നിലവാരം കാത്തുസൂക്ഷിക്കുവാനും അസ്തിത്വം പ്രകടമാക്കാനും അവർ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പറഞ്ഞയക്കുന്നു. സർക്കാർ വിദ്യാലയങ്ങളെ രണ്ടാംനമ്പറായി മാത്രമാണ് ഇന്നത്തെ സമൂഹം കണക്കാക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വൻതോതിൽ വർദ്ധിച്ചപ്പോഴും വിദ്യാഭ്യാസ നിലവാരം മാത്രം ഉയർത്താൻ കഴിഞ്ഞില്ല. അത് താരതമ്യേനെ ഇടിഞ്ഞുകൊണ്ടേയിരുന്നു.





# ലക്ഷ്യബോധം മറന്ന് റാഗിങ്ങ്...

എല്ലാരംഗങ്ങളിലും വികാസം പ്രാപിച്ച നമ്മുടെ സമൂഹം വളരെ വേദനാജനകമായി ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന പ്രതിസന്ധിയാണ് റാഗിങ്. ബ്രിട്ടീഷ്കാർ തുടങ്ങിവച്ച ഒരാചാരമായിരിന്നു റാഗിങ്. അന്ന് ബ്രിട്ടനിലെ പബ്ലിക് സ്കൂളിൽ പഠിച്ചിരുന്നവരിൽ കൂടുതൽ പേരും സമ്പന്നതയിൽ ആറാടുന്ന പ്രഭു കുടുംബങ്ങളിൽ പ്പെട്ടവരായിരുന്നു. സാധാരണയായി ഇത്തരത്തിലുള്ള സീനിയർവിദ്യാർത്ഥികൾ പുത്തൻ വിദ്യാർത്ഥികളെ ഒന്നു മെരുക്കിയെടുക്കാൻ തുടങ്ങി വെച്ചതാണ് റാഗിങ്.

'വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നു വരുന്ന വിദ്യാർത്ഥികളെ ഭാവിജീവിതത്തിന് ഉതകുന്നവരാക്കി തീർക്കലാണ്' ഇതിന്റെ ലക്ഷ്യം. പലകാര്യങ്ങളിൽനിന്നും പിൻവലിയുന്നവരും നാണംകുണുങ്ങികളുമായ വിദ്യാർത്ഥികളെ സമൂഹജീവിതത്തിനുയോജിച്ചവരും പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുകയുംചെയ്യുകഎന്നസദുദ്ദേശത്തോടെ തുടങ്ങി വെച്ചതാണ് റാഗിങ്., പക്ഷെ, ഇന്ന് റ ാഗിങ്ങ് കടിഞ്ഞാണില്ലാത്ത കുതിരയെപോലെയായിത്തീർന്നിരിക്കുന്നു...

എന്തിന്റെയും അനന്തരഫലങ്ങൾ മനസ്സിലാക്കാതെഎല്ലാംഅനുകരിച്ചുകൊണ്ടിരിക്കുന്നനമ്മുടെസമൂഹംറാഗിങ്ങിനേയും നല്ലരീതിയിൽ അനുകരിക്കാൻ ശ്രമിച്ചു. പക്ഷെ, വിദ്യാസമ്പന്നരും വിവേകികളുമടങ്ങുന്ന നമ്മുടെ സമൂഹം റാഗിങ്ങിന്റെ നല്ലഗുണങ്ങൾ ഉൾകൊള്ളുന്നതിനൊപ്പം അതിന്റെ അനന്തരഫലം എന്താണെന്ന് അന്വേഷിക്കാൻ തുനിഞ്ഞില്ലെന്ന് മാത്രമല്ല, പ്രവൃത്തികളിലൂടെറാഗിങ്ങിനെ വളരെമോശപ്പെട്ട രീതിയിൽ എത്തിക്കുകയാണ് ചെയ്തത്.

പീഡനങ്ങൾഏൽപിച്ചആഘാതത്തെതരണംചെയ്തുമുന്നോട്ടുപോവാൻകഴിയാതെജീവിതംഅവസാനിപ്പിച്ചഎത്രയോപേർ നമുക്ക്ചുറ്റുമുണ്ട്. പീഡനത്തിനിരയായ പെൺകുട്ടികളാണെങ്കിൽ തങ്ങളുടെ അവസ്ഥയിൽ മനം നൊന്തു ജീവിതം അവസാനിപ്പിച്ചവരുമുണ്ട്.

പീഡനത്തിനിരയായിട്ടും ജീവിതംഅവസാനിപ്പിക്കാതെ തലയുയർത്തി നിൽക്കുന്നവരെ മറ്റേതെങ്കിലും പടുകുഴിയിൽ ചാടിക്കാൻ നോക്കുകയാണ് പലരും.

കോടതിയിൽ നീതി തേടിയെത്തുകയും, പ്രതികരിക്കാൻ തന്റേടം കാണിക്കുകയും ചെയ്യുന്ന ഇവർക്ക് അല്പായുസ്സാണ്. കാരണം സമൂഹത്തിലെ അക്രമത്തിനെതിരെ പ്രതികരിക്കുന്നവർ ഇല്ലാതായിത്തീരുന്നു. അല്ല , ഇല്ലാതാക്കിത്തീർക്കുന്നു... അതിനാൽ റാഗിങ്ങിന്റെ ദൂഷ്യങ്ങൾ അവസാനിപ്പിക്കുക, റാഗിങ്ങ് നിരോധനം പ്രാവർത്തികമാക്കുകയും കടുത്തശിക്ഷനൽകുകയും ചെയ്യുക.

കുറ്റവാളികളെ സംരക്ഷിക്കുന്നത് കുറ്റം ചെയ്യുന്നതിനേക്കാൾ മോശമാണ് എന്ന യാഥാർത്ഥ്യം മനസ്സിലാക്കുക., എന്തും അനുകരികുമ്പോൾ അതിന്റെ പാർശ്വഫലങ്ങളെപ്പറ്റി ഓർക്കുക. ധർമ്മം പ്രവർത്തിക്കുന്ന, നീതി ലഭിക്കുന്ന, സത്യം ജയിക്കുന്ന സമത്വസുന്ദരലോകത്തിനായി നമുക്ക് പ്രയത്നിക്കാം, പ്രതീക്ഷിക്കാം, കാത്തിരിക്കാം...

**മുഹമ്മദ് സാജിദ് കെ.സി.**
ബി.ബി.എ. രണ്ടാം വർഷം



എന്നെ അറിയാത്തവരാരുമുണ്ടാകില്ല. എന്റെ ഭംഗി ആസ്വദിക്കാനാണ് കുമാരീ കുമാരൻമാർ കോളേജിലേക്കു വരുന്ന തെന്ന്പോലും എനിക്ക്തോന്നിയിട്ടുണ്ട്. ഒരു കാര്യംകൂടിപറയട്ടെ, നിങ്ങളുടെ പല രഹസ്യങ്ങളും ഞാൻ ചോർത്തിയെടുത്തിട്ടുണ്ട്...



പറയുമ്പോൾ സംഭവമാണന്ന് തോന്നുമെങ്കിലും ഇവിടെ ഞാൻ ഒന്നുമല്ല. എന്റെ ശൈശവത്തിലുണ്ടായിരുന്ന സ്വീകാര്യതയൊന്നും ഇപ്പോൾ എനിക്ക് ലഭിക്കുന്നില്ല. എങ്കിലും എന്നെകൊണ്ട് ഒരു പൂങ്കാവനം സൃഷ്ട്ടിക്കാൻ സാധിക്കുമെന്ന പ്രതീക്ഷ എനിക്കുണ്ട്...



അക്ഷരങ്ങളുടെ ചിറകടിയൊച്ച ആകാശത്തോളം...



കലാലയത്തിലെ പുതിയ അംഗമാണമെങ്കിലും എന്റെ സാന്നിദ്ധ്യം കോളേജിന് പ്രൗഢിയും ഭാവുകത്വവും നൽകുന്നു. എന്തുകൊണ്ടോ ചിലർ എന്നെ അസൂയയോടെ നോക്കുന്നതും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്...









മരണത്തിലേക്കുള്ള ദീർഘ നിശ്വാസത്തിനിടയിലാണിപ്പോൾ ഞാൻ. ഒരുകാലത്ത് എന്റെ മനോഹാരിതയിൽ ഞാൻ തന്നെ അൽഭുതപ്പെട്ടിരുന്നു. പിന്നീട് ഞാൻ തഴയപ്പെട്ടതോടെ എന്നെക്കുറിച്ചു വിശേഷിപ്പിക്കാൻ ഒന്നും അവശേഷിക്കുന്നില്ല.



ക്യാമ്പസ് പുതുമയുടെ മേലങ്കിയണിഞ്ഞതോടെ എന്നെ കാണുന്നത്പോലും പലർക്കും വെറുപ്പായിത്തീർന്നിരിക്കുന്നു. എരിഞ്ഞടങ്ങിയെങ്കിലും ഒരുപാട്പേരുടെ വയറുനിറക്കാൻ സാധിച്ചതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്...



വിജ്ഞാനം തുളുമ്പി നിൽക്കുന്ന എന്നെ എല്ലാവർക്കും പരിചയമുണ്ടായിക്കൊള്ളണമെന്നില്ല. എങ്കിലും എന്റെ നെഞ്ചിൽ കയറി കൂട്കെട്ടിയ ചിലരെങ്കിലുമുണ്ട്...



ഞാൻ ബാസ്ക്കറ്റ്ബോൾ കോർട്ട്. കളിക്കളത്തിലെ താരോദയങ്ങളെയും കാത്ത് ഞാൻ ഒരു മൂലയിൽ ഒറ്റയ്ക്കിരിപ്പാണ്....

താണ്ടിയത്
# ഒരുപാട്
ദൂരങ്ങൾ






> If a bullet should enter my brain,
> let that bullet destroy every closet doors
>
> **Harvey Milk**



# ട്രാൻസ്ജെൻഡർ

അവനവളായി അവളവനും ,
ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞൊരു മാറ്റം
കറുത്ത കണ്ണുകളിലെ ഒളിയമ്പുകൾ
അവർ കണ്ടറിഞ്ഞു
ഒരൊറ്റ ചോദ്യം മാത്രം .
തെരുവിലേക്കോ അതോ കാമ
ക്കണ്ണുകളുടെ വിശപ്പടക്കാനോ ,
അവർ പരസ്പരം നോക്കി
ചോദ്യശരങ്ങൾക്കു മുന്നിൽ
അവരൊന്നായി
അവനും അവളും അവരായി
നിയമം നിലവിളികളേന്തി സ്വീകരിച്ചു
ജാതിയും മതവും പേടിച്ച്
മാറിനിന്നു...
പ്രകൃതി നിയമങ്ങൾ
ഞെട്ടിത്തരിച്ചു...
അവർ കൈ ചേർത്ത്പിടിച്ചു
ലിപികളിൽ എഴുതപ്പെട്ടു
നിയമപരമായ ഭിന്നലിംഗ
വിവാഹം.

**ആയിഷ അംന**
ബി.എസ് സി, കമ്പ്യൂട്ടർ സയൻസ്, ഒന്നാം വർഷം

# ചരിത്രത്തിലേക്കൊരു കാൽവെപ്പ്

നനാത്വം പാടി നടക്കുന്ന ഭാരതീയർ, ചരിത്രത്തിന്റെ താളുകളിലൂടെ ഒന്ന് പരതി നോക്കിയാൽ ചിലർക്കു വേണ്ടി മാത്രം വഴിമാറിയ ചരിത്രങ്ങളുടെ ഒരു നീണ്ട നിര തന്നെ നമുക്ക് വ്യക്തമാകും.

'ചരിത്രം വഴിമാറും ചിലർ വരുമ്പോൾ' എന്ന ഹൃദയ സ്പർശിയായ പരസ്യ വാചകം സാന്ദർഭികമായി വളരെ കൗതുകം തോന്നുന്നു.

വർത്തമാന സമൂഹത്തിൽ ദേശത്തിന്റെയും, നിറത്തിന്റെയും, ലിംഗത്തിന്റെയും, ജനിതക ഘടനയുടെയും, മതത്തിന്റെയും പേരിൽ ചരിത്രത്തിന്റെ ഏടുകളിൽ നിന്ന് അടർത്തി മാറ്റപ്പെടുന്നവരുടെ എണ്ണം കുറവല്ല എന്നത് പ്രബുദ്ധ സമൂഹത്തിന്റെ നിലനിൽപ്പിനും അന്തസ്സിനും ചേരുന്നതല്ല.

മാറ്റങ്ങൾക്കു നേരെ മുഖം തിരിക്കുന്നവരുടെ ആയുസ്സ് നശ്വരമാണെന്നും വരും തലമുറ അതിനെ രണ്ട് കൈയ്യും നീട്ടി സ്വീകരിക്കുമെന്നതും നിസ്തർക്കമായ ഒരു വസ്തുതയാണ്.

പരസ്പര സമ്മതത്തോടെയുള്ള സ്വവർഗാനുരാഗം തെറ്റല്ലെന്നും കുറ്റമല്ലെന്നും വ്യക്തമാക്കി 2017 ആഗസ്റ്റ് മാസത്തിലാണ് അന്നത്തെ സുപ്രീം കോടതി ജഡ്ജ് ദീപക്ക് മിശ്ര അദ്ധ്യക്ഷ പഥം അലങ്കരിച്ച അഞ്ചംഗ ബെഞ്ച് ഏകകണ്ഠമായി പ്രഖ്യാപിച്ചത്. ഇതുമായി ചേർന്ന് കിടക്കുന്ന IPC 377- ാം വകുപ്പ് തെറ്റാണെന്നും വകുപ്പ് വ്യവസ്ഥകൾ ഭരണഘടനാവിരുദ്ധമാണന്നും വ്യക്തമാക്കിയ കോടതി ഈ വകുപ്പ് ഭാഗികമായി റദ്ദാക്കുകയും യുക്തിരഹിതവും ഏകപക്ഷീയവുമാണന്ന് നിരീക്ഷിക്കുകയും വാദിക്കുകയും ചെയ്തു.



**ഹാമിദ് റോഷൻ**
ബി.എ. ഇക്കണോമിക്സ്, രണ്ടാം വർഷം

പരമ്പരാഗത കാഴ്ച്ചപ്പാടുകൾ ഉപേക്ഷിക്കാനുള്ള സമയമാണിതെന്നും വ്യത്യസ്തമായ വ്യക്തിത്വങ്ങൾ അംഗീകരിക്കാൻ സമൂഹം പക്വതയാർജ്ജിക്കണമെന്നും പ്രഖ്യാപിക്കുന്ന വിധി ചരിത്രത്തിൽ തങ്ക ലിപികളാൽ എഴുതപ്പെടേണ്ടതാണ്.

വർത്തമാനകാലത്ത് ഭിന്ന ലിംഗ സമൂഹം എല്ലാ അവകാശങ്ങൾക്കും അർഹരാണെന്നും ഇതുവരെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തിയതിന് പൊതുസമൂഹം L,G,B,T, (Lesbian,Gay,Bisexual,Transgender) സമൂഹത്തിനോട് മാപ്പ് പറയണമെന്നും പറയുമ്പോൾ അതിനെ പാർശ്വവൽകൃത സമൂഹത്തിന്റെ നിയമ പോരാട്ടത്തിന്റെയും അതിജീവനത്തിന്റെയും പരിണാമചരിത്രമായി വേണം വായിക്കാൻ ..

ലൈംഗിക ന്യൂനപക്ഷങ്ങളോടുള്ള പൊതു സമൂഹത്തിന്റെ മനോഭാവത്തിൽ വിപ്ലവ ചിന്തക്ക് നിദാനമാകുന്ന വിധിയെ പൂർണ്ണ മനസ്സോടെ സമൂഹം സ്വീകരിക്കുമെന്നും നമുക്ക് പ്രത്യാശിക്കാം.

നാളിന്നുവരെ ലൈംഗിക ന്യൂനപക്ഷങ്ങൾ അനുഭവിച്ച വിവേചനങ്ങളുടെയും, അടിസ്ഥാനാവകാശ ലംഘനങ്ങളുടെയും, സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും നേരിട്ട സാമൂഹിക മാനസിക പീഢനങ്ങളുടെയും പര്യവസാനമാണ് സുപ്രീം കോടതിയുടെ ഈ സ്തുത്യർഹമായ വിധി.

സ്വന്തം സ്വത്വം അംഗീകരിക്കപ്പെടാതെ കുടുംബങ്ങളിൽ നിന്നും പ്രവർത്തനമേഖലകളിൽ നിന്നും ആട്ടിയിറക്കപ്പെട്ടവർ, ശാരീരിക ദുരുപയോഗങ്ങൾക്കിരയായവർ, സമൂഹത്തിന്റെ അവഗണനക്കും പരിഹാസങ്ങൾക്കും പാത്രമായവർ എന്നിങ്ങനെ എണ്ണമറ്റ വ്യക്തികളെ പ്രതിനിധീകരിക്കുന്നതാണ് LGBT സമൂഹം.

നിയമം വഴി സ്വവർഗാനുരാഗികളുടെ അന്തസ്സും വ്യക്തിത്വവും പുനഃസ്ഥാപിക്കുക എന്നത് ശ്രമകരമായ കർത്തവ്യമാണ്. ഇത് നിയമം വഴി മാത്രം സ്ഥാപിക്കേണ്ട ഇനമല്ലെന്നും വ്യക്തികളുടെ മനോഭാവത്തിലൂടെ സമൂഹം അംഗീകരിക്കേണ്ടതാണെന്നും അതുവഴി മാറ്റി നിർത്തപ്പെട്ട ഭിന്ന ലിംഗക്കാരെന്ന് സമൂഹം മുദ്രകുത്തിയ ന്യൂനപക്ഷങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിനു കൂടിയാണ് സുപ്രീം കോടതിയുടെ ചരിത്ര പ്രാധാന്യമുള്ള ഈ വിധി.




# യൂണിയൻ ഭാരവാഹികൾ

ചെയർമാൻ



സാഹിറലി കെ.

ജനറൽ സെക്രട്ടറി



മുഹമ്മദ് സ്വഫ്വാൻ എ.പി

വൈസ് ചെയർപെർസൺ



നയന സുരേഷ്

ജോ: സെക്രട്ടറി



ഇമ്ര നാസർ

യു.യു.സി



ശിബ് ഹത്തുള്ള ടി.കെ

യു.യു.സി



സ്വഫ്വാൻ ഇല്ലിക്കൽ

ഫൈൻ ആർട്ട്സ് സെക്രട്ടറി



മുഹമ്മദ് സുഹൈൽ വി.പി

ജനറൽ ക്യാപ്റ്റൻ



മുഹമ്മദ് റഫീഖ് നെച്ചിക്കാടൻ

സ്റ്റുഡന്റ് എഡിറ്റർ



മുബശ്ശിർ പി. കെ.

# ഇയർ പ്രതിനിധികൾ

പി.ജി.



മുഹമ്മദ് റഹീസ്

മൂന്നാം വർഷം



അബ്ദുൽ ഗഫൂർ

രണ്ടാം വർഷം



ശമീം ഫാസിൽ

ഒന്നാം വർഷം



മുഹമ്മദ് അജ്മൽ

## അസോസിയേഷൻ സെക്രട്ടറിമാർ

ബി.എ. ഇകണോമിക്സ്



മുഹമ്മദ് അനീസ് പി.കെ.

ബി.എ ഇംഗ്ലീഷ്



മുഹമ്മദ് ഷാനിഫ് പി.സി.

ബി.എ. വെസ്റ്റ് എഷ്യൻ സ്റ്റഡീസ്



ഇബ്രാഹിം ബാദിർഷ ബാബു കെ.ടി.

ബി.കോം



ദാവുദുൽ ഹക്കീം

ബി.ബി.എ



മുഹമ്മദ് സാജിദ് കെ.സി.

ബി.എസ്.സി. ബയോടെക്നോളജി



ഷുഹൈബ്.എ.വി

ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്



നവാസ്

ബി.എസ്.സി.ബയോ കെമിസ്ട്രി



ഫവാസ് കുട്ടശ്ശേരി

ബി.എസ്.സി. മൈക്രോ ബയോളജി



രാഹുൽ മുന്ന



കലിക്കറ്റ് യൂണിവേഴ്സിറ്റി ബി - സോൺ ഫുട്ബോൾ (3 -ാം സ്ഥാനം)



**അനസ്**
(കലിക്കറ്റ് യൂണിവേഴ്സിറ്റി വെയിറ്റ് ലിഫ്റ്റിങ് താരം)



ബി. ഡിവിഷൻ ഫുട്ബോൾ ചാമ്പ്യൻസ്



**ആർദ്ര**
(നാഷണൽ വുഷുതാരം)



വോളിബോൾ ബി.സോൺ വിന്നേഴ്സ്, എ. ഡിവിഷൻ റണ്ണേഴ്സ്



മലപ്പുറം ജില്ലാ വെയിറ്റ് ലിഫ്റ്റിങ് ചാമ്പ്യൻസ് ടീം




ഓൾ ഇന്ത്യ ഇന്റർയൂണിവേഴ്സിറ്റി ബോഡി ബിൽഡിങ് ചാമ്പ്യൻഷിപ്പ്








COLLEGE OF ARTS &
37th












SEETHI HAJI
പച്ച തന്നെ
പച്ചയാ...
msf EMEA College


















37th EMEA College Union








ALL INDIA INTERUNIVERSITY BEST PHYSIQUE 2018


LLAMA
END





















## സി. സോൺ വിജയികൾ



ദഫ്മുട്ട് മൂന്നാം സ്ഥാനം



**ഹിസ നാസർ**
ഹിന്ദി കഥ രചന 1-ാം,
കവിത രചന 3-ാം സ്ഥാനം



# ഡിഗ്രി/പിജി

പഠനം മുടങ്ങിയവർ തുടർ പഠനത്തിന്
തയ്യാറെടുത്തോളൂ!!!

പ്രമുഖ യൂണിവേഴ്സിറ്റികളുടെ ഡിഗ്രി/പിജി
ബിരുദം ഇനി വീട്ടിലിരുന്ന് കരസ്ഥമാക്കാം!

വിദൂര വിദ്യാഭാസത്തിലൂടെ ജോലിയെ
ബാധിക്കാതെ UGC, UPSC, DEC അംഗീകൃത
ഡിഗ്രി പിജി പൂർത്തീകരിക്കാം.

**COURSES**

BA English, History, Politics, Sociology, B.Com, B.Com CA, BCA,
BBA, BLIS, MA, M.Com Finance, M.Com Banking, M.Com CA, MCA,
Msc Maths, Msc psychology, Msc chemistry, Msc Physics, MBA.

B-Tech & Diploma (Mech, Civil, IT, CS, EEE) etc.
MBA • Finance • Marketing • Banking • HR.

For Admission Call
**9387 919 387, 9349 15 31 31**

AID EDUCATION
All India Distance Education

Malappuram , Calicut, Pattambi, Thrissure, Thalassery,
Cochin, Kottayam, Kanhagad, Mannarkkad, Pathanamthitta,
Parappanagadi, Vengara, Perinthalmanna

www.aiddistanceeducation.in
aidempm@gmail.com

HOTEL
# നഹ്ദി
# കുഴിമന്തി



ചിക്കൻ കുഴിമന്തി | മട്ടൻ കുഴിമന്തി | അൽഫാം

MALAPPURAM | PALAKKAD | CAILCUT



# കാതലാണിവർ കാടിന്റെ മക്കൾ

ആദിവാസി മണ്ണിനെ മാറോടു ചേർത്ത് അതിലെ ജൈവ സമ്പന്നതയെ ആവാഹിച്ച് പ്രകൃതിയോട് ഇണങ്ങിച്ചേർന്നവർ. ചീനിവാദ്യവും തുടിതാളവും ഇഴചേർന്ന സാംസ്കാരിക പൈതൃകം മുതലാക്കിയ ഇവരുടെ ജീവിത രീതി തന്നെ വൈവിധ്യങ്ങളാൽ സമ്പുഷ്ട മാണ്. കേരളത്തിലെ പ്രധാന ആദിവാസി കേന്ദ്രം വയനാട് ജില്ലയാണ്. കുറുമ്പ, ചോലനായ്ക്കാർ തുടങ്ങി പലതരം ആദിവാസി ഗോത്ര വിഭാഗങ്ങളിൽ പ്രബലർ പണിയ സമുദായമാണ്. തനതായ സാംസ്കാരിക പാരമ്പര്യം കൈമുതലാക്കിയ ഈ ഓരോ ഗോത്രവിഭാഗവും സാധാരണ ജനങ്ങളിൽ നിന്നും തികച്ചും വേറിട്ടു നിൽക്കുന്നു.

എന്നാൽ, ഇന്ന് ആദിവാസി ജനതക്ക് തങ്ങളുടെ തനതായ ജീവിത ശൈലി തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒന്നല്ല, പലതരം പ്രശ്നങ്ങളാണ് ഇന്ന് കാടിന്റെ മക്കൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്. മദ്യപാനം, പോഷകാഹാരക്കുറവ്, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, നിരക്ഷരത തുടങ്ങിയവയെല്ലാം അവക്ക് ചില ഉദാഹരണങ്ങൾ മാത്രം. ഗവൺമെന്റ് തദ്ദേശ സ്ഥാപനങ്ങളും ഈ ജനവിഭാഗത്തിന്റെ ഉന്നമനത്തിനുമായി പല നടപടികളും നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും അവയൊന്നും കാര്യമായ രീതിയിൽ ഫലം കണ്ടിട്ടില്ല.

പോഷകാഹാരക്കുറവ്,ദാരിദ്ര്യംഎന്നിവ ഇന്നും ആദിവാസി ജനതക്ക് അതിജീവിക്കാനാവാത്ത ഒരു പ്രധാന വെല്ലുവിളിയാണ്. ഇത് ആദിവാസി ജനസംഖ്യയിൽ കുറവ് വരുത്തുന്നതിനും ഇടയാക്കുന്നു.

**സമീന തെസ്നി.കെ.പി**
ബി എ ഇക്കണോമിക്സ്, ഒന്നാം വർഷം

ആദ്യകാലങ്ങളിൽ നൂറു വയസ്സിനു മുകളിൽ വരെ ആയുർദൈർഘ്യം ഉണ്ടായിരുന്ന ഈ ജനവിഭാഗത്തിന്റെ ഇപ്പോഴത്തെ ശരാശരി ആയുസ്സ് അൻപതിനും അറുപതിനുമിടയിലാണ്. പ്രകൃതിയോടിണങ്ങിയ ഭക്ഷണരീതിയിൽ നിന്നും വ്യതിചലിച്ച് ഉപഭോഗ സംസ്കാരത്തിന് അടിയറവു പറഞ്ഞതാകാം ഒരുപക്ഷേ മാറ്റത്തിന്റെ മറ്റൊരു കാരണം. അതുപോലെ, ഗർഭകാലത്തെ കൃത്യമായ പോഷകാഹാരത്തിന്റെ അഭാവവും, ആരോഗ്യമേഖലയിലെ സൗകര്യക്കുറവും, ആദിവാസി ശിശുക്കൾ മാരക രോഗങ്ങൾക്ക് അടിമപ്പെടുന്നതിനും, ശിശുമരണ നിരക്ക് വർദ്ധിക്കുന്നതിനും ഇടയാകുന്നു.

ദാരിദ്ര്യം, അത് ഇന്നും ആദിവാസി കോളനികളെ വിഴുങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ പരമസത്യം നാമോരോരുത്തരുമടങ്ങുന്ന മലയാളി സമൂഹം തിരിച്ചറിഞ്ഞത്. ഒരുപക്ഷേ മധുവെന്ന ആദിവാസി യുവാവിന്റെ ദാരുണമായ വിയോഗത്തിലൂടെയായിരിക്കും. അട്ടപ്പാടിയിലെ പുരാതന ഗോത്ര സമൂഹമായ കുറുമ്പ വിഭാഗത്തിൽപ്പെട്ട മധുവിനെ, ഒരു കൂട്ടം യുവാക്കൾ തല്ലിക്കൊന്നത് അവൻ വിശപ്പിന്റെ അലർച്ചയിൽ ഭക്ഷണം മോഷ്ടിച്ചതിനാണ്. സ്വന്തം വിശപ്പകറ്റാൻ ഒരുപിടി ഭക്ഷണം മോഷ്ടിച്ചതിന്, മധുവിന് ബലികൊടുക്കേണ്ടിവന്നത് സ്വന്തം ജീവനാണ്. വൻ മോഷ്ടാക്കളും ക്രിമിനലുകളും അരങ്ങുവാഴുന്ന കേരളത്തിൽ എന്തുകൊണ്ട് മധുവിനെ മാത്രം മലയാളി കൊല്ലാനായി തെരഞ്ഞെടുത്തു എന്നത് ഇന്നും ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുന്നു.

**വൻ മോഷ്ടാക്കളും ക്രിമിനലുകളും അരങ്ങുവാഴുന്ന കേരളത്തിൽ എന്തുകൊണ്ട് മധുവിനെ മാത്രം മലയാളി കൊല്ലാനായി തെരഞ്ഞെടുത്തു എന്നത് ഇന്നും ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുന്നു.**

ജീവിത രീതികൊണ്ടും, നിഷ്കളങ്കത കൊണ്ടും വേറിട്ടുനിൽക്കുന്ന കാടിന്റെ മക്കളുടെ ആരോഗ്യത്തിന് മറ്റൊരു വെല്ലുവിളി മദ്യത്തിന്റെയും പുകയില ഉൽപന്നങ്ങളുടെയും വർധിച്ചുവരുന്ന ഉപയോഗമാണ്. വ്യാജവാറ്റും, വിദേശമദ്യവും ഇന്ന് ആദിവാസി കോളനികളിൽ അരങ്ങുതകർക്കുമ്പോൾ, തകർന്നുവീഴുന്നത് കുടുംബങ്ങളിലെ സൈര്യ ജീവിതം കൂടിയാണ്. കഴിഞ്ഞ ഒന്നര വർഷത്തിലേറയായി വയനാട്ടിലെ മാനന്തവാടിയിൽ ആദിവാസി അമ്മമാർ ഒരു സമരം നടത്തിവരുന്നുണ്ട്. തങ്ങളുടെ ഭർത്താക്കന്മാരെയും മക്കളെയും മദ്യത്തിനടിമപ്പെടുത്തുന്ന ബിവറേജ് ഔട്ട്ലെറ്റ് മാറ്റണമെന്നാവശ്യപ്പെട്ടാണ് സമരം. മുഖ്യധാര രാഷ്ട്രീയ പാർട്ടികളും മാധ്യമ സമൂഹവും സമരം കണ്ടില്ലെന്ന് നടിക്കുമ്പോഴും മദ്യം ആദിവാസി കോളനികളിൽ വിതയ്ക്കുന്ന വിപത്തുകൾ ക്രമാതീതമായി ഉയരുകതന്നെയാണ്. പുരുഷന്മാരെപ്പോലെ സ്ത്രീകളും ചെറുപ്രായത്തിൽ തന്നെ കുട്ടികളും മദ്യത്തിനും, പുകയില ഉൽപന്നങ്ങൾക്കും അടിമപ്പെട്ടിരിക്കുകയാണ്.

മദ്യപാനം കൊണ്ടുള്ള ക്രമസമാധാന പ്രശ്നങ്ങളും ചെറുതല്ല. പലപ്പോഴും അടിപിടികൾ പലതും കലാശിക്കുന്നത് കൊലപാതകങ്ങളിലാണ്. ഇത് കുടുംബത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നു. ഇതോടെ പലരും വഴിക്ക് വെച്ച് പഠനം നിർത്തി കൂലിപ്പണിക്ക് പോകാൻ നിർബന്ധിതരാകുന്നു. മദ്യമെന്ന മഹാവിപത്ത് എങ്ങനെ ഒരു ജനതയെ ഇല്ലായ്മ ചെയ്യുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണ് വയനാട്ടിലെ മിക്ക ആദിവാസി കോളനികളും.

കാർഷിക ജില്ലയായ വയനാട്ടിൽ കൃഷിപ്പണികൾ കുറഞ്ഞതോടെ ആദിവാസികൾ കൂട്ടമായി അയൽസംസ്ഥാനമായ കർണാടകയിലെ കുടകിൽ ഇഞ്ചിപ്പാടങ്ങളിൽ പണിക്ക് പോവുകയാണ്. ഇതോടെ ആദിവാസി പ്രശ്നങ്ങൾക്ക് അറുതി വന്നു എന്നു കരുതിയെങ്കിൽ, ഇവിടെയും ഇവർ ചൂഷണത്തിന് വിധേയരാവുകയാണ് എന്ന യാഥാർത്ഥ്യമാണ് പുറത്തുവന്നത്. ഇഞ്ചിപ്പാടങ്ങളിലെ ദുരൂഹ മരണങ്ങൾ ഇന്നും വാർത്തയല്ലാതായിക്കൊണ്ടിരിക്കുകയാണ്.

കുറഞ്ഞ വേതനത്തിന് ജോലിയെടുപ്പിക്കുന്ന ഭൂവുടമകൾ കൂടിയ അളവിൽ മദ്യം നൽകി തൊഴിലാളികളെ വശീകരിക്കുന്നു. ഇതാണ് ആദിവാസികളെ ഇവിടേക്ക് ആകർഷിപ്പിക്കുന്നത്. മാത്രമല്ല സ്ത്രീ തൊഴിലാളികൾ ഇവിടെ ലൈംഗിക ചൂഷണത്തിനും ഇരയായി ക്കൊണ്ടിരിക്കുന്നു. ആദിവാസികളെ തൊഴിൽപരമായി ഇവിടെത്തന്നെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികളെല്ലാം തകർച്ചയുടെവക്കിലാണ്. ഏറെകൊട്ടിഘോഷിച്ച് തുടങ്ങിയ പ്രിയദർശനി ട്രാൻസ്പോർട്ട്, പഞ്ചാരക്കൊല്ലി ചായത്തോട്ടം തുടങ്ങിയ പ്രൊജക്റ്റുകളുംകാര്യമായരീതിയിൽഫലം കണ്ടിട്ടില്ല.

സ്വന്തമായി ഭൂമിയില്ലായ്മ, ആദിവാസി ജനത ഇന്ന് നേരിടുന്ന മറ്റൊരു പ്രശ്നമാണ്.



ഇതുമൂലം മെച്ചപ്പെട്ട പാർപ്പിട സൗകര്യം ഇവർക്ക് ലഭ്യമാകാതെ വരുന്നു. സർക്കാരിന്റെ അധീനതയിൽ അനേകം ഭൂമി ഉപയോഗമില്ലാതെ കിടക്കുമ്പോഴാണ് ആദിവാസികൾ കിടപ്പാടമില്ലാതെ കഷ്ടപ്പെടുന്നത്. കുറച്ചു വർഷങ്ങൾക്കു മുമ്പ്, ചില വ്യക്തികളുടെ

**സർക്കാരിന്റെ അധീനതയിൽ അനേകം ഭൂമി ഉപയോഗമില്ലാതെ കിടക്കുമ്പോഴാണ് ആദിവാസികൾ കിടപ്പാടമില്ലാതെ കഷ്ടപ്പെടുന്നത്. കുറച്ചു വർഷങ്ങൾക്കു മുമ്പ്, ചില വ്യക്തികളുടെ നേതൃത്വത്തിൽ കേരളത്തിൽ അനേകം ആദിവാസി ഭൂസമരങ്ങൾ നടന്നിരുന്നു.**

നേതൃത്വത്തിൽ കേരളത്തിൽ അനേകം ആദിവാസി ഭൂസമരങ്ങൾ നടന്നിരുന്നു. ആദിവാസി ഗോത്രമഹാസഭയുടെ ചെയർപേഴ്സണായിരുന്ന സി.കെ.ജാനു. വയനാട്ടിലെ അടിയ ആദിവാസി സമുദായത്തിൽ ജനിച്ച ജാനു ആദിവാസികളുടെ ഭൂ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിൽപ്പ് സമരം, മുത്തങ്ങ സമരം, ആറളം ഫാമിലെ ഭൂസമരം തുടങ്ങി നിരവധി സമരങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ഇതിന്റെ പേരിൽ കേസുകളിൽ ഉൾപ്പെട്ട് പോലീസ് പീഡനം അനുഭവിക്കേണ്ടി വന്നെങ്കിലും ജാനു ആദിവാസി ജനതയെ ഉണർന്നു പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ഇത് അനേകം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ഇടയാവുകയും ചെയ്തു. രാജ്യാന്തരശ്രദ്ധ നേടിയ സമരം ആദിവാസികളെ മണ്ണിന്റെ ഉടമകളാക്കി.

എന്നാൽ, ഇന്ന് പൊതുസമൂഹമോ മാധ്യമലോകമോ ആദിവാസി പ്രശ്നങ്ങൾ കാര്യമായി ചർച്ച ചെയ്യുന്നില്ല. ഇപ്പോഴും ആദിവാസി ജനത അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പിന്നിൽ സാമൂഹികവും രാഷ്ട്രീയവുമായ കാരണങ്ങളുണ്ട്. എന്നിട്ടും, ആദിവാസികളുടെ ദൈന്യത സമർത്ഥമായി വിറ്റുകാശാക്കുക എന്നതിലുപരി മാധ്യമങ്ങളോ രാഷ്ട്രീയ പാർട്ടികളോ അവ പരിഹരിക്കുന്നതിന് താല്പര്യം കാണിക്കുന്നില്ല.

ഇത്തരം, പൊതുസമൂഹത്തിൽ നിന്നുമുള്ള അവഗണനയും താൽപര്യക്കുറവുമാണ് ആദിവാസികളെ താഴെക്കിടയിൽ തന്നെ തളച്ചിടുന്നത്. ആദിവാസികൾക്കെതിരായ കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പ്രത്യേക മൊബൈൽ യൂണിറ്റുകൾ ഉണ്ടെങ്കിലും, അവർക്കെതിരായ അതിക്രമങ്ങൾ ഇന്നും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ കേരളത്തിലെ ആദിവാസി ജനസംഖ്യ ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇവരുടെ പുരോഗമനത്തിനായി ഭേദപ്പെട്ട നടപടികൾ കൈക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഇല്ലെങ്കിൽ കുറഞ്ഞ വർഷങ്ങൾക്കുള്ളിൽ ഈ മഹത്തായ സംസ്കൃതിയും നാമാവശേഷമാകും.


ഇവരുടെ വിധിയോ
ദുർവിധി. ഹാ അതുവിടാം...
ഇനിചില പാഴ്വമ്പുകൾ
അമ്മ, പെങ്ങൾ, ഭാര്യ
അർഥശൂന്യം

# വേശ്യ

**ഒ**രു പെണ്ണിനെ വേശ്യ എന്ന് മുദ്ര കുത്തുന്നതിന് മുമ്പ് ഒന്ന് ചിന്തിക്കൂ..... ഒരു പെണ്ണും വേശ്യയായിട്ട് ജനിക്കുന്നില്ല.

സാഹചര്യങ്ങളും സമ്മർദ്ദങ്ങളുമാണവളെ അങ്ങനെയാക്കിത്തീർക്കുന്നത്.മാത്രവുമല്ല അതുപോലൊരു വഴിപിഴച്ചവൾ സ്വയം ജനിക്കുന്നതല്ല.അങ്ങനെ ഒരുവൾ  ജനിക്കണമെങ്കിൽ തീർച്ചയായും ആണായി ജനിച്ച ഒരുത്തൻ കൂടി ഉൾപ്പെടണം.അങ്ങനെയുള്ള ഒരുത്തനെ സമൂഹം ഉന്നതനായി കാണുമ്പോൾ ആ പെണ്ണ് മാത്രം എങ്ങനെ നീചയായി മാറും????

സമൂഹമേ... നിന്റെ അസമത്വ കാഴ്ചപ്പാടാണ് മാറേണ്ടത്.പലപ്പോഴും കൺമുന്നിൽ കാണുന്ന കാഴ്ചയേക്കാളേറെ പറയാനുണ്ടാകും തിരശ്ശീലക്കു പിന്നിലെ സത്യത്തിന്..................



**ഹഫീഫ.കെ**
ബി.കോം കോ ഓപ്പറേഷൻ, ഒന്നാം വർഷം



# സ്ത്രീ വിചാരം

പെൺ പടകൾ ഉയർന്നുകുതിക്കവേ
അനുഭവിച്ചീടുന്നു ദുഃഖഭാവങ്ങൾ
നിത്യവേ ...
അറിയാതെ തളർന്നുവീഴുന്ന
മനമൊട്ടുകൾ.
മംഗല്യസാഫല്യമേകുന്ന ആനന്ദ
ഉന്മാദത്താൽ...
നിറഞ്ഞൊഴുകുന്ന കണ്ണീർതുള്ളികൾ
പുതുഭവനത്താൽ നിറക്കപ്പെടുന്നു
ഭയപ്രളയങ്ങൾ...
സ്വമനസ്സാൽ നിറച്ചീടുന്നു
കുടുംബമിത്രങ്ങൾ,
അകലെ...
എന്തുപറയണമെന്നറിയാതെ,
പകച്ചുനിൽപതാ നിമിഷങ്ങൾ...
കഠിനത്താൽ മുഴുകവേ,
തിരക്കുപിടിച്ച വീട്ടുതൊഴിൽ
സന്തോഷ ദുഃഖമാൽ അണയുന്ന
ദാമ്പത്യ ജീവിതം,
കുതിക്കുന്നു മുന്നേ...
എണ്ണിത്തിട്ടപ്പെടുത്തുന്ന ദിനരാവുകൾ
കാത്തുനിൽപതാ നിമിഷം,
സന്തോഷഭരിതമാവുന്നു.
ഗമിച്ചു ആ ദിനം...
സ്വഗ്രാമത്താൽ പ്രവേശിക്കവേ
ഹൃദയങ്ങളാൽ അനുഭവിക്കുന്നു
ആനന്ദമാവിധം...
തിരിച്ചെടുത്തു, വാക്കുകളില്ല.
ദിനങ്ങൾ കഴിയവേ,
വന്നെത്തി,
വീണ്ടുമെൻ പുതുഭവന യാത്ര.

**മുർഷിദ ഷെറിൻ.എ**
ബി.എ. ഇംഗ്ലീഷ്, മൂന്നാം വർഷം



# യാത്രയെ പ്രണയിച്ച പെൺകുട്ടി

പതിവുപോലെ ഉറക്കമുണർന്നതും അന്നും അവൾ തിരഞ്ഞത് തന്റെ സ്വപ്നത്തെയായിരുന്നു. കാരണം ആ സ്വപ്നം അവൾക്ക് അത്ര മാത്രം പ്രിയപ്പെട്ടതായിരുന്നു. സ്വപ്നങ്ങൾ എന്നും അവൾക്ക് ഒരു ലഹരിയായിരുന്നു. ജീവിക്കാനുള്ള ലഹരി. യാഥാർഥ്യമാകില്ല എന്ന് അറിഞ്ഞിട്ടും ആ സ്വപ്നങ്ങളെ തന്നിലേക്ക് ചേർത്തു പിടിച്ചു. പതിവിലുപരിയായി അന്നത്തെ സ്വപ്നം അവളെ വല്ലാതങ്ങ് ആകർഷിച്ചു. കാരണം മറ്റൊന്നുമല്ല, സ്വപ്നം ഒരു യാത്രയായിരുന്നു. യാത്രകളേക്കാൾ പ്രിയപ്പെട്ടതായി അവൾക്ക് ഒന്നുമില്ലായിരുന്നു. എന്നാൽ സാമൂഹ്യ പാരമ്പര്യങ്ങൾ കാത്ത് സൂക്ഷിക്കുന്നതിന്റെ തിരക്കിൽ പല സ്ത്രീകളെയും പോലെ അവളും അവളുടെ ആഗ്രഹങ്ങൾക്ക് വിലക്ക് ഏൽപ്പിച്ചു എന്നതാണ് സത്യം.

എന്നും അവൾ തന്റെ മനസ്സിനോട് പറയും പോകാം നമുക്കൊരു യാത്ര 'പക്ഷേ' എന്ന ചോദ്യത്തിനിവിടെ പ്രസക്തിയില്ല. ജീവിതത്തിന്റെ ഏതെങ്കിലും ഒരു പ്രഭാതത്തിൽ, അതുവരെ നേരിട്ട വിരഹവും സന്തോഷവും പേടിയും, അതിലെല്ലാമുപരി ചങ്ങലക്കിട്ട കുറേ ആഗ്രഹങ്ങളും പേറി ഒരു യാത്ര പുറപ്പെടണം. എങ്ങോട്ടെന്നില്ലാതെ... ആരെയും തിരയാതെ... ലോകമെമ്പാടും പരന്നു കിടക്കുന്ന അത്ഭുതങ്ങളും, സൗന്ദര്യങ്ങളും, സംസ്കാരങ്ങളും സ്വന്തമാക്കാനും അവയുടെ അറിവിലൂടെ സഞ്ചരിക്കുവാനും അത്രയേറെ ആഗ്രഹിച്ചിരുന്നു അവൾ...



**ഫർഹത്ത് വി.പി**
എം.എ. ഇകണോമിക്സ്, ഒന്നാം വർഷം

എത്രയേറെ നേരമായെന്ന് യാതൊരു ബോധവുമില്ലാതെ തന്റെ സ്വപ്നത്തിൻ ചിറകിൽ സഞ്ചരിച്ചുകൊണ്ടിരുന്ന അവളെ അന്ന് ഉറക്കം ഉണർത്തിയത് ഒരു കുഞ്ഞു മഴത്തുള്ളിയായിരുന്നു. പിരിഞ്ഞു നിൽക്കുന്ന സുഹൃത്തുക്കളെ പോലെ പിണങ്ങിയ രണ്ട് ഓടിൻ കഷ്ണങ്ങൾക്കിടയിലൂടെ ആ മഴത്തുള്ളി അവളിൽ എത്തിയത് പെട്ടെന്നാണ്. സ്വപ്നത്തിലെകുത്തൊഴുക്കിൽ അലിഞ്ഞുചേർന്ന അവൾക്ക് ആ മഴത്തുള്ളിയോട് തോന്നിയത് പറഞ്ഞറിയിക്കാൻ പറ്റാത്ത ദേഷ്യമായിരുന്നു. ഒപ്പം ചോർന്നൊലിക്കുന്ന തന്റെ കൂരയെ ഓർത്ത് അവൾ ഒരു ദീർഘശ്വാസം വലിച്ചു. അതെ, ദാരിദ്ര്യം വിഴുങ്ങി നിൽക്കുന്ന തന്റെ ജീവിതത്തിൽ ഒരിക്കലും യാഥാർത്ഥ്യമാകാത്ത യാത്രക്ക് എന്ത് സ്ഥാനം.!! ജീവിതത്തിന്റെ പ്രാരാബ്ധങ്ങൾക്കിടയിലൂടെയുള്ള ഈ യാത്രയേക്കാൾ അറിവ് നൽകുന്ന മറ്റൊരു യാത്രയും ഇല്ല.

ജീവിതം തനിക്ക് തരുന്ന ഓരോ അനുഭവങ്ങളും ലോകം സഞ്ചരിച്ച് കിട്ടുന്ന അനുഭവത്തേക്കാൾ മികച്ചതാണ് എന്ന സത്യം അവൾ തിരിച്ചറിഞ്ഞിരിക്കുന്നു. എന്നാൽ തന്റെ സ്വപ്നങ്ങളെ ഉപേക്ഷിക്കാൻ അവളുടെ മനസ്സ് അനുവദിച്ചില്ല. മറിച്ച് നിരാശയുടെ കൊടുമുടിയിലെത്തി നിൽക്കുന്ന തന്റെ മനസ്സിനെ അവൾ പറഞ്ഞു പഠിപ്പിച്ചു. കാത്തിരിക്കാം മരണം വരെ താൻ പ്രണയിച്ച യാത്രയെയും തേടി ഒരു യാത്ര പോകാം...

അതാ സൂര്യൻ ഉണർന്നു കഴിഞ്ഞിരിക്കുന്നു. അടുക്കളയിലെ പാത്രങ്ങൾ ഇന്ന് വല്ലാതെ ഉച്ചത്തിൽ സംസാരിക്കുന്നു. അവൾ പതിയെ മനസ്സിലാക്കി ഇന്നലെ പെയ്ത മഴ അമ്മയുടെ കണ്ണുകളെ വല്ലാതെ നനച്ചിരിക്കുന്നു...

അതെ... അവൾ മനസ്സിലാക്കിയിരിക്കുന്നു. ഈ കണ്ണുകളിലെ മഴ തോരാതെ തനിക്ക് യാത്ര പോകാനാവില്ല

പാതി നനഞ്ഞ പുതപ്പിനെ പതിയെ മാറ്റി ജീവിതത്തിന്റെ പുതിയ യാത്രയും തേടി അവൾ അടുക്കളയിലേക്ക് നടന്നു...



# മനസ്സാക്ഷിയിലേക്കൊരു ചാട്ടുളി

പെണ്ണ്, അവൾ ഓരോ വീടിന്റെയും ഐശ്വര്യമാണ്, സന്തോഷമാണ്, അണയാത്ത വെള്ളിവെളിച്ചത്തിൻ പ്രതീകമാണ്. ജീവിതം അവളെ ഒരമ്മയായും, പെങ്ങളായും, ഭാര്യയായും, മകളായും പ്രതിഷ്ഠിക്കുമ്പോഴും പെണ്ണ് നൽകുന്ന സന്തോഷത്തിനും സമാധാനത്തിനും പകരം വെക്കാൻ പെൺ ജന്മത്തിന് മാത്രമേ കഴിയൂ. എങ്കിലും അവളുടെ ഐശ്വര്യം തച്ചുടക്കാൻ , അവളുടെ സ്വപ്നങ്ങൾക്ക് വിലങ്ങു തടിയാകാനുമുതകുന്ന പല നീച പ്രവർത്തനങ്ങൾക്കും ഇന്നും നമ്മുടെ സമൂഹത്തിന്റെ മുക്കും മൂലയും സാക്ഷിയാണ്.

അനാദിയായ കാലം മുതൽ, എല്ലാത്തിനും മുമ്പിലും അടിയറവ് പറയേണ്ടി വന്നവളാണ് പെണ്ണ്. അത് സമൂഹത്തിലായാലും സ്വന്തം ജീവിതത്തിലായാലും. വിദ്യാഭ്യാസമോ സ്വാതന്ത്ര്യമോ ഇല്ലാതെ വീട്ടിലെ കരിപുരണ്ട അകത്തളങ്ങളിൽ ഒതുങ്ങിക്കഴിയേണ്ടി വന്ന ഒരു ഭൂതകാലം പെൺ വർഗ്ഗത്തിന്റെ ചരിത്രത്തിൽ മായാത്ത ലിഖിതമായി എഴുതപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്ന് ലോകത്തിന്റെ അഗാധമായ വികസനത്തിന്റെയും പുരോഗമനത്തിന്റെയും കുത്തൊഴുക്കിൽപ്പെട്ട് പെൺജീവിതവും ചില തിരുത്തലുകൾക്ക് സാക്ഷ്യം

**സ്ത്രീസുരക്ഷ എന്നത് കേരളത്തിന്, ഇന്ത്യക്ക്, ലോകത്തിന് തന്നെ പൂർണ്ണമായി നടപ്പാക്കാൻ കഴിയാത്ത ഒരു തീരാ ദൗത്യമായി, ഒരു വലിയ ചോദ്യചിഹ്നമായി ഇന്നും ഉയർന്നു നിൽക്കുന്നു**

**സമീന തെസ്നി കെ. പി.**
ബി.എ. ഇക്കണോമിക്സ്, ഒന്നാം വർഷം

വഹിക്കപ്പെട്ടിട്ടുണ്ട്. ഇന്ന് ഒരു പക്ഷേ പുരുഷന് സമമായി അല്ലെങ്കിൽ അവനെക്കാൾ ഒരു തട്ടു മുമ്പിലായി വിദ്യാഭ്യാസത്തിലും, ജോലിസാധ്യതതയിലും പെണ്ണ് മുൻപന്തിയിൽ നിൽക്കുമ്പോഴും. പുരുഷാധിപത്യത്തിൻ നീചപ്രവർത്തിയും, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും എന്തോ ഒഴിഞ്ഞു പോകാനാകാത്ത അല്ലെങ്കിൽ ഒഴിക്കാൻ പറ്റാത്ത ഒരു ബാധയായി ഇന്നും അവളെ പിന്തുടർന്നു കൊണ്ടേയിരിക്കുന്നു.

പുരുഷാധിപത്യത്തിന്റെ ക്രൂര കണങ്ങൾ ഏറ്റു വീട്ടിൽ വാടിത്തളരുമ്പോഴും, സമൂഹവും അവൾക്കായി കാത്തു വെക്കുന്നത് ആശ്വാസവാക്കുകളേക്കാളുംപരി ചൂഷണവും, അക്രമവും നിറഞ്ഞ അന്തരീക്ഷമാണ്. പ്രായജാതിഭേദമന്യേ ഓരോ ദിവസവും ഓരോ പെൺകുട്ടിയും കഴുകക്കണ്ണുകൾക്കു മുമ്പിൽ ബലിയാടാവുകയാണ്. കത്വവയിലെ എട്ടുവയസ്സുകാരി ആസിഫയും ഉന്നാവിലെ പെൺകുട്ടിയും കേരളത്തിന്റെ സൗമ്യയും, ജിഷയും എല്ലാം ഇന്നും ഓരോ ഇന്ത്യക്കാരൻ എന്നതിലുപരി ലോക ഹൃദയങ്ങൾക്കുള്ളിലെ മറക്കാനാകാത്ത ഓർമ്മയായി ഇന്നും നീറി ക്കൊണ്ടിരിക്കുകയാണ്.

ഒരു പെൺകുട്ടിയെ കാണുമ്പോൾ ഇവൾ ഇന്നത്തെ എന്റെ അവസരമല്ല, മറിച്ച് ഉത്തരവാദിത്വമാണെന്ന് ഓർക്കാൻ എന്തുകൊണ്ടോ ഇന്നും പുരുഷസമൂഹം മറന്നുപോകുന്നു. 'സ്ത്രീസുരക്ഷ' എന്നത് കേരളത്തിന്, ഇന്ത്യക്ക്, ലോകത്തിന് തന്നെ പൂർണ്ണമായി നടപ്പാക്കാൻ കഴിയാത്ത ഒരു തീരാ ദൗത്യമായി, ഒരു വലിയ ചോദ്യചിഹ്നമായി ഇന്നും ഉയർന്നു നിൽക്കുന്നു.

സ്ത്രീകൾക്കുവേണ്ടി, സ്ത്രീപക്ഷവാദികൾക്കുവേണ്ടി 'ഫെമിനിസ്റ്റ് പ്രസ്ഥാനം' ഇന്നും ലോകത്തിനു മുമ്പിൽ ഉയർന്നു നിൽക്കുന്നുണ്ടെങ്കിലും ചില ഫെമിനിസ്റ്റ് ചിന്താഗതികൾ സ്ത്രീ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകേണ്ട സമയം അവയെ വാക്കുകളാൽ തുടച്ചുനീക്കുകയാണ്. അതിനു ഉത്തമ ഉദാഹരണമാണ് കുഞ്ഞുങ്ങൾക്ക് മുലപ്പാൽ കൊടുത്താൽ അത് സ്ത്രീ സൗന്ദര്യത്തിനു മങ്ങലേൽപ്പിക്കുമെന്ന വാദഗതി ഒരു സ്ത്രീയുടെ മാതൃത്വത്തെ, കുഞ്ഞുമായുള്ള ആത്മബന്ധത്തെ ചോദ്യം ചെയ്യുമ്പോഴും അവർ കുഞ്ഞുങ്ങൾക്കായി തിരഞ്ഞെടുക്കുന്നത് ചെയ്യുന്നത് ലാക്ടോജൻ പോലുള്ള കൃത്രിമവും രസവും നിറഞ്ഞ പാൽപ്പൊടികളാണ്. സ്ത്രീയുടെ പ്രാധാന്യത്തിനും മൂല്യങ്ങൾക്കും വേണ്ടി വാദിക്കേണ്ട ഒരു കൂട്ടായ്മ സ്ത്രീത്വത്തെ തന്നെ ചോദ്യം ചെയ്യുന്നതും വിരളമല്ല.

സ്ത്രീസുരക്ഷയ്ക്കായി, അവൾക്ക് ആവശ്യമായ പരിഗണന സമൂഹത്തിൽ നിന്നും ചോദിച്ചു വാങ്ങാനായി വാദിക്കുകയും, പ്രവർത്തിക്കുകയും, എഴുതുകയും ചെയ്യുന്ന നിരവധി സ്ത്രീ പ്രഗൽഭർ നമുക്ക് ചുറ്റുമുണ്ട്. മലയാളികളായ കെ.ആർ. മീരയും, വിജയലക്ഷ്മിയും, സമാധാന നോബൽ ജേതാക്കളായ മലാലയും, നാദിയ മുറാദുമെല്ലാം അതിനായുള്ള ഉത്തമ ഉദാഹരണങ്ങളാണ്. എന്നാൽ ഇവരെക്കാളുപരി സ്ത്രീ



സുരക്ഷയ്ക്കായി പോരാടി, അക്രമിക്കപ്പെട്ട സ്ത്രീകൾക്ക് ചികിത്സയും സംരക്ഷണവും നൽകി, വ്യത്യസ്ഥനായ, ലോകം 2018 – ലെ സമാധാനനോബൽ ചാർത്തിയ ആ വീരപുരുഷൻ, 'ഡെന്നിസ് മുക്വേഗ്' എന്ന കോംഗോക്കാരൻ, ഒരുപക്ഷേ സ്ത്രീകൾക്കു പുറമേ സ്ത്രീസുരക്ഷയ്ക്കായി പോരാടാൻ പുരുഷസമൂഹവും രംഗത്തേക്ക് വരുന്നു എന്നതിന് തെളിവായി ഇദ്ദേഹത്തിന്റെ പ്രവർത്തിയെ നമുക്ക് കാണാനാകും.

പേനയും പ്രവർത്തനങ്ങളും ആയുധമാക്കി സ്ത്രീ അതിക്രമങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ നിന്നും വ്യത്യസ്ഥമായി മറ്റൊരു പോരാട്ടത്തിനായി ലോകം തയ്യാറെടുക്കുകയാണ്. അത് മറ്റൊന്നുമല്ല, ലോകജനത ഏറ്റവും കൂടുതലായി ചർച്ച ചെയ്യപ്പെടുന്നതും ഒരുപക്ഷേ ചർച്ച ചെയ്യപ്പെടേണ്ടതുമായ മീ- റ്റു ക്യാമ്പയിൻ. സ്ത്രീക്ക് അർഹമായ പ്രാധാന്യവും, പരിഗണനയും സമൂഹത്തിൽ നിന്നും പിടിച്ചുപറ്റാൻ സൈബർ യുഗത്തിൽ ആയുധമാക്കി പോരാടുന്ന ഈ മുന്നേറ്റത്തിന് സാധിക്കുമെന്ന് ലോക വക്താക്കൾ വാദിക്കുന്നു.

ഹോളിവുഡ് ചലച്ചിത്ര നിർമാതാവായ ഹാർവി വെയ്ൻസ്റ്റീനെതിരായ ലൈംഗിക ആരോപണങ്ങളുടെ പശ്ചാത്തലത്തിലാണ് 'മീ–റ്റു'വിന്റെ തുടക്കം. ഏതു രാജ്യത്താകട്ടെ, ഏത് പ്രായത്തിലാകട്ടെ സ്ത്രീകൾ എത്രത്തോളം ലൈംഗികാതിക്രമങ്ങൾക്ക് വിധേയമാകുന്നുണ്ട് എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുക എന്ന ഒരു വൻ ലക്ഷ്യമാണ്, ഈ ക്യാമ്പയ്ൻ  പിന്നിലുള്ളത്. സ്ത്രീകൾക്കെതിരായ അതിക്രമം എന്നത് അനുവാദത്തോടെ അല്ലാത്ത ഒരു സ്പർശം പോലുമാണ് എന്നത് ഈ മുന്നേറ്റം നമുക്ക് മുമ്പിൽ വെളിപ്പെടുത്തുന്നു. പ്രശസ്ത നടി അലിസമിനോയുടെ ട്വീറ്റാണ് എല്ലാത്തിനും തുടക്കമിട്ടത്. 'ലൈംഗിക പീഢനത്തിന് ഇരയാവുകയോ ഉപദ്രവിക്കുകയോ ചെയ്ത എല്ലാ സ്ത്രീകളും 'മീ–റ്റു' എന്ന് സ്റ്റാറ്റസ് ഇട്ടാൽ വിഷയത്തിന്റെ ആഴം കൂടുതൽ ബോധ്യപ്പെടും'. എന്നതായിരുന്നു മിലാനോയുടെ കുറിപ്പ്. ഇത് അധികം വൈകാതെ മറ്റു സമൂഹമാധ്യമങ്ങളും ലോകമെമ്പാടുമായി ഏറ്റെടുക്കുകയായിരുന്നു. ഈ പോരാട്ടത്തിലൂടെ പ്രഗൽഭരും വൻ ജനപ്രീതി നേടിയവരുടെയും യഥാർത്ഥ മുഖം മൂടി അഴിഞ്ഞുവീണു, ഇതുമൂലം ഹോളിവുഡ് താരങ്ങൾ മാത്രമല്ല മലയാളികൾ പോലും തുറന്നു പറയാൻ ഭയപ്പെട്ടിരുന്ന, മറ്റുള്ളവർ എന്ത് വിചാരിക്കും, എന്നു കരുതി മൂടി വെച്ച പലകാര്യങ്ങളും പുറത്തേക്കൊഴുകി.

ഇതുവരെയുള്ള ചരിത്രം നോക്കിയാൽ, ചൂഷണത്തിനിരയായ പെണ്ണിന് പേരോ, മുഖമോ, അടയാളങ്ങളോ ഇല്ലായിരുന്നു. ഇരയാക്കപ്പെട്ട പെണ്ണിന്റെ മുഖം ഇല്ലാതാവുകയും അക്രമിച്ച പുരുഷൻ നിവർന്നു നടക്കുകയും ചെയ്യുന്ന വിരോധാഭാസമായിരുന്നു.. അതിനെതിരായ ഒരു തിരുത്തൽ പ്രക്രിയയാണ് സോഷ്യൽ മീഡിയകൾ ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ഇത് തുറന്നു പറച്ചിലുകളുടെ കാലമാണ്.

നോട്ടം  കൊണ്ടും, വാക്കു കൊണ്ടും,

ഇതുവരെയുള്ള ചരിത്രം
നോക്കിയാൽ, ചൂഷണത്തി
നിരയായ പെണ്ണിന് പേരോ,
മുഖമോ, അടയാളങ്ങളോ
ഇല്ലായിരുന്നു.
ഇരയാക്കപ്പെട്ട പെണ്ണിന്റെ മുഖം
ഇല്ലാതാവുകയും അക്രമിച്ച
പുരുഷൻ നിവർന്നു
നടക്കുകയും ചെയ്യുന്ന
വിരോധാഭാസമായിരുന്നു ..
അതിനെതിരായ ഒരു തിരു
ത്തൽ പ്രക്രിയയാണ്
സോഷ്യൽ മീഡിയകൾ
ഇന്ന് സാക്ഷ്യം
വഹിച്ചുകൊണ്ടിരിക്കുന്നത്.

**നമ്മുടെ പെൺകുട്ടികൾക്ക് അവരുടെ മനസ്സിലേക്കും ശരീരത്തിലേക്കും അനാവശ്യമായ കടന്നുകയറ്റങ്ങൾ ഇല്ലാതെ പുറത്തിറങ്ങാൻ പറ്റുന്നില്ല എന്നത് നമ്മുടെ നാടിന് എത്രത്തോളം അപമാനമാണെന്ന് നാം തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.**

ശരീരം കൊണ്ടും ആക്രമിക്കപ്പെടുന്ന പെണ്ണ് അത്തരം തുറന്നുപറച്ചിലുകൾ ഭയപ്പെട്ടിരുന്നത് ഇന്ന് വെറും പഴയ കഥയായി മാറിയിരിക്കുന്നു.

ഹോളിവുഡിലെ 'മീ-റ്റു' പോരാട്ടത്തെപ്പോലെ മലയാള സിനിമാ ലോകവും മറ്റൊരു തുറന്നുപ്പറച്ചിൽ പോരാട്ടത്തിന് തിരികൊളുത്തിയിരുന്നു. മലയാള സിനിമയിലെ അഭിനേതാക്കളുടെ സംഘടനയായ 'അമ്മ'ക്കെതിരെ സിനിമയിലെ വനിതാ കൂട്ടായ്മയായ ഡബ്ല്യു. സി. സി. (women in cinema collective) യുടെ രൂക്ഷമായ തുറന്നടിക്കൽ പോരാട്ടം ഇന്ന് സമൂഹമാധ്യമങ്ങൾ വളരെ കാര്യഗൗരവത്തോടെ മുഖവിലക്കെടുത്ത വിഷയമാണ്. മലയാള നടിയെ തട്ടിക്കൊണ്ടുപോയി ആക്രമിച്ച കേസിലെ പ്രതിയായ നടനെ സംരക്ഷിക്കുകയും ഇരയായ അംഗത്തിന്റെ പരാതിക്കു നേരെ കണ്ണടക്കുകയും ചെയ്യുന്ന 'അമ്മ' നേതൃത്വത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടുവെന്നും, ഇത് തെറ്റായ ദിശയിലേക്ക് സംഘടനയെ നയിക്കുമെന്നും തീരാ വേദനയോടെയാണ് മലയാളികൾക്ക് മുമ്പിൽ പങ്കുവെക്കപ്പെട്ടത്.

'മീ-റ്റു' മുന്നേറ്റത്തിലെ വെളിപ്പെടുത്തലുകൾ പോലുള്ള നിരവധി സംഭവങ്ങൾ മലയാള സിനിമാ മേഖലയിലുമുണ്ടെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്. ഒരുപക്ഷേ, നടിമാരുടെ ഇത്തരം തുറന്നുപറച്ചിലുകൾ യാഥാർത്ഥ്യങ്ങളെ തീർച്ചയായും പുറത്തുകൊണ്ടുവരാനുതകുന്നവയാണ്. 'മീ-റ്റു' വെളിപ്പെടുത്തലുകളെ തുടർന്ന് ബോളിവുഡിൽ സിനിമാ സംഘടനകൾ ശക്തമായ നിലപാട് സ്വീകരിക്കുന്നു. പ്രമുഖ നടൻമാരും സിനിമാ പ്രവർത്തകരും ആരോപണ വിധേയർക്കൊപ്പം പ്രവർത്തിക്കാൻ വിസമ്മതം അറിയിക്കുന്നു. എന്നാൽ കേരളത്തിൽ മാനഭംഗ കേസ് പ്രതിയായ നടനെ നായകനാക്കി 'ഫെഫ്ക്ക' ജനറൽ സെക്രട്ടറി തന്നെ സിനിമ എടുക്കുകയാണ്.

സ്ത്രീകൾക്ക് തുല്യതയും, പരിഗണനയും, നീതിയും നടപ്പാക്കേണ്ട അധികാരികളും അധികാര കേന്ദ്രങ്ങളും അവളുടെ നീതിക്കാവശ്യമായ നിയമോപദേശങ്ങളും, അഭിപ്രായങ്ങളും തള്ളിക്കളയുമ്പോൾ സ്ത്രീക്ക് ഇന്നും സമൂഹം കൽപ്പിക്കുന്ന പ്രാധാന്യവും പരിഗണനയും നമ്മുടെ ചിന്താമണ്ഡലങ്ങൾക്കപ്പുറമാണ്. അക്രമിക്കപ്പെട്ട സ്ത്രീകൾ, ചൂടുവെള്ളത്തിൽ വീണ പൂച്ചയായി സാമ്യപ്പെടുത്തി അപമാനിക്കപ്പെടുന്നു. എന്തോ, ഇപ്പോഴും പെണ്ണിനെ ഒരു മൃഗമായി കാണുന്നവർ ഇന്നും നമുക്ക് ചുറ്റുമുണ്ട്.

ബസ്സിൽ വെച്ചും ജോലിസ്ഥലത്തും പൊതുനിരത്തിൽ നിന്നും ആൾക്കൂട്ടത്തിനിടയിലും അല്ലാതെയും സ്ത്രീ ശരീരത്തിലേക്ക് അപ്രതീക്ഷമായ കൈകടത്തലുകൾ ഇന്നും ഒരു പതിവ് പ്രക്രിയയാണ്. ലോകം ഇത്രയേറെ പുരോഗതിയാർജിച്ചിട്ടും ഇന്നും സ്ത്രീക്ക് പൂർണ സുരക്ഷയോടെ സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലാനാകുന്നില്ല. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നൂറു ശതമാനം സാക്ഷരതയുള്ള ഒരു സംസ്ഥാനത്ത് നമ്മുടെ പെൺകുട്ടികൾക്ക് അവരുടെ മനസ്സിലേക്കും ശരീരത്തിലേക്കും അനാവശ്യമായ കടന്നുകയറ്റങ്ങൾ ഇല്ലാതെ പുറത്തിറങ്ങാൻ പറ്റുന്നില്ല എന്നത് നമ്മുടെ നാടിനെ എത്രത്തോളം അപമാനമാണെന്ന് നാം തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

തീർച്ചയായും ഒരു നല്ല മാറ്റത്തിനായി നാം ഓരോരുത്തരും ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. അതിനായി അധികാരികളും അധികാര കേന്ദ്രവും സമൂഹവും ഒരുമിച്ച് കൈകോർക്കണം. ഒരു പെണ്ണിന്റെ വേദനയറിയാൻ ഒരു പെണ്ണായി ജനിക്കണമെന്നില്ല. മറിച്ച് താൻ ഒരു പെണ്ണിൽ നിന്നാണ് ജന്മം കൊണ്ടതെന്ന യാഥാർത്ഥ്യം മാത്രം മനസ്സിലാക്കിയാൽ മതി.

അതിനാൽ നമുക്ക് മുന്നിട്ടിറങ്ങാം, പ്രയത്നിക്കാം നല്ലൊരു നാളെക്കായ്... നമ്മുടെ അമ്മമാർക്കും, പെങ്ങന്മാർക്കും, പെൺമക്കൾക്കും സമാധാനവും സുരക്ഷിതത്വവും സമ്മാനിക്കുന്ന ഒരു നല്ല സമൂഹവും ചിന്താഗതിയും പടുത്തുയർത്താനായ്...



# പിന്നാമ്പുറം

സുബഹി ബാങ്കിന്റ ധ്വനികൾ  പ്രഭാതഭേരിയെ
അല്പം മുമ്പ് കീറിമുറിച്ചിട്ടുണ്ടായിരുന്നുള്ളൂ ..
ചിമ്മിനിക്കുള്ളിലൂടെ ഓലമടൽ പുക
ഉയർന്നുവരുന്നുണ്ട്.
അടുക്കളയിൽ വിപ്ലവത്തിന്റെ  കൊടി ഉയർന്നിരിക്കുന്നു,
രാത്രിയിലെ പാത്രങ്ങൾ ടാപ്പിന് മുന്നിൽ
നീണ്ട ക്യൂവിലാണ്

ഇതിനിടക്കാണ് അടുപ്പത്തെ ചൂടുവെള്ളം
ചായപ്പൊടിക്ക് വേണ്ടി കലഹം കൂട്ടിയത് .
മുഖം കരിപുരണ്ട ഉമ്മ വട്ടമിട്ട് പറക്കുകയാണിവിടം
ഇതുകണ്ടു മുറ്റത്ത് തറയോട് ചാരി നിൽക്കുന്ന
കുറ്റിച്ചൂൽ ഒടുക്കത്തെ ചിരി.
വിശപ്പ് കൊണ്ടാവാം കോഴിക്കൂട്ടിലും
ബഹളം തന്നെയാണ്
ചില മിന്നലാക്രമണങ്ങൾക്കു ശേഷം
സ്ഥിതി ഏറെക്കുറെ ശാന്തമായി..
വട്ടമേശക്കു ചുറ്റും ഉപ്പു കുറഞ്ഞുപോയതിന്റ
ഉച്ചകോടിയായിരുന്നു പിന്നെ..
ഒപ്പം ടിഫിൻ ബോക്സിനുള്ളിലെ പരാതികളും.

ഇതിലൊന്നും ഉമ്മാക്ക്  പരിഭവങ്ങളില്ല
ഉണ്ടായിട്ടെന്തു കാര്യം ??

വിപ്ലവം ഉച്ചക്കും രാത്രിയുമെല്ലാം തുടരേണ്ടതുണ്ട്.
പിന്നെ നാളെയും.. നീളെയും.
പ്രതിഫലമായി തിരിച്ചു പുഞ്ചിരിയെങ്കിലും
നൽകേണ്ടതായിരുന്നില്ലേ..
ഒരുമാത്രയെങ്കിലും

**മുഹമ്മദ് ഷിബിൽ സി.**
എം.എ. ഹിസ്റ്ററി, ഒന്നാം വർഷം



# കത്തിയമരുന്ന സ്ത്രീത്വം

**എല്ലാ കടമകളും നിർവഹിക്കുക എന്നതുപോലെ തന്നെ എല്ലാ അവകാശങ്ങളും നേടിയെടുക്കുക എന്നതും ഒരു പൗരനെന്ന നിലയിൽ അത്യന്താപേക്ഷിതമാണ്. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ, ' അവൾ അവളുടെ കടമ നിർവഹിക്കട്ടെ, അവൾക്ക് പ്രത്യേകിച്ച് അവകാശമൊന്നുമില്ല' എന്ന വാദമാണ് പലപ്പോഴും സ്വീകരിക്കുന്നത്.**

**തസ്നീം**
ബി.എസ്സി. ബയോടെക്നോളജി, രണ്ടാം വർഷം

സ്ത്രീ സമത്വവും തുല്യ നീതിയും വാതോരാതെ സംസാരിക്കുന്നവരോട് ഒരു ചോദ്യം, എവിടെ സ്ത്രീക്ക് തുല്യത? നമ്മുടെ കേരളം സമ്പൂർണ സാക്ഷരതയും, സർവോപരി ജാതി, മത, വർഗ്ഗ, വർണ്ണ, ലിംഗ വിവേചനംഇല്ലാത്തവരുമാണെന്നിരിക്കെ സ്ത്രീത്വത്തെ ഏറ്റവുമധികം ചവിട്ടിമെതിയ്ക്കപ്പെടുന്നതും നമ്മുടെ കൊച്ചു കേരളത്തിലാണെന്നത് വൈരുദ്ധ്യമാണ്, പരമ്പരാഗതമായി കൈമാറിവരുന്ന സംസ്കാരത്തിന്റെ വ്യതി ചലനമാണ് ഇന്നും സ്ത്രീ അനുഭവിച്ചുപോരുന്ന അസമത്വം.

സ്ത്രീ ആരാണെന്ന ചോദ്യത്തിന് നാം ഒരു മടിയും കൂടാതെ ഉത്തരമെഴുതുന്നു; അവൾ അമ്മയാണ്, സഹോദരിയാണ്, ദേവിയാണ്, ലക്ഷ്മിയാണ് എന്നൊക്കെ കാര്യം ശരി തന്നെ, അവൾ അമ്മയും, ദേവിയും, ലക്ഷ്മിയും, എല്ലാംതന്നെ, പക്ഷേ അത് അവളുടെ ഉത്തരവാദിത്വത്തിൽ മാത്രമായി ഒതുങ്ങുന്നു. നമ്മുടെ ജനാധിപത്യ ഭരണ വ്യവസ്ഥയനുസരിച്ച് ഒരു മനുഷ്യന് മൗലിക അവകാശങ്ങളും മൗലിക കടമകളുമുണ്ട്. അവയെ ഒരു നാണയത്തിന്റെ ഇരു വശമായി കണക്കാക്കാവുന്നതാണ്. എല്ലാ കടമകളും നിർവഹിക്കുക എന്നതുപോലെ തന്നെ എല്ലാ അവകാശങ്ങളും നേടിയെടുക്കുക എന്നതും ഒരു പൗരനെന്ന നിലയിൽ അത്യന്താപേക്ഷിതമാണ്. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ, 'അവൾ അവളുടെ കടമ നിർവഹിക്കട്ടെ, അവൾക്ക് പ്രത്യേകിച്ച് അവകാശമൊന്നുമില്ല' എന്ന വാദമാണ് പലപ്പോഴും സ്വീകരിക്കുന്നത്.

ജിഷയും, സൗമ്യയും, ആസിഫയുമൊക്കെ നമ്മുടെ സഹോദരിമാരാണ്. അവർ അനുഭവിച്ച ക്രൂരതകൾക്ക് നമ്മൾ സാക്ഷിയായവരാണ്. ഒരു കൂട്ടം ജനത മുദ്രാവാക്യം വിളിക്കാനും പോസ്റ്ററൊട്ടിക്കാനും പ്രതിഷേധ റാലി നടത്താനും മുതിർന്നത് മാത്രം മിച്ചം. അതോടുകൂടി അവസാനിച്ചു അവർക്ക് ലഭിക്കേണ്ട നീതിയും, ന്യായവും. ഇതാണ് നമ്മൾ നാഴികയ്ക്ക് നാൽപ്പതു വട്ടവും പറയുന്ന സ്ത്രീ സമത്വം. നിർഭയ കേസ് നമ്മൾ കണ്ടതാണ്, ഇരയോടൊപ്പം നിൽക്കാതെ എന്തിനവൾ പാതിരാത്രിയിറങ്ങി നടക്കുന്നു, അതും ഒരു ആൺസുഹൃത്തിനൊപ്പം എന്ന് ചോദിച്ചവരാണ് നമ്മുടെ സമൂഹം. ഇതാണ് നമ്മുടെ സ്ത്രീ സമത്വം.



# ഞങ്ങൾ ചേരിയിലെ മക്കൾ

ലോകമെങ്ങും ശാസ്ത്രസാങ്കേതിക കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് നഗരങ്ങൾ ഗ്രാമങ്ങളെ ഒന്നൊന്നായി വിഴുങ്ങുകയാണ്. എല്ലാവരുടെയും കണ്ണുകളിൽ പല രൂപത്തിൽ അലങ്കരിക്കപ്പെട്ട നഗരങ്ങൾ മാത്രമേ ആകർഷിക്കപ്പെടുകയുള്ളൂ. ആർഭാടങ്ങളിൽ നിറഞ്ഞിരിക്കുമ്പോൾ നഗരത്തിന്റെ പിന്നാമ്പുറത്ത് ഞങ്ങളെപ്പോലെയുള്ളവർ നരകിച്ചു ജീവിക്കുന്നുണ്ടെന്ന് നിങ്ങൾ ഓർക്കുക പോലുമില്ല... . സംസ്കാരം ഇല്ലാത്തവർ എന്ന് വേണമെങ്കിൽ നിങ്ങളുടെ ഭാഷയിൽ പറയാം! ജീവിതമെന്തെന്നു പഠിച്ചതും അതുപോലെ ജീവിതത്തിന്റെ ഏറ്റവും പ്രയാസകരമായ ഘട്ടങ്ങളിലൂടെ ജീവിച്ചു കൊണ്ടിരിക്കുന്നവരാണ് ഞങ്ങൾ! മനുഷ്യർ ഇങ്ങനെയും ജീവിക്കുമോ? എന്നൊരു ചിന്ത നിങ്ങളിൽ തോന്നിപ്പോകും. പലരും ഞങ്ങളെ അറപ്പോടെയും വെറുപ്പോടെയും നോക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഇനിയും ഞങ്ങൾ ആരാണെന്ന് മനസ്സിലായിട്ടില്ലെങ്കിൽ ഒറ്റവാക്യത്തിൽ പറയാം... ചേരിയിലെ മക്കളാണ് ഞങ്ങൾ!!

കേരളത്തിന്റെ നാലാമത്തെ നഗരവും മലബാറിലെ നഗരങ്ങളിൽ ഏറെ പ്രാധാന്യമുള്ള കോഴിക്കോടിന്റെ ഹൃദയഭാഗത്തു നിന്ന് അൽപ്പം മാറി സ്ഥിതി ചെയ്യുന്ന 'പുതിയറ'എന്ന സ്ഥലത്താണ് ഞാൻ താമസിക്കുന്നത്. രണ്ട് ഏക്കറോളം വരുന്ന ഈ സ്ഥലം കോഴിക്കോട് കോപ്പറേഷന്റെ കീഴിലാണ്. ഈ വലിയ ചെറിയ സ്ഥലത്ത് എന്റെ കുടുംബം ഉൾപ്പെടെ ഏകദേശം മുന്നൂറിൽ കൂടുതൽ കുടുംബങ്ങൾ കൂരവെച്ചുകെട്ടി താമസിക്കുന്നുണ്ട് ! ഏകദേശം ആയിരത്തിന് മീതേ വരും ജനസംഖ്യ. ഇവിടത്തെ ചരിത്രം

**ലിയ ടി.കെ.**
ബി.എസ് സി, ബയോ ടെക്നോളജി, ഒന്നാം വർഷം

എന്തെന്നുവെച്ചാൽ... 45 വർഷം മുമ്പ് മാലിന്യങ്ങളും മലമൂത്ര വിസർജ്ജനങ്ങളും തള്ളിക്കളഞ്ഞിരുന്ന സ്ഥലമായിരുന്നു പുതിയറ. 40 വർഷം മുമ്പ് ഒരാൾ ഇവിടെ നിവൃത്തിയില്ലാതെ പാർക്കാൻ ഒരിടം എന്ന് മനസ്സിൽ കണ്ടു കൊണ്ട് ഒരു കുടിൽ കെട്ടി താമസം തുടങ്ങി. ആ വ്യക്തി ആരാണെന്ന് ഞങ്ങൾക്കാർക്കും അറിയില്ല !

നിങ്ങളിൽ പലരും നിങ്ങൾക്ക് ലഭിച്ച സൗകര്യങ്ങൾക്കപ്പുറം വേണമെന്ന് ആഗ്രഹിക്കുമ്പോൾ ഞങ്ങൾ കഴിയുന്നിടത്തെ കുറിച്ച് നിങ്ങൾ അറിയുക തന്നെ വേണം. ഏതുനിമിഷവും തകർന്നുപോകാൻ സാധ്യതയുള്ള ഷീറ്റുകൾ കൊണ്ട് കെട്ടിയ മേൽക്കൂരകൾ... ഓരോ കൂരയിലും അടുക്കള ഉൾപ്പെടെ... ഒന്നോ രണ്ടോ റൂമുകൾ... ഏഴംഗത്തോളം വരും, ഓരോ കൂരകളിലും... ഒരാൾക്കു നടന്നുപോകാനാവുന്നത്രയാണ്ഓരോകൂരകൾ തമ്മിലുള്ളത്. ഇവിടത്തെ വൃത്തിയുടെ കാര്യം വളരെയധികം പരിതാപകരമാണ്. അഴുക്കുകൾ മൂലം എല്ലായിടങ്ങളിലും ദുർഗന്ധം പരക്കുകയാണ്. അടുത്തടുത്ത കൂരകളുടെ മുൻ ഭാഗത്തേക്കാണ് മാലിന്യങ്ങൾ പുറം തള്ളുന്നത്.

**40 വർഷം മുമ്പ് ഒരാൾ ഇവിടെ നിവൃത്തിയില്ലാതെ പാർക്കാൻ ഒരു ഇടം എന്ന് മനസ്സിൽ കണ്ടുകൊണ്ട് ഒരു കുടിൽ കെട്ടി താമസം തുടങ്ങി. ആ വ്യക്തി ആരാണെന്ന് ഞങ്ങൾക്കാർക്കും അറിയില്ല !**

ഇവ കാരണം കൊതുകിന്റെയും ഈച്ചയുടെയും ശല്യം കൂടിവരുന്നു. ഇതിനൊക്കെ ഉപരിയായി ഇവ മൂലം പല അസുഖങ്ങൾ ഞങ്ങൾക്ക് പിടിപെടുന്നു. ഇടക്കൊക്കെ ബീച്ച് ആശുപത്രിയിൽ നിന്നും ചില ഡോക്ടർമാർ ചികിത്സിക്കാൻ വേണ്ടി വരാറുണ്ട്. അത് ഞങ്ങൾക്ക് വലിയൊരു ആശ്വാസമാണ്. ഞങ്ങളുടെ ചേരിയുടെ അടുത്ത് ഒരു ചെറിയ പുഴയുണ്ട്, ആ പുഴ കണ്ടാൽ തന്നെ മനസ്സിലാക്കാൻ സാധിക്കും മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണെന്ന്! നിങ്ങൾ ഉപേക്ഷിക്കുന്ന മാലിന്യങ്ങളും തൊട്ടടുത്തുള്ള ആശുപത്രിയുടെ മാലിന്യങ്ങളുമൊക്കെ ഇവിടെയാണ് തങ്ങിനിൽക്കുന്നത്. ഞങ്ങൾക്ക് അതൊന്നും പുറംതള്ളാൻ ഒരു മാർഗ്ഗവുമില്ല ! ഇതെല്ലാം ഓടയിൽ കെട്ടിനിന്ന് ഞങ്ങളുടെ ജീവിതത്തിന് തടസ്സമാവും വിധംദുർഗന്ധംപരത്തും.നല്ലവായുശ്വസിച്ച കാലം മറന്നു ! ഇതിനപ്പുറമാണ് ഞങ്ങളുടെ ജീവിതം! വെള്ളം എന്തുമാത്രം മൂല്യമുള്ളതാണെന്ന് ഞങ്ങൾക്കറിയാം. കാരണം, രണ്ട് ദിവസങ്ങൾ കൂടുമ്പോൾ കോർപ്പറേഷനുകളിൽ നിന്നുള്ള വെള്ളം ഞങ്ങളുടെ ടാപ്പുകളിൽ ലഭിക്കും. ആ വെള്ളം തന്നെയാണ് കുടിവെള്ളത്തിനും മറ്റു പല ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്.

സാധാരണകുടുംബത്തിൽപെട്ടകുട്ടികളെ കാണുമ്പോൾ ഒരു നിമിഷമൊന്ന് മതി മറന്നുപോവും. എങ്ങനെയാണ് നിങ്ങളെപ്പോലെയുള്ളവരുടെ ജീവിതമെന്നറിയാൻ എപ്പോഴും ആഗ്രഹം ഞങ്ങളുടെ ഉള്ളിലുണ്ടാകും. ഓരോ അധ്യയനവർഷം കുട്ടികളൊക്കെ പുത്തൻ യൂണിഫോമുകളും ബാഗുകളും മറ്റും കൊണ്ട് വരുമ്പോൾ നോക്കി നിൽക്കാനേ ഞങ്ങൾക്ക് സാധിക്കൂ. ആഗ്രഹിക്കാനേ വിധിയുള്ളുവെന്നറിയാം. എനിക്ക് പഠിക്കാനൊരുപാട് ഇഷ്ടമാണ്. പഠിച്ചുയരങ്ങളിലേക്ക് എത്തണമെന്നും മോഹമൊക്കെയുണ്ട്. പക്ഷേ, പ്രാഥമിക വിദ്യാഭ്യാസം മാത്രമേ നടക്കൂ. അതിനപ്പുറം ലഭിക്കുമോ എന്നത് ഒരു ചോദ്യ ചിഹ്നമാണ് !. കാരണം, കുടുംബം പുലർത്താൻ വേണ്ടി ചെറുപ്രായത്തിൽ തന്നെ ജോലി ചെയ്യുന്നവരാണ്. മറിച്ചാണെങ്കിൽ ഞങ്ങൾ ഒരു ഭാരമായിത്തീരം.

വികസിച്ച ഇടങ്ങൾ വീണ്ടും വികസിപ്പിക്കുമ്പോൾ ഞങ്ങളെപ്പോലെയുള്ള സാധുക്കളെ മറന്നു പോവുകയാണോ? അതോ കണ്ടില്ലെന്നു നടിക്കുകയാണോ? ഇലക്ഷന്റെ പ്രചാരണ നാളുകൾ ഒരുപാട് വാഗ്ദാനങ്ങളുമായി രാഷ്ട്രീയക്കാർ രംഗത്തിറങ്ങും. നല്ലൊരു ശൗചാലയം അതുപോലെ പല സൗകര്യങ്ങളും നൽകാമെന്ന് വാഗ്ദാനം ചെയ്യും. അവരുടെ വാക്കുകളിൽ അലിഞ്ഞ് ഒരു നിമിഷം നിങ്ങളെപ്പോലെയുള്ളവരുടെ ജീവിതം സ്വപ്നം കാണും. ഇതുവരെ അവരാരും ഈ വാക്കുകളൊന്നും നിറവേറ്റിയിട്ടില്ല. ഇവിടെയും ഞങ്ങൾക്ക് ആശിക്കാൻ മാത്രമേ വിധിയൊള്ളൂ. ഗവൺമെന്റിന്റെ പക്കൽ നിന്നും വേണ്ടത്ര സഹായങ്ങളൊന്നും ഞങ്ങൾക്ക് ലഭിക്കുന്നില്ല. എന്നാലും ഞങ്ങൾക്ക് ലഭിക്കുന്ന ചെറിയ ആനുകൂല്യങ്ങൾ കൊണ്ട് ഞങ്ങൾ തൃപ്തിപ്പെടുന്നു.

ഒരു കാര്യത്തിന് ഞങ്ങൾ നിങ്ങളെക്കാളും മുൻപന്തിയിലാണ്. ഞങ്ങൾക്കിടയിൽ ഐക്യമുണ്ട്. കഷ്ടപ്പാടുകൾ മാത്രമാണെങ്കിലും ഞങ്ങൾ അതിൽ സന്തുഷ്ടരാണ്. പരസ്പരം സഹകരണത്തോടെയാണ് ഞങ്ങൾ ജീവിക്കുന്നത്. നിങ്ങളെപ്പോലെ സ്വാർത്ഥത കാണിക്കുകയോ തല്ലി പിരിയുകയോ ഞങ്ങൾ ചെയ്യാറില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് കുതിക്കുന്ന ഈ കാലത്ത് കുതിക്കുക തന്നെ ഞങ്ങൾ ചെയ്യും !

# 4 കണ്ണുകൾ

കോർട്ടേഴ്സിന്റെ അടുത്ത് തന്നെയാണ് ചർച്ച്. വീട്ടിൽ നിന്നും നോക്കിയാൽ സെന്റ് ജോസഫ് പള്ളിയുടെ ഉയർന്നു നിൽക്കുന്ന കുരിശു മാത്രം കാണാം. ഭർത്താവും മകനും കൈകൾ പിടിച്ച് പള്ളിയിലേക്കിറങ്ങി. ശാരദയുടെ ഉള്ളൊന്ന് ഇടറി. ചർച്ചിലേക്ക് കുറുക്കുവഴിയുണ്ട്, പക്ഷേ, പെട്ടന്നെത്താൻ റോഡാണ് നല്ലത്. എന്നാൽ, വലിയ വാഹനങ്ങൾ പോകുന്ന റോഡാണ്. ശ്രദ്ധിച്ചില്ലെങ്കിൽ...

ഇത് നല്ല സുഖമുള്ള ഏർപ്പാടാണല്ലോ... മേലനങ്ങാതെ... തുടങ്ങിയ പരിഹാസങ്ങൾ ഭയന്നാണ് ശാരദ ഭർത്താവിനെയും മകനെയും യാചിക്കാൻ വിടാതിരുന്നത്. ബുദ്ധിമുട്ടിന്റെ സമയത്തും പിടിച്ചു നിൽക്കണമല്ലോ എന്ന ചിന്ത മാത്രമാണ് അവരെ എന്നിട്ടുമതിന് പ്രേരിപ്പിച്ചത്. പക്ഷേ, ഉച്ച കഴിഞ്ഞ് താനും കൂട്ടിന് പോയ ദിവസങ്ങളിലൊന്നും പ്രതീക്ഷിച്ചത്ര കുത്തുവാക്കുകളൊന്നും കേട്ടില്ല. കാരണം കണ്ണു കാണാത്ത അച്ഛനും മകനും വേറെന്ത് പണിക്ക് പോകാനാണെന്ന് നാട്ടുകാർ ചിന്തിച്ചു കാണണം.

തലേന്ന് തന്നെ വായിലിത്തിരി രുചിക്കാൻ അപ്പുറത്തെ വീട്ടിൽ നിന്നാണ് അരി മേടിച്ചത്. ഇന്നും അങ്ങനെയായാൽ... കൈവിടല്ലേ ദൈവമേ...



വീട്ടിലെ ജോലികളെല്ലാം ധൃതിപ്പെട്ട് തീർത്ത് ശാരദ ഭർത്താവിനും മകനും കൂട്ടിനായി പള്ളിയിലേക്കിറങ്ങി. പാരമ്പര്യേനേ ഹിന്ദുക്കളാണേലും ജീവിക്കാനനുവദിക്കുന്ന ചർച്ചിനോടവർക്ക് ബഹുമാനമായിരുന്നു.

റോഡിലേക്കിറങ്ങിയപ്പോൾ വാഹനങ്ങളൊന്നും കാണാനേയില്ല. ചിലയിടത്ത് വട്ടം കൂടി ചർച്ച ചെയ്യുന്ന ഒറ്റപ്പെട്ട സംഘങ്ങളെ മാത്രം കണ്ടു. കടകളൊന്നും തുറന്നിട്ടുമില്ല. ഉച്ചയോടടുത്തിട്ടും കടകളൊന്നും തുറന്നിട്ടില്ലല്ലോ. എന്തു പറ്റി..? വഴിയിൽ ഒരാളോട് അന്വേഷിച്ചപ്പോൾ ബന്ദ് ആണെന്ന് പറഞ്ഞു. വെട്ടിയതിനു പകരം കുത്തിമലർത്തപ്പെട്ട ഒരു രക്ത സാക്ഷിക്കു വേണ്ടി ആഹ്വാനം ചെയ്യപ്പെട്ട ഒരു രാഷ്ട്രീയപ്പാർട്ടിയുടെ ഹർത്താലാണത്രേ ഇന്ന്.

റോഡിലിറങ്ങുന്ന പല വാഹനങ്ങളെയും പിടിച്ചു നിർത്തി പാർട്ടിക്കാർ തകർത്തും അക്രമിച്ചും തീയിട്ടും ഹർത്താൽ വിജയിപ്പിക്കുന്നുണ്ട്. ദൂരെ നിന്നൊരു ജാഥ വരുന്നുണ്ട്. ചെറുതിൽ നിന്നും വലുതിലേക്കോടുന്ന മുദ്രാവാക്യത്തിന്റെ ശബ്ദം അടുത്തു വരുന്നുണ്ട്.

അപ്പോഴാണ് സ്വബോധം തിരിച്ചെടുത്തത്. ഉള്ളൊന്ന് കാളി. ദൈവമേ... എന്റെ കെട്ട്യേനും കുട്ടിയും..?കയ്യും കാലും വിറക്കാൻ തുടങ്ങി. റോഡ് ഒഴിവാക്കി ശാരദ ചർച്ചിലേക്ക് കുറുക്കുവഴി പിടിച്ചു. തന്റെ മുന്നിലേ ഓടുന്ന മൺപാത അൽഫോൻസ് മാപ്പിളയുടെ തെങ്ങിൻ തോപ്പിനു മുന്നിൽ കിതച്ചു കിതച്ചു നിന്നു. മുന്നിലെ ചെറിയൊരു ഇടവഴിയും കടന്ന് മെയിൻ റോഡിന്റെ സൈഡിലൂടെ ചർച്ചിന്റെ മുന്നിലെത്തി. അവർ പൂർണ്ണമായും തളർന്നിരുന്നു. കിതച്ച്  കിതച്ച് നിലത്തിരുന്നു പോയി.

കിതപ്പിനിടയിലും അവരുടെ കണ്ണുകൾ ഭർത്താവിനെയും മകനെയും പരതി നടന്നു. പള്ളിമുറ്റത്ത് ആളുകൾ കുറവായിരുന്നത് കൊണ്ട് അവരെ പെട്ടന്ന് കണ്ടെത്താൻ കഴിഞ്ഞു. ഓരോ പാത്രങ്ങൾ പിടിച്ച് കവാടത്തിന്റെ വലതു ഭാഗത്ത് ഇരുവരും നിൽക്കുന്നു. ഒന്നും പറ്റിക്കാണില്ല. ദൈവം കാത്തല്ലോ... സ്തുതി... അവർ ഹൃദയം കൊണ്ട് ദൈവത്തിലേക്കിറങ്ങി.

ഇന്ന് കുർബാനക്ക് ധാരാളം പേരുണ്ട്. ഹർത്താലായതു കൊണ്ട് ജോലിക്ക് പോകാ





**ഇത് നല്ല സുഖമുള്ള ഏർപ്പാടാണല്ലോ... മേലനങ്ങാതെ... തുടങ്ങിയ പരിഹാസങ്ങൾ ഭയന്നാണ് ശാരദ ഭർത്താവിനെയും മകനെയും യാചിക്കാൻ വിടാതിരുന്നത്. ബുദ്ധിമുട്ടിന്റെ സമയത്തും പിടിച്ചു നിൽക്കണമല്ലോ എന്ന ചിന്ത മാത്രമാണ് അവരെ എന്നിട്ടുമതിന് പ്രേരിപ്പിച്ചത്.**

ത്തവരെല്ലാം ഉണ്ടായിരിക്കും. ശാരദയെത്തിയപ്പോഴേക്ക് പള്ളി പിരിഞ്ഞിരുന്നു. ഇരുവരുടെയും അടുത്തേക്ക് ചെന്നു. മുമ്പെന്നും കാണുന്ന പോലെ, പള്ളി കഴിഞ്ഞിറങ്ങുന്ന പലരും ഇരുവരുടെയും പാത്രങ്ങളിൽ നാണയങ്ങളിടുന്നു. ചിലർ നോട്ടുകൾ. മറ്റു ചിലർ കണ്ണു കാണാത്തവരുടെ ബുദ്ധിമുട്ടാലോചിച്ച് സങ്കടപ്പെട്ടു. ചിലർ മിണ്ടാതിരുന്നു. വളരെ തുച്ഛം പേർ മാത്രം തിരിഞ്ഞു നോക്കാതെ പോയി.

അന്തരീക്ഷം ശാന്തമായിരുന്നു. ശാരദ ഇരുവരെയും ശ്രദ്ധിച്ചിരുന്നു. ഭർത്താവ് എന്തോ അങ്ങുമിങ്ങും നോക്കുന്നു. ആരെയോ ശ്രദ്ധിക്കുന്നപോലെ അല്ലെങ്കിൽ ആരെങ്കിലും കാണുന്നുണ്ടോ എന്ന പോലെ... പെട്ടെന്ന്, ഭർത്താവ് തന്റെ പാത്രത്തിലെ നാണങ്ങളെടുത്ത് മകന്റെ പാത്രത്തിലേക്കിട്ടു. ശാരദ അത് കണ്ടു. അയാൾ അതാരും കണ്ടില്ലെന്ന് ധരിച്ചിരിക്കണം. ശാരദക്ക് ആശ്ചര്യമായി. പിന്നെയും പിന്നെയും അച്ചൻ മകന്റെ പാത്രത്തിലേക്ക് തനിക്കു കിട്ടിയ ചില്ലറകളും മറ്റും ഇട്ടു കൊണ്ടിരുന്നു. മകന് സന്തോഷമാവട്ടെ എന്നു കരുതിയാവണം.. ഇടുന്നത്. കൃത്യമല്ലാത്തതിനാൽ പലതും നിലത്തേക്ക് വീണുപോയി. ശാരദക്ക് ഒന്നും മനസിലായിട്ടില്ലായിരുന്നു. എന്താ മൂപ്പർ ചെയ്യണത്..? ഇതെന്തു പറ്റി.. എന്തായാലും നിലത്തേക്ക് വീണതെല്ലാം ശാരദ കുനിഞ്ഞെടുത്ത് കയ്യിൽ വെച്ചു. പലരും തന്റെ പാത്രത്തിലേക്ക് സഹായം ചൊരിയുന്നുവെന്ന് മകനെ നന്നായി സന്തോഷിപ്പിച്ചിരിക്കണം. അപ്പോഴാണ് അച്ഛനെ ശ്രദ്ധിച്ചത്. നിശ്ശബ്ദം. തനിക്കു മാത്രം ആളുകൾ സഹായം ചെയ്തുവോ എന്ന് മകനെ സങ്കടപ്പെടുത്തിയോ... അച്ഛനറിയാതെ മകൻ അച്ഛന്റെ പാത്രത്തിലേക്ക് തനിക്കു കിട്ടിയവ ഇടാൻ തുടങ്ങി. അച്ഛൻ പുഞ്ചിരിച്ചത് ശാരദ കണ്ടു. മകൻ കണ്ടില്ല. തന്നെ ആളുകൾ സഹായിക്കുന്നുവല്ലോ... തങ്ങളുടെ പാത്രങ്ങളിലേക്ക് ആളുകൾ സഹായം ചൊരിയുന്നുവെന്ന് ഇരുവരും ഹൃദയത്തിന്റെ ചുണ്ടുകൊണ്ട് പുഞ്ചിരിച്ചിരിക്കണം. ഇരുവരും സന്തോഷിച്ചു. തമ്മിലറിയാതെ...

ശാരദയുടെ കണ്ണുകൾ നിറഞ്ഞു. സമയം ഉച്ചയോടടുത്തപ്പോൾ കിട്ടിയവയെല്ലാം എടുത്ത് വീട്ടിലേക്ക് നടന്നു. സമാധാനമായി. സന്തോഷത്തോടെ ഇന്നിത്തിരി രുചിക്കാമല്ലോ... വയറു തട്ടിക്കാമല്ലോ...

ദൈവം കാത്തു. സ്തുതി.. ഞങ്ങളുടെ ദൈവമല്ല. അവരുടെ ദൈവവുമല്ല. എല്ലാവരുടെയും ദൈവം. ഒരേയൊരു ദൈവം. പലരും പല പേരിട്ടു വിളിക്കുന്ന ദൈവം.

★ ★ ★

കാണികൾ ഓരോരുത്തരും നിർവ്വികാരതയിൽ അലിഞ്ഞില്ലാതായിരുന്നു. പെട്ടന്ന് തിരശ്ശീല താഴ്ന്നു. കാണികൾ അത്ഭുതപ്പെട്ടു. നീണ്ട കയ്യടികളുടെ ആരവമുണ്ടാക്കുമെന്ന് പ്രതീക്ഷിച്ച നിറഞ്ഞ സദസിൽ നിന്നും നീണ്ടു വലിഞ്ഞൊരു മൗനം മാത്രം അവിടെയിവിടെയായി ഒഴുകി നടന്നു. പലരും പരസ്പരം അങ്ങുമിങ്ങും നോക്കി. ചിലർ കണ്ണുകൾ കൊണ്ട് ഉത്തരം ചോദിച്ചു.

വേദിക്കു മുന്നിൽ നിന്നും തെറിച്ചു പോയ നോട്ടങ്ങൾക്കിടയിലേക്ക് വളരെ പെട്ടന്ന് തിരശ്ശീല വീണ്ടും ഉയർന്നു. അവിടെ വെളുത്ത ബാക്ക്ഗ്രൗണ്ടിൽ കറുപ്പ് നിറത്തിൽ ഇങ്ങനെ എഴുതി വെച്ചിരുന്നു: വെളിച്ചം ദുഖമാണുണ്ണീ... തമസ്സല്ലോ സുഖപ്രദം

# കോഴിക്കോട്ടുകാരി
# വിജി
# ലോകത്തെ സ്വാധീനിച്ച
# വനിത

വിജി പെൺകൂട്ട്, ബിബിസിയുടെ 2018 ൽ ലോകത്തെ സ്വാധീനിച്ച നൂറു വനിതകളുടെ പട്ടികയിൽ ഇടം കണ്ടെത്തിയ കോഴിക്കോട്ടുകാരി. വിജി എന്ന സാധാരണക്കാരിൽ സാധാരണക്കാരിയായ ഈ കോഴിക്കോട്കാരിയുടെ നേട്ടം മലയാളക്കരക്ക് തന്നെ അഭിമാനമായി മാറുകയാണ്.

കോഴിക്കോട് മിഠായിത്തെരുവിൽ തയ്യൽ ജോലിയിൽ ഏർപ്പെട്ടാണ് വിജി തന്റെ കുടുംബത്തെയും രണ്ട് മക്കളുടെ വിദ്യാഭ്യാസവുമെല്ലാം നോക്കിയിരുന്നത്. മിഠായിത്തെരുവിലെ കടകളിൽ ജോലി ചെയ്യുന്ന സെയിൽസ് ഗേൾസിന്റ അടിസ്ഥാന ആവശ്യങ്ങൾക്ക് വേണ്ടി ശബ്ദിച്ച സമരത്തിലൂടെയാണ് ബിബിസി വിജി പെൺകൂട്ടിനെ കണ്ടെത്തുന്നത്.

2018 എന്ന വർഷം ആഗോളതലത്തിൽ തന്നെ സ്ത്രീകളെ കൂടുതൽ അടയാളപ്പെടുത്തിയ ഒരു വർഷമാണ്. എല്ലാ വർഷാവസാനവും കർമ്മമണ്ഡലത്തിൽ തന്റെ പ്രവർത്തനങ്ങളിലൂടെ ശോഭിച്ച 100 വനിതകളെ പുറത്തുവിടാറുണ്ട് ബി.ബി.സി. .'പെൺകൂട്ട്' എന്ന സ്ത്രീ സംഘടനയുടെ അമരക്കാരിൽ ഒരാളാണ് ബി.ബി.സി. യുടെ പട്ടികയിൽ എഴുപത്തിമൂന്നാം സ്ഥാനക്കാരിയായ് വിജി.

അസംഘടിത മേഖലയിലെ തൊഴിലാളി യൂണിയന്റെ അമരക്കാരിൽ പ്രധാനിയാണ് വിജിപെൺകൂട്ട്. അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരികയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിപോരാടുകയും ചെയ്യുന്ന സംഘടനയാണ് 'പെൺകൂട്ട്'. 2009 2010 കാലത്താണ് വിജി ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ പെൺക്കൂട്ട് സ്ഥാപിതമായത്.

മിഠായി തെരുവിൽ നിന്നും തുടങ്ങിയ പോരാട്ടമാണ് വിജിയെ ഇവിടം വരെ എത്തിച്ചത്. 2005 മുതൽ മിഠായിത്തെരുവിലെ ഒരു തയ്യൽ കടയിൽ ജോലി ചെയ്തിരുന്ന വിജിയെ സമരം ചെയ്യുന്നതിൽ കൊണ്ടെത്തിച്ചത് സ്വന്തം ജീവിത സാഹചര്യം തന്നെയാണ്.

തന്റെ ചുറ്റിലുമായി കാണുന്ന ഓരോ വ്യക്തികളുടെ പ്രശ്നങ്ങളും വിജി തന്റെ പ്രശ്നങ്ങളിലൊന്നായിത്തന്നെ കാണാൻ ശ്രമിച്ചു. അതുകൊണ്ടുതന്നെ ആർക്കെങ്കിലും വേണ്ടി എന്തെങ്കിലും ചെയ്യുന്നു എന്ന തോന്നൽ അവർക്കുണ്ടായിരുന്നില്ല.

''ബിബിസി പട്ടികയിൽ ഇടം നേടിയതിൽ സന്തോഷമുണ്ട് .പക്ഷേ ഇതൊന്നും പ്രതീക്ഷിച്ചതോ ഇതിനൊന്നും വേണ്ടിയോ ആയിരുന്നില്ല ഇക്കാലമത്രയും നടത്തിയ പോരാട്ടങ്ങൾ. തന്റെ ചുറ്റുപാടുമുള്ള മനുഷ്യരുടെ പ്രശ്നങ്ങളെല്ലാം തന്റെ കൂടി പ്രശ്നങ്ങളായി കാണുന്നു. ജീവിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. നമ്മുടെ നാട്ടിൽ നിയമങ്ങളില്ലാത്ത കുഴപ്പമില്ല. അത് കൃത്യമായി നടപ്പാക്കാത്ത പ്രശ്നമാണ്. ഒരു സമരം നടത്തിക്കഴിഞ്ഞാൽ അത് പിന്നീട് ഒഴിവാക്കിപ്പോകലല്ല. എല്ലാം കൃത്യമായി ഫോളോ അപ്പ് നടത്തേണ്ടത് അനിവാര്യമാണ്.

നമ്മൾ മുന്നോട്ടു വെച്ച ആവശ്യങ്ങളും വാഗ്ദാനങ്ങളും നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. ഈ പോരാട്ടങ്ങളൊന്നും അവസാനിക്കുന്നില്ല. ഇത് തുടർന്നു കൊണ്ടേയിരിക്കുന്നു''

ആർജ്ജവത്തോടെയും ആത്മവിശ്വാസത്തോടെയും വിജി ഉറപ്പിച്ചു പറയുന്നു.

സെൻറർ ഫോർ ഡെവലപ്മെൻറ് [CDS] സെമിനാറിൽ സംസാരിച്ച് തിരുവനന്തപുരത്തു നിന്ന് കോഴിക്കോട് എത്തിയിട്ടേ ഉള്ളൂ ഇദ്ദേഹം. ഇവിടെയും വിജിയുടെ സംസാരവിഷയം തൊഴിലാളികൾ തന്നെയായിരുന്നു .

കുടുംബശ്രീയിലെ 90 ശതമാനം തൊഴിലാളികളും സ്ത്രീകളാണ്. അതുകൊണ്ടുതന്നെ അവരുടെ കണക്കുകൾ കൃത്യ സമയത്തെടുത്ത് അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളെയും തൊഴിലാളികളായിത്തന്നെ അംഗീകരിക്കണം. അവരുടെ ഉന്നമനത്തിന് ആവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. എവിടെ, ഏതെല്ലാം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു എന്നതിന് കൃത്യമായ രേഖ തയ്യാറാക്കണമെന്ന് വ്യക്തമായ ആശയവും വിജി മുന്നോട്ട് വെച്ചു.



കോഴിക്കോട് മുതലക്കുളത്ത് തന്നെ നോക്കിയാൽ എത്രയോ അലക്ക് തൊഴിലാളികളെ കാണാനും നമുക്ക് സാധ്യമാണ്. അവരുടെയൊന്നും ജീവിക്കാനുള്ള അടിസ്ഥാന ആവശ്യങ്ങൾ പോലും നിറവേറ്റപ്പെടുന്നില്ല . എന്ത് സങ്കടകരമായ അവസ്ഥയാണത്? അവരും മനുഷ്യർ തന്നെയല്ലേ എന്ന് വിജി നിയമത്തിനോട് ചോദിച്ചു പോകുകയാണ്.

കോഴിക്കോട് മിഠായിത്തെരുവിൽ സ്ത്രീകൾക്ക് ശൗചാലയങ്ങൾ ഒരുക്കണമെന്നാവശ്യപ്പെട്ട് നടത്തിയ പോരാട്ടത്തിലൂടെയാണ് 'വിജി പെൺകൂട്ട്' ലോകശ്രദ്ധ പിടിച്ചു പറ്റിയത്.

ഇതിന്റെ ഫലമായാണ് കോഴിക്കോട് ഇടോയ്ലെറ്റ് സംവിധാനം നിലവിൽ കൊണ്ടുവന്നത്.

കോഴിക്കോട് കൂപ്പൺ മാൾ പൂട്ടുന്നതിനെതിരെ 2013 ൽ വീണ്ടും വിജിയും കൂട്ടരും രംഗത്തെത്തി. കൂപ്പൺ മാൾ പൂട്ടുന്നതിനെതിരെയായിരുന്നു അവരുടെ പോരാട്ടം. പോരാടി വിജയം കണ്ട ശേഷം മാത്രമേ അവർ പിൻമാറിയുള്ളൂ.

അസംഘടിത മേഖല തൊഴിലാളികളായ സെയിൽസ് ഗേൾസിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള സമരത്തിലൂടെയാണ് ബിബിസി വിജിയെ കണ്ടെത്തുന്നത് .

ജോലി സമയത്ത് ഇരിക്കാനുള്ള അവകാശത്തിനുൾപ്പെടെ വിജി നടത്തിയ പോരാട്ടങ്ങളാണ് ലോകത്തിന് പ്രചോദനമാകുന്ന തരത്തിലുള്ള പ്രവർത്തനമായി ബിബിസി തെരഞ്ഞെടുക്കപ്പെട്ടത്.

ഇവരുടെ സമരത്തിന്റെ അനന്തരഫലമായി അവകാശം നിഷേധിക്കപ്പെട്ട ജീവനക്കാർക്ക് തൊഴിലിടങ്ങളിൽ ഇരിക്കാൻ സൗകര്യം ഏർപ്പെടുത്തുന്ന ഭേദഗതിക്ക് സർക്കാർ അംഗീകാരം നൽകി. ഷോപ്പ്സ് എസ്റ്റാബ്ലിഷ്മെന്റെ ആക്റ്റിലാണ് സർക്കാർ ഭേദഗതി വരുത്തിയത് .

വിജി ഉൾപ്പെടെ ഇന്ത്യയിൽ നിന്ന് ഇന്ന് മൂന്ന് പെൺ താരങ്ങളെയാണ് 2018 ൽ ബിബിസി തെരഞ്ഞെടുത്തത്.

മിഠായിത്തെരുവിലെ തയ്യൽ കടയിൽ നിന്ന് ആരംഭിച്ച യാത്രയാണ് എത്രയോ ജീവനക്കാരുടെ കണ്ണീരൊപ്പിയും അവരുടെ മനസ്സിൽ കയറിക്കൂടിയും വിജി പെൺക്കൂട്ട് ഇന്ന് ലോകത്തിന്റെ നെറുകയിൽ ശോഭിച്ച് നിൽക്കുന്നത്.

വിജി പെൺകൂട്ട് എന്ന വനിതയുടെ ഓരോ ഇടപെടലുകളും ഓരോ കേരളീയനും അഭിമാന നിമിഷമാണ്. ഇനിയും ഒരുപാട് വിജി 'പെൺകൂട്ട്'മാർ ഉയർന്നു വരട്ടെയെന്ന് പ്രാർത്ഥിക്കാം.

# രക്തവേലി



രക്തത്തിനാൽ തീർത്ത മുള്ളുവേലി
ഭാരതമെന്ന മതേതര ഭൂമി
കളിയായി ചിരിയായ് തീർത്ത ഭൂമി
സൈനിക നായകർ പണിത വേലി

അഭിമാന പുളകിതമാവുന്നു ഞങ്ങൾ
ധീര ജവാന്റെ ശിലയ്ക്ക് മുന്നിൽ
ആർത്തിരമ്പുന്ന ശത്രു സൈന്യത്തെ
നെഞ്ച് വിരിച്ച് നീ നേരിടുന്നു

മുസ്ലിമും ഹിന്ദുവും ക്രൈസ്തവനും
ഓർത്തിടുക നിങ്ങൾ സൈനികരേ
ചൂടും തണുപ്പും പേമാരിയും ഇല്ലാത്ത
പോരാടിടുന്നു ആ മനസ്സുകൾ

ത്രിവർണ്ണ പതാകയിൽ മൊട്ടിട്ട രക്തം
ധീരജവാന്റേതെന്നോർത്തിടുന്നു.
മറക്കില്ലൊരിക്കലും ഞങ്ങളീ രക്തം
നിറമാർന്ന മനസ്സോടെ ചൊല്ലിടുന്നു
'ഭാരത് മാതാ കീ ജയ്'

**സന**
ബി.എസ്‌സി. ബയോടെക്നോളജി, രണ്ടാം വർഷം

# യാത്രകൾക്കപ്പുറം

കണ്ടിരുന്നു അവരെ ഞാൻ
പലവട്ടം
എന്നിട്ടും പലപ്പോഴും ഞാൻ
കാണാതെ നിന്നു
നാളുകൾ കഴിയും തോറും
റോഡ് സൈഡിലും ഓടയിലും
അവരെ ഞാൻ കണ്ടപ്പോൾ
അറപ്പോടെ ഞാൻ നോക്കി നിന്നു.
പെട്ടെന്നൊരുനാൾ എന്നച്ഛൻ
വാഹനാപകടത്തിൽ
മരിച്ചപ്പോഴാണ്  എന്നമ്മയും
ആ വേഷം  കെട്ടിയത്.
തൊഴിലുറപ്പിന്റെ സേവന സങ്കൽപം!
പകുത്തു  നൽകിയപ്പോഴാണ്
ഞാൻ അന്നത്തിൻ വിലയറിഞ്ഞത്.
അതെ! ആ നിമിഷത്തിലാണ്
മധുര സ്വപ്നങ്ങൾക്കിടയിൽ,
പൂത്തു നിൽക്കുന്ന പൂക്കൾക്കിടയിൽ,
ഇയ്യാംപാറ്റകൾ പാറിക്കളിക്കുന്നത്
ഞാൻ കണ്ടത്.
നാലുവരികളിൽ കനലെരിയുന്ന
ജീവിതമെന്ന വാക്കിനർത്ഥം
കണ്ടെത്തിയത്.


ഞാൻ
പറഞ്ഞുനിർത്തി.
ഇനി
നിങ്ങൾക്ക്
പറയാം !

# ANNUAL REPORT OF
## EMEA COLLEGE OF ARTS AND SCIENCE, KONDOTTY
### FOR THE ACADEMIC YEAR 2018-19

**Dr. Ayoob C P**

With great pleasure I am presenting the 37th Annual Report of the EMEA College of Arts and Science. This report is a document of the major achievements in both curricular and extra-curricular areas. Besides continuing almost all the activities and programs of preceding years, this academic year has witnessed the introduction of several new initiatives with the aim of improving the academic atmosphere of the college.

The college has achieved significant leap ahead in fields such as academic improvement, faculty improvement, research and publication, conducting seminars and symposia, etc. Significant raise in the number of UGC NET/JRF holders, research publications, seminars and lectures organized and so on, have been marked during the academic year.

All departments and clubs have played their part by organizing various programs to enrich the academic year with vigorous programs and activities. Detailed report of the programs conducted under the banner of various departments and clubs are furnished below:

### RESEARCH DEPARTMENT OF ECONOMICS

The Department of Economics – the oldest department of the college has become the first research Department of the college as well in 2016. Dr. Ibrahim Cholakkal has been endowed with Research Guideship in this academic year. Dr. Ummer. EK who had been working as a faculty member of the department retired towards the end of the academic year.

Class wise PTA meetings of the Department were held during July and October 2018. The first phase of meeting was with the parents of the first year students on July 18th 2018. In these meetings students' involvement and progress in both academic and extracurricular activities, department's mission and vision, disciplinary measures of college and so on were explained to the parents.

The department organized an international seminar on transcending boundaries- transnational migration from malabar on 4th February 2019. Mr. Sebastian Castelier, from France, an International Journalist and Researcher on Migration, inaugurated the Seminar and interacted with the students. Dr. Shiby M Thomas, Associate Professor, St. Joseph's College, Devagiri, Kozhikkode, Presented a paper on "Gulf Migration- some theoretical issues".

As part of the inauguration of Economics Association, an Invited Lecture on 'India's Economic Development – A Different Approach' was organized on November 8th,

2018. Dr. Shibinu S, Assistant Professor, PSMO College, Tirurangadi presented a Paper on the various perspectives of India's economic development. The Research Centre of the Economics Department has organized a One Day Workshop on the topic "Synopsis Writing and Presentation "on 19-02-2019. Research Scholars Mr. Mohammed Nisar TV, Mrs. Soumya T, Mr. Saleel Ahammed and Mrs. Umaira presented papers on Synopsis writing and presentation. As part of the extension work, the Department conducted a Socio Economic Survey in the Ward 10 (Kumminiparamba ) of the Pallikkal Grama Panchayath on the 20th and 21st of February 2019. The students of the department collected data on the socio economic conditions of the families residing in the ward by visiting around 300 houses. A total of 60 students participated in the Survey.

## PG DEPARTMENT OF COMMERCE

The largest department of the college, PG Department of Commerce offers two undergraduate programs – B.Com Co-operation and B.Com Computer Application – and one postgraduate program – M.Com Finance. The department has 12 faculty members out of them two are registered for PhD.

On 20th June 2018, the department organized a skill development training on liquid painting in association with the Women Cell of the college. Mrs. Rugmini Nair (Chief Trainer Fevicry, Mumbai) handled the session. Students from various departments participated in the event. On 7th July 2018, a seminar on "Sustainable Society through Co-operation" in connection with International Co-operative Day celebration was organized by the department. A talk was given by Mr. Jamsheer. P (Junior Co-operative Inspector, Govt. of Kerala). As part of National Teachers Day celebration 5th September 20018, students of the department honored faculty members of the department. On 25th October 2018, a One Day Workshop on 'Statistical Technique Using SPSS was organized and Dr. Abdul Nazer. V (Assistant Professor of the PG Dept. of Commerce, PSMO College, Tiruragadi) handled the session on data analysis by using SPSS.

As part of International Disability Day observation, 3rd December 2018, Commerce Club of the department organized a motivational talk by Mr. Noufal P (VEO, Karuvarakundu) – a visually challenged person. The award for best visually challenged student was presented to Mr. Yusuf KN. On 19th December 2018, the Commerce Club organized an Inter-Department Business Quiz. Quiz Master Mr. Yazeen Muhammed (ASAP Trainer) moderated the quizzing.

On 11th & 12th February 2019, the PG Department organized South Indian Commerce and Management Meet - ComMet 20K19. Students of various institutes across South India participated in the mega event. Eminent personalities from the fields of commerce, management and business enriched the sessions with their esteemed presence as resource persons as well as guests for the program.

Besides academic activities, students of the department have been part of various co-curricular and extracurricular activities. Mr. Ijaz Ahmed represented Malppuram District Football Team for the Inter-District Senior Football Championship. Many other students excelled and grabbed various prizes in events like business meets, management meets, etc organized by various institutions. Ms. Juvairiya Sherin. NM of fourth semester M. Com cleared net for the second time.

## PG DEPARTMENT OF ENGLISH

The PG Department of English is fully fledged with 11 faculty members. The academic year 2018-19 witnessed tremendous activities of academic enrichment as well as of extracurricular nature.

Department wise PTA meeting started with the meeting of the Parents of the First year students on 18/07/2018. The department had conducted two invited lectures as part of the Invited Lecture Series that had been successfully happening for several years. The first lecture of this academic year was on 27/7/2018. And, Ms.Smitha Neravath, Assistant Professor, SDE, Calicut University, delivered a talk on the topic 'Kerala Modernity: Mahatma Ayyankali and After'. The second lecture in the series was on 'Studying Culture and Society: An Introduction to Cultural Studies' which was delivered by Dr.Mohammed Afzal.P, former Assistant Professor, Centre for Comparative Literature, HCU on 01/11/2018.

The department organized two national seminars during the academic year. The first one was on 17/12/2018 as a One Day Seminar on 'Literary Theory'. Dr.N.P.Ashley, Assistant Professor, St.Stephen's College, New Delhi delivered the keynote address. On 04/02/2019 another One Day Seminar on 'Margins in/of Literature' was organized. Prof.M.T.Ansari, Head, Centre for Comparative Literature, HCU delivered the keynote address. Dr. Manoj Kumar, SS University Kalady gave a special address. As part of the inauguration of English Association, Dr.Zahira Rahman, former HOD, SS

College, Areacode talked on the topic Practicing Feminism(s).

The department organized a two day literary and film festival – LitVanza on 21 &22 February 2019. Ms.Ajithri Babu, writer and scholar, inaugurated the function and delivered a talk on 'Women and literature'. That was followed by a performance by a team of professional folk artists 'Naadabrahmam'. On the second day, a film festival '9 Pen Cinemakal', featuring 9 short films by women, curated by actress Archana Padmini was conducted. That was followed by intense discussions on the themes and issues discussed in the films. As part of LitVanza, the department organized a 'book expo' in association with the Muammmed Ali Shihab Thangal Memorial College Library. Books covering various disciplines were exhibited and sold in the exhibition.

The students of the department have participated in different programs and fest organized by various institutes and grabbed first prize and made the college proud. The team of students of the department became the overall champions in the Literary Fest organized by Farook College.

## DEPARTMENT OF COMPUTER SCIENCE

Department of Computer Science conducted an International Conference on 14 January 2019 and the theme of the conference was " Robotics". The aim of the programme was to give awareness about Artificial Intelligence. Well experienced faculties from various institutions attended the Conference and interacted with the participants. The live demo of real robots and 3D printing attracted the students and also was informative to the participants. The department has organized a seminar on Secret of Deep web. In connection with Computer Science association inauguration, a seminar on Artificial Intelligence was conducted. A seminar was conducted by the department to introduce various tools in web programming and how to develop a startup company.

The students of BSc Computer Science have attended a training programme entitled "Odoo Workshop 2019" organized by Cybrosys Technology at Kinfra Techno Park, Calicut. This programme provided a detailed introduction to Odoo ERP basics and its extensive applications in different industry domains. The department also organized a One Day Workshop on Python and Django with hands on sessions to familiarize students with python programming.

## PG DEPARTMENT OF MICROBIOLOGY

The PG Department of Microbiology has conducted different programs to enrich the academic aura of the students during last academic year. On 18-7-2018, an Induction Program – Meet the Mentor was conducted. A talk on 'Molecular Approaches for Plant Disease Diagnosis' was held on 6.7.18 at the seminar hall. Dr. Silji Abraham delivered a talk on "molecular approaches for plant disease diagnosis".

The department has been functioning as a Water Potability Test Centre for a few years. During this academic year, as part of that the following activities were done: 1. Tested potability of more than 50 drinking water samples from various sources like schools and other institutions; 2. Cooperated with Pallikkal health centre in their safe drinking water program by analyzing potability of more than 20 water samples; 3. Conducted a training to students of Kottukkara HSS on isolation of bacteria from different soil types; 4. Conducted a training on water potability testing by MPN method to students of Govt Polytechnique Manjeri.

As a club activity, a Food Safety Supervisor (Advance level 2) Workshop was conducted on for two days (11th and 12th October 2018). Technical sessions were handled by eminent resource persons. More than 30 students from different colleges participated in the program. On 11.1.2019, a talk on "Tuberculosis and its diagnosis" was organized and Dr. Jyothi.E.K, Scientist at Sree Chitra Tirunal institute, Thiruvananthapuram delivered the lecture. Medical coding carrier orientation class was conducted for final year degree and PG students in collaboration with Arown academy, Calicut, on 01/02/2019. On 18/02/2019, Microbiology association was inaugurated by Dr.Dhiva.S, HOD, Dept. of Microbiology, S.N College, Alathur, and he gave a talk on "MICROBIOME".

Motivational class was conducted on 6.03.2019 by Sarath P Nair who is an author, Internationally Certified Trainer, coach and Co-Founder of Divine Ariel International. On 6-3-19, an Interactive session with an alumnus of the department was organized and Mr.Muhammed Nishad – working abroad as a quality control manager interacted with the students.

A Two Day International seminar on Advances in biosciences was organized by departments of Biosciences on 27-2-18 and 28-2-19 and students

and teachers of the department played their active parts in making the event a huge success.

## PG DEPARTMENT OF HISTORY AND WEST ASIAN STUDIES

The department offers a Post Graduate course in History and an undergraduate course in West Asian Studies. The department conducted several programs and activities during the last academic year. On 18-7-2018, an Induction Program – Meet the Mentor was conducted. On 28-9-2018 a One Day Workshop on 'Writing Local History' was organized and Dr.P.Shivadasan, (syndicate member, HoD, Department of History, university of Calicut) delivered a talk on "local history documentation". The Department first year meet ANTIQUE'18 was conducted and an orientation session was led by Mr. Mohammed shafi. T.

A one day seminar on "Ecological Imperialism in Malabar" was organized as part of the inauguration of west Asian studies association Inauguration. Dr.Abdul Rasheed ( Asst.Professor of History ,P.S.M.O College ,Tirurangadi) gave a lecture inaugurating the program. A One Day International Seminar on "Malabar and Indian Ocean World" was conducted on 7th December 2018. Md. Abu Salah (Asst.professor,Dhakka university ,Bangladesh), Dr. P.PABdul Razaq (associate professor,PSMO College, Tirooranagadi) and Mr. Arun Thomas (Asst.professor,Malappuram Govt. College) were the resource persons. A One day UGC NET/JRF orientation for Net aspirants in various disciplines was organized by the department of West Asian Studies on 7th February 2019 and Dr. Mohammed Nishad.T (Asst.professor, Farook College) handled the session. As part of the extension program of the department, a Workshop on Local History Writing was organized for the high school students on 16th February 2019.

## DEPARTMENT OF BIOTECHNOLOGY

The department of Biotechnology has been active in the college by excelling in the fields of various academic activities by promoting research aptitude of the students. World Environmental Day Celebration was organized on 28.06.2018 by the Department of Biotechnology in collaboration with Bhoomithrasena club. Dr. T. Abdul Majeed, Registrar, University of Calicut, inaugurated the programme. Dr. Harilal, Head, Environmental Science, University of Calicut was the Resource Person. On 28.09.18, the department conducted a blood grouping camp for college students. About 200 students utilized the opportunity.

World Ozone Day Celebration was organized on 29.09.18 by the Department of Biotechnology and Bhoomithrasena club. Dr. Hamidali, Co-ordinator, Green Corp, Malappuram District inaugurated the programme. In the same program, the inauguration of Biotechnology Association was done by Dr. Hamidali, Co-ordinator, Green Corp, Malappuram District.

On 05.12.18, a National seminar on Advances in Biosciences titled BIOCONFERENCE-18 was organized. Dr. M. Nasser, Director of Research, University of Calicut inaugurated the seminar. Dr. Sudhakar Shivasubramanyam, Head, Department of Biotechnology, MS University, Thirunelveli and Dr. Sreekumaran, Head, Dept. of Life sciences, University of Calicut delivered keynote address. About 260 students from various colleges and Universities participated and 12 research papers were presented.

A Two Day International seminar on Advances in biosciences was organized by departments of Biosciences on 27-2-18 and 28-2-19 and students and teachers of the department played their active parts in making the event a huge success.

During the academic year, department published a Research Paper in an International Journal and further 2 papers are accepted for publication.

## DEPARTMENT OF BIOCHEMISTRY

On 18/7/18, an Induction program was organized to first semester students with an objective of familiarizing the newly admitted students regarding the college and Department rules and regulations. Advanced learners and slow learners were identified by conducting an Entry Level Test and remedial classes were conducted for the slow learners. Advanced learners were included in the Principal's Club. On 11/9/18, a Bridge Course that gave an overview of different Biosystems -emphasizing its biochemical aspects was given. On 9/9/18, Fresher's party for the first year students was organized.

The inauguration of the Biochemistry Association was held on 28/1/19 and Dr. Sreekumaran.E Head of the Department, Department of Life sciences, University of Calicut was the chief guest. He inaugurated the Association by delivering a talk on the topic 'The Less Explored Brain'. The same day, an interactive session with the Alumna of the department and JRF holder – Ms.Sruthi . K was organized.

A Two Day International seminar on Advances in biosciences was organized by departments of Biosciences on 27-2-18 and 28-2-19 and students and teachers of the department played their active parts in making the event a huge success.

## DEPARTMENT OF BUSINESS ADMINISTRATION

On 17/07/2018, a program titled Meet the Alumni was organized which was characterized with a Motivational Class by a former student of the department, Ihsan Razi (Currently pursuing MBA in Central university of Karnataka). The department conducted inter department management meet EMINANCE 2K 18 on 8 October 2018. The special guest of the event was Advocate PV. Manaf. There were four events in the programme: Marathon quiz, Spot photography, Task management and Treasure Hunt.

Students of the department participated in south Indian management meet conducted by DCM College, Wagamon on 13/10/2018. On 15/10/2018 an IV was organized. The visit was to Securities and Exchange Board of India (SEBI) by the students of the first semester. It was organized with the aim to orient the students on the role and functions of SEBI in regulating the Capital Market and fostering investor protection. A total of 49 students along with two faculty members registered for the trip. An interactive workshop is given by Ms. Sareena , Assistant General Manager, SEBI. On 16/10/2018, as part of the second IV, the second Year students visited KINFRA, KAKKANCHERY for enhancing practical Knowledge in Business. From this visit the students gained the first hand experience about the manufacturing process of products such as Ice Cream, bread and plastic.

A Blood Donation Campaign was organized in collaboration with Calicut Medical College, on 17/10/2018. To encourage and inculcate research culture among the students, the department organized a Project Day observation for the final year BBA students and Mr.Ameerudheen (Former assistant professor, EMEA College) was the resource Person.

The BBA Association was inaugurated on 22/11/2018 by Adv. KN Shanavas and a Talk on the topic 'Business Without Investment' was given by Ms. Ayisha Sana. An inspiration talk by Mr. CP Shihabudheen and a table talk by Mr.Vaseel, PhD scholar from AMU on "Higher Education" were conducted on 18/12/2018 and 04/01/2019 respectively. On 07/01/2019, as part of Fresher's party an orientation program was organized for the first year students. A career guidance class for final year BBA Students was organized on 22/01/2019. Entrepreneurship club and Department of BBA jointly conducted a One Day Training on handicraft product making on 25/01/2018. Mrs.Jabeena and Mrs.Shareena gave training for the trainees.

A One day workshop on 'Higher Education' in association with Farook Institute of Management Studies (FIMS) was organized on 29/01/19. Dr.Shaji kuriakose (Director,FIMS) Presented a paper on 'Scope of Management Education'; Prof. Ahmed Riyas(vice director,FIMS) Presented a paper on 'Interview Skills' and Prof. Arun Velayudhan (Faculty Member,FIMS) Presented his paper on Aptitude And Logical Reasoning.

The students of the department have participated and grabbed prizes in different management meets and festivals organized by various institutes across the state.

## DEPARTMENT OF PHYSICAL EDUCATION

The college organized an All India Inter University Body Building Championship during 17.18,19-Nov-2018. 350 body builders from 75 universities across the country participated in the championship. For the first time in the history of EMEA college, football team qualified for the A. division football championship. College football team secured second runner up and qualified for the inter zone. College volleyball team became the Calicut University B. Zone champions and also the runners up of District Senior Volleyball Championship.

The Weight Lifting team of the college became the winners of Malappuram district weightlifting championship and the second runner up in Calicut University inter collegiate weightlifting championship. The sports quota students rendered their one day services for "Shelter for the needy" programme of college NSS unit. The Physical Education Department of the college hosted Calicut University B.Zone badminton championship at Century Auditorium, Malappuram. The department, in collaboration with the General Captain of Student's Union organized Football, Volleyball, Chess, Basketball, Cricket and Athletics championships.

During this academic year, the construction of Basket Ball court and the fencing and renovation of

Volleyball court were completed. The department also hosted Malappuram District youth volleyball team coaching camp. The department conducted open course for fifth semester degree students of the college. Students from various departments who have been enrolled in the sports quota have brought laurels to the college from different scenarios. Many of them have won several medals while a few of them got selected to district/state teams.

## INTERNAL QUALITY ASSUARANCE CELL (IQAC)

IQAC of the college organized a program on 13/09/2018 at Audio Visual Theatre honor UGC-NET Holders and a NET orientation work also ogranised. The program was inaugurated by the Principal, Dr. Ayoob.C.P in the presence of Dr. Zacaria.T.V (NAAC&RUSA coordinator), Dr.Ibrahim Cholakkal (IQAC Coordinator) and all the HODs. A total of 15 students (8-NET), (1-JRF) and (6-CMA) were honored. Heads of three PG departments (Economics, English and Commerce) and Mr. Zubair Wafi (UGC-NET coaching centre office in charge) were also honored. In the second session, Mr. Abdurahiman (PhD Scholar and NET trainer) handled a NET orientation class for the PG students.

IQAC conducted the Alumni Awards 2019 on 26/03/2019. 03-04-2019 to 06-04-2019, the college IQAC conducted CALEM workshop (under the Scheme of PMMMNMTT HRD Ministry, Govt. of India) in association with AMU Aligarh.

## STUDENTS ADVISORY SCHEME

The students Advisory Scheme is one of the novel programs introduced in this academic year. The aim of this scheme is to enhance the role of advisors and transform them as effective mentors. As part of this scheme, after conducting preliminary entrance test, a group of students (Advanced learners) under the title 'Principal's Club' is selected and has been given proper mentoring and training in various fields. On 06/09/18 & 18/09/18 for the selection of Advanced Learners for Principal Club, the committee of Students Advisory Scheme conducted entrance examination for all first year students. Based on the entrance score and plus two marks, 54 students have been selected as advanced learners of 2018 admission batch.

The Team Incubation, an NGO working in the field of career guidance based in Calicut led interactive higher education orientation programmes (PathFinder) for the second year and the third year UG students. The programme for Commerce and BBA students were held on 19/09/2018, and for Humanities and Social Science students on 09/10/2018. The programme for science students was held on 16/10/2018. For attending the International UN Youth Summit organised by Markaz Kozhikode, a professional training was imparted on 08/10/208 for the members of Principal Club. The trainers from the Markaz Knowledge City led the sessions.

Advanced Learners of Principal Club and the Walk With Scholars interacted with Dr.Sasi Tharoor M.P. The session was led by the General Secretary of EMEA Jb. P.K Basheer MLA and College Principal Dr.AyoobKeyi.

## PROFESSIONAL DEVELOPMENT PROGRAMME (PDP)

